# പഞ്ചായത്ത് രാജ്

പുസ്തകം 51 ◆ ലക്കം 12
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
മാർച്ച് 2012



## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ്








# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 'ഗ്രാമസഭകളെ ജീവസുറ്റതാക്കും'
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

8 ഇ-ഗവേണൻസ്:
അനന്ത സാദ്ധ്യതകളുടെ വാതായനം
ഡോ. എം.കെ. മുനീർ

11 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ
ഇ-ഗവേണൻസ്: ഇൻഫർമേഷൻ
കേരള മിഷന്റെ പങ്ക്
ഡോ. എം. ഷംസുദ്ദീൻ

13 ഇൻഫർമേഷൻ കേരള മിഷൻ
സ്വതന്ത്ര സോഫ്റ്റ്‌വെയറിലേക്ക്
അബ്ദുൽ ബഷീർ പി.കെ



15 സംവേദിത:
വെബ്സൈറ്റ് പരിപാലിക്കുന്നതിന്
ഗിരിജ .കെ

16 ജനന മരണ വിവാഹ
സർട്ടിഫിക്കറ്റുകൾ:
ഒരു മൗസ് ക്ലിക്ക് അകലെ
പി. സുരേന്ദ്രൻ പിള്ള

ഹോസ്പിറ്റൽ കിയോസ്ക്ക് 17

വിവാഹ രജിസ്ട്രേഷൻ
ഇ-ഫയലിംഗിലൂടെ 19



20 ഇ-ഗവേണൻസും
സാമൂഹ്യസുരക്ഷാ പെൻഷനുകളും
എ.എം. മോഹനൻ നായർ

22 സുലേഖ:
വികേന്ദ്രീകൃതാസൂത്രണം
കാര്യക്ഷമമാക്കാൻ
ലക്ഷ്മി. ജെ, ജയശ്രീ. എസ്






24 സഞ്ചയ:
നികുതികൾ: ഇ-പെയ്മെന്റിലൂടെ
ജി. നാരായണൻ നമ്പൂതിരി

26 സുഗമ:
മരാമത്ത് പ്രവൃത്തികളുടെ
നടത്തിപ്പിന്
എൻ. അപ്പുക്കുട്ടൻപിള്ള

28 ഇ-ഗവേണൻസിൽ
ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ
സിസ്റ്റത്തിന്റെ പ്രസക്തി
ജയകുമാർ .വൈ

30 സൂചിക:
ഫ്രണ്ട് ഓഫീസ് സംവിധാനം
കാര്യക്ഷമമാക്കാൻ
രഞ്ജിത് എ.കെ.

31 സാംഖ്യ:
കമ്പ്യൂട്ടർവൽക്കൃത ഡബിൾ
എൻട്രി അക്കൗണ്ടിംഗ്
ഉദയഭാനു കണ്ടേത്ത്

32 പ്രാദേശിക മാനവ വികസന
റിപ്പോർട്ടും ആസൂത്രണവും
ആൽജോ സി. ചെറിയാൻ

35 ഗ്രാമസ്മൃതികൾ ഉണർത്തി
ഗ്രാമയാത്ര
പഞ്ചായത്ത് ന്യൂസ് സർവ്വീസ്



39 മാമ്പുഴ പുനർജനിക്കുന്നു !!!
എ.പി. പീതാംബരൻ



40 തേഞ്ഞുമാഞ്ഞു പോകുന്ന
മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

42 വാർത്തകൾ വിശേഷങ്ങൾ

# കത്തുകൾ




## ആശ്വാസം പകരുന്ന വാർത്ത

2012 ഫെബ്രുവരി ലക്കം പഞ്ചായത്ത്‌രാജ് മാസികയിൽ പ്രസിദ്ധീകരിച്ച ജനനസർട്ടിഫിക്കറ്റിലെ പേരു തിരുത്താമെന്ന വാർത്തയാണ് ഈ കുറിപ്പിനാധാരം. ജനനരജിസ്ട്രേഷൻ സമയത്തോ അതിനുശേഷം കുട്ടിയെ സ്ക്കൂളിൽ ചേർക്കുന്നതിന് മുൻപോ കുട്ടിയുടെ പേര് തെറ്റായി ജനന രജിസ്ട്രേഷനിൽ ചേർത്തു പോയിട്ടുണ്ടെങ്കിൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷയുടെയും സ്ക്കൂൾ രേഖയുടെയും അടിസ്ഥാനത്തിൽ സ്ക്കൂൾ രേഖ പ്രകാരമുള്ള പേരു ചേർക്കാമെന്ന സർക്കുലർ നല്ലൊരു ശതമാനം രക്ഷിതാക്കൾക്കും ആശ്വാസം പകരുന്നതാണ്. പലവിധ കാരണങ്ങളാൽ അറിഞ്ഞും അറിയാതെയും ജനനരജിസ്ട്രേഷനിൽ വന്നുപോയ പിഴവുകൾ തിരുത്തുന്നതിനായി വർഷങ്ങളായി അപേക്ഷയുമായി വിവിധ ഓഫീസുകളിൽ കയറി ഇറങ്ങി നിരാശരായവർക്ക് പരിഹാരമാർഗ്ഗമായിരിരിക്കും പ്രസ്തുത സർക്കുലർ. രജിസ്ട്രേഷൻ യൂണിറ്റുകളിൽ ഇതുമൂലം നല്ലൊരു ശതമാനം പരാതികളും തീർപ്പാക്കുവാൻ കഴിയുമെന്നതിൽ തർക്കമില്ല.

**ബിജോയ് എസ്,** വേങ്ങൂർ, എറണാകുളം

## ഭവനനിർമ്മാണ പദ്ധതി - ധനസഹായ തുക വർദ്ധിപ്പിച്ചു

എല്ലാ ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താക്കൾക്കും പദ്ധതി വിഹിതത്തിൽ നിന്നും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് യൂണിറ്റ് കോസ്റ്റ് ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും 2,00,000/- (രണ്ടു ലക്ഷം) രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 2,50,000/- (രണ്ടു ലക്ഷത്തി അൻപതിനായിരം) രൂപയായും വർദ്ധിപ്പിച്ച് 15.09.2011 മുതൽ പ്രാബല്യം നൽകി ഉത്തരവായി. 15.9.2011-ന് ശേഷം മുഴുവൻ പണിയും നടത്തുന്നവർക്ക് മുഴുവൻ തുകയും 15.09.2011 ന് മുൻപ് ഒന്നോ അതിലധികമോ ഘട്ടങ്ങൾ പൂർത്തീകരിച്ച് ധനസഹായം സ്വീകരിച്ചവർക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ഉത്തരവു പ്രകാരം ഭേദഗതി ചെയ്ത ആനുപാതിക വർദ്ധനവുമായിരിക്കും ബാധകമാകുന്നത്. (സ.ഉ (എം.എസ്) നം: 52/2012/തസ്വഭവ, തീയതി 27.02.2012).

## വസ്തു നികുതി കുടിശ്ശിക: പിഴപ്പലിശ ഒഴിവാക്കി

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട കെട്ടിട നികുതി കുടിശ്ശിക വരുത്തിയവർക്ക് പിഴപ്പലിശ ഒഴിവാക്കി കുടിശ്ശിക നികുതി ഒറ്റത്തവണയായി അടയ്ക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ഈ ആനുകൂല്യം 15.03.2012 വരെ നികുതി അടയ്ക്കുന്നവർക്ക് മാത്രമായിരിക്കും. (സ.ഉ.(സാധാ) 571/2012/തസ്വഭവ, തീയതി 24.02.2012)

## ലൈസൻസ് നൽകൽ ചട്ടങ്ങളുടെ വിജ്ഞാപന തീയതി ദീർഘിപ്പിച്ചു

കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതി, വിജ്ഞാപന തീയതി മുതൽ രണ്ടുവർഷത്തേക്ക് നീട്ടി ഉത്തരവായി. 2011 ജനുവരി 25 നാണ് മേല്പറഞ്ഞ ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിരുന്നത്. ചട്ടങ്ങൾ സംബന്ധിച്ച് ധാരാളം പരാതികൾ സർക്കാരിൽ ലഭിച്ച സാഹചര്യത്തിൽ ചട്ടം പുനപരിശോധിക്കാൻ ഉദ്ദേശിക്കുന്നതുകൊണ്ടാണ് വിജ്ഞാപന തീയതി നീട്ടിയത്. (സ.ഉ(സാധാ) നം : 612/2012/തസ്വഭവ, തീയതി 27.2.2012).

## ഭവന-ഭൂരഹിതരായവർക്ക് വീട് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്ന പദ്ധതി-സബ്സിഡി തുക വർദ്ധിപ്പിച്ചു

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭൂമി വാങ്ങുന്നതിന് നൽകി വരുന്ന ധനസഹായം, ഗ്രാമപ്രദേശങ്ങളിൽ ഭൂമി വാങ്ങുന്നതിന് ഒന്നര ലക്ഷം രൂപയായും മുനിസിപ്പാലിറ്റിയിൽ ഭൂമി വാങ്ങുന്നതിന് ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപയായും കോർപ്പറേഷനിൽ രണ്ട് ലക്ഷം രൂപയായും വർദ്ധിപ്പിച്ച് 25.08.2011 ലെ സ.ഉ.(കൈ)87/2011/പജ.പവ.വിവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭൂമി വാങ്ങുന്നതിന് നൽകി വരുന്ന ധനസഹായം, ഗ്രാമപ്രദേശങ്ങളിലെ ഭൂമി വാങ്ങുന്നതിന് ഒന്നരക്ഷം രൂപയായും, മുനിസിപ്പാലിറ്റിയിൽ ഭൂമി വാങ്ങുന്നതിന് ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപയായും കോർപ്പറേഷനിൽ ഭൂമി വാങ്ങുന്നതിന് രണ്ട് ലക്ഷം രൂപയായും വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭവന-ഭൂരഹിതരായവർക്ക് വീട് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങി നൽകുന്നതിന് തയ്യാറാക്കിയിട്ടുള്ള പട്ടികയിൽ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയിൽ ഇനിയും ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് അടുത്ത വർഷം ആവശ്യത്തിന് ഫണ്ട് ബജറ്റിൽ ഉൾപ്പെടുത്തേണ്ടതാണെന്നും ഈ സാമ്പത്തിക വർഷത്തെ മൊത്തം ചെലവ് ബജറ്റ് വിഹിതത്തിനുള്ളിൽ തന്നെ നിജപ്പെടുത്തേണ്ടതാണെന്നും ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണം വാങ്ങേണ്ടതാണെന്നുള്ള നിബന്ധനയോടുകൂടി വീട് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനുള്ള സബ്സിഡി തുക യഥാക്രമം ഒന്നരലക്ഷം, ഒരു ലക്ഷത്തിഎഴുപത്തയ്യായിരം, രണ്ടു ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവു പുറപ്പെടുവിച്ചു. (സ.ഉ.(എം.എസ്)നം. 59/2012/തസ്വഭവ, തീയതി 06.03.2012).


# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മാർച്ച് 2012
പുസ്തകം 51
ലക്കം 12
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് വകുപ്പ് മന്ത്രി

അംഗങ്ങൾ
**ജെയിംസ് വർഗ്ഗീസ്,** ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**എ. ഫിറോസ്**
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**ജെ. സദാനന്ദൻ**
പഞ്ചായത്ത് ഡയറക്ടർ (അഡീഷണൽ ചാർജ്ജ്)



എഡിറ്റർ (അഡീഷണൽ ചാർജ്ജ്)
**ജെ. സദാനന്ദൻ**
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321280



കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


# എഡിറ്ററുടെ പേന

## തദ്ദേശഭരണസ്ഥാപനങ്ങളിലെ ഇ-ഗവേണൻസ്

വിവര വിനിമയ സാങ്കേതിക വിദ്യയുടെ ആധുനിക പ്രവണതകൾ ഉപയോഗപ്പെടുത്തി, ഇ-ഗവേണൻസിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അവയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിന് പ്രാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇൻഫർമേഷൻ കേരള മിഷന്റെ (ഐ.കെ.എം) നേതൃത്വത്തിൽ കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലമായി നടന്നുവരികയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസനക്ഷേമഭരണ നിർവ്വഹണ രംഗത്ത് പ്രവർത്തിപ്പിക്കാൻ കഴിയുന്ന 16 സോഫ്റ്റ്‌വെയറുകളാണ് ഐ.കെ.എം. വികസിപ്പിച്ചിട്ടുള്ളത്. ഇവയിൽ മിക്കതും വിന്യസിച്ചിട്ടുമുണ്ട്. ജനന, മരണ, വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സേവന ആപ്ലിക്കേഷൻ സിവിൽ രജിസ്ട്രേഷൻ രംഗത്ത് വിപ്ലവകരമായ മാറ്റമാണ് ഉണ്ടാക്കിയിരിക്കുന്നത്. കേരളത്തിൽ നടക്കുന്ന സിവിൽ രജിസ്ട്രേഷന്റെ 99.99 ശതമാനവും 'സേവന' മുഖേനയാണ് ഇന്നു നടത്തുന്നത്. ജനനമോ മരണമോ രജിസ്റ്റർ ചെയ്താൽ 24 മണിക്കൂറിനകം സർട്ടിഫിക്കറ്റ് നൽകാൻ ഇന്ന് കഴിയുന്നുണ്ട്. മാത്രമല്ല, സർക്കാരിന്റെ ഡേറ്റാ സെന്ററിലേക്ക് വിവരങ്ങൾ അപ്‌ലോഡ് ചെയ്ത രജിസ്ട്രേഷൻ യൂണിറ്റുകളിലെ സർട്ടിഫിക്കറ്റുകൾ വെബ്സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് നേരിട്ട് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നതിനും കഴിയും. ജനനവും മരണവും തൽസമയം രജിസ്റ്റർ ചെയ്യുന്ന 'ഹോസ്പിറ്റൽ കിയോസ്ക്കുകൾ' 113 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 417 ആശുപത്രികളിൽ പ്രവർത്തിക്കുന്നുണ്ട്. സിവിൽ രജിസ്ട്രേഷൻ വിവരങ്ങൽ എസ്.എം.എസ് സന്ദേശങ്ങൾ വഴി അറിയിക്കുന്നതിനും പൊതുവിവാഹ രജിസ്ട്രേഷൻ ഇ- ഫയലിംഗ് വഴി നടത്തുന്നതിനും സംവിധാനങ്ങൾ തയ്യാറായി കഴിഞ്ഞു.

സമൂഹത്തിലെ ദുർബ്ബല ജനവിഭാഗങ്ങൾക്ക് ലഭിക്കുന്ന സാമൂഹ്യ പെൻഷനുകൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നും അലോട്ട്മെന്റ് ലഭിച്ചാലുടൻ തന്നെ സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് 'സേവന പെൻഷൻ' ആപ്ലിക്കേഷനിലൂടെ സാധിക്കുന്നു. നഗരസഭകളിലും മുന്നൂറിലധികം പഞ്ചായത്തുകളിലും പ്രവർത്തിക്കുന്ന 'സാംഖ്യ' ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം ഈ വർഷം തന്നെ മുഴുവനിടത്തും വ്യാപിപ്പിക്കുന്നതോടെ അക്കൗണ്ടിംഗ് രംഗത്ത് കേരളം രാജ്യത്തിനു മാതൃകയായി തീരും. ഇതോടുകൂടി കൈകൊണ്ടെഴുതുന്ന രജിസ്റ്ററുകളും അപ്രത്യക്ഷമാകും. വികേന്ദ്രീകൃതാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സുലേഖ, ഫ്രണ്ട് ആഫീസ് സംവിധാനം പ്രവർത്തനക്ഷമമാക്കുന്ന സൂചിക തുടങ്ങിയ മറ്റു സോഫ്റ്റുവെയറുകളും പരാമർശമർഹിക്കുന്നുണ്ട്. കൈമാറികിട്ടിയ സ്ഥാപനങ്ങളെ പഞ്ചായത്ത് ആഫീസുമായി കംപ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന സംവിധാനവും പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ കാര്യക്ഷമമായി ഇ-ഗവേണൻസ് നടപ്പാക്കുന്നതിന് സർക്കാർ വളരെയധികം പ്രാധാന്യമാണ് കല്പിക്കുന്നത്. അതിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് വാങ്ങാവുന്ന കമ്പ്യൂട്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിന് കരാറിലേർപ്പെടേണ്ട സ്ഥാപനങ്ങളെ ഓരോ ജില്ലയ്ക്കും നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം ഇന്നുള്ളതിലും മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. പ്രാദേശിക ഭരണനിർവഹണം ഇ-ഗവേണൻസിൽ നിന്നും എം-ഗവേണൻസിലേക്ക് (മൊബൈൽ) ഉയർത്തുന്നതിനും നടപടികൾ കൈക്കൊണ്ടുവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള ആഫീസുകളുമായി ബന്ധിപ്പിച്ച് വീഡിയോ കോൺഫറൻസിംഗ് നടത്തുന്നതിനുള്ള സംവിധാനവും ആലോചനയിലുണ്ട്.

കേരളത്തിൽ പൊതുജനങ്ങൾക്ക് ആവശ്യമായ ഒട്ടുമിക്ക സേവനങ്ങളും പ്രദാനം ചെയ്യുന്ന പ്രധാന സേവനദാതാക്കളായി നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറിയിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവട്ടെ, സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിനോടൊപ്പം വികസന ക്ഷേമ ഭരണ നിർവ്വഹണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ ഭാരിച്ച ഉത്തരവാദിത്തവുമുണ്ട്. ആധുനിക വിവര സാങ്കേതികവിദ്യയുടെ സർവ്വ സാദ്ധ്യതകളും പ്രയോജനപ്പെടുത്തി ജോലിഭാരം ലഘൂകരിച്ചുകൊണ്ടുമാത്രമേ വർത്തമാനകാലം ആവശ്യപ്പെടുന്ന വേഗതയിൽ സേവനങ്ങളും വികസന കാര്യങ്ങളും നിർവ്വഹിക്കാൻ കഴിയൂ. ഇ-ഗവേണൻസിന്റെ ഗുണഫലം ജനങ്ങളിലെത്തിക്കുന്നതിന് ഇനിയും വളരെയേറെ മുന്നോട്ടുപോകേണ്ടതുണ്ട്. അതിനായി ഇച്ഛാശക്തിയോടെ വരും നാളുകളിൽ കൂട്ടായി പ്രവർത്തിക്കാം.

പഞ്ചായത്ത് രാജ്

# ഗ്രാമസഭകളെ ജീവസുറ്റതാക്കും

**പതിമൂന്നാം കേരള നിയമസഭയുടെ നാലാമത് സമ്മേളനത്തിൽ ഗവർണർ എച്ച്.ആർ. ഭരദ്വാജ് 2012 മാർച്ച് 1ന് നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ നിന്ന്...**

"എന്റെ സർക്കാർ, അതിന്റെ പ്രതീക്ഷാത്മകമായ വികസന കാഴ്ചപ്പാടിന് അനുസൃതമായി, 40,022 കോടി രൂപ അടങ്കൽ തുകയുള്ള പതിനൊന്നാം പഞ്ചവത്സരപദ്ധതിയുടെ സ്ഥാനത്ത്, 2012 ഏപ്രിൽ 1 മുതൽ നടപ്പിലാക്കുന്നതിനുള്ള 1,05,000 കോടി രൂപ അടങ്കൽ തുകയുള്ള പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിക്കായുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്....

....തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവലംബിച്ചിരിക്കുന്ന "ഫൈവ് ഇയർ പ്ലാൻ സൈക്കിളിന്" സമാനമായ രീതിയിലേക്ക് മാറുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുകയും ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിൽ ഒരു വൻ മുന്നേറ്റം ഉണ്ടാക്കുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നു....

....കേരളം, പ്രത്യേകിച്ചും കഴിഞ്ഞ രണ്ടു ദശകങ്ങളിലായി ഫലപ്രദവും പങ്കാളിത്തത്തോടുകൂടിയതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മികവാർന്ന ഒരു ശ്രേണി പടുത്തുയർത്തിയിട്ടുണ്ട്. സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നത് മെച്ചപ്പെടുത്തുന്നതിന് അവയുടെ നടത്തിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാക്കുക എന്നത് പരമ പ്രധാനമാണെന്ന് എന്റെ സർക്കാർ തിരിച്ചറിയുന്നു. ആദ്യമായി, ഗ്രാമ പഞ്ചായത്തുകൾ നൽകിവരുന്ന വിവിധ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുകയുണ്ടായി. 'സാംഖ്യ' (Sankhya) എന്ന കംപ്യൂട്ടർവൽകൃത ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ 'ഗ്രാമങ്ങളിലേക്ക്' എന്ന ലക്ഷ്യത്തോടെ 'ഗ്രാമയാത്ര' നടത്തുന്നതും വാർഡുതല 'ജനകീയ കമ്മീഷൻ' ഗ്രാമസഭകളുടെ പ്രവർത്തനം സംബന്ധിച്ച് പഠനം നടത്തുന്നതും ഈ സംവിധാനത്തിലെ ന്യൂനതകൾ കണ്ടെത്തുന്നതുമാണ്. ഈ ന്യൂനതകൾ പരിഹരിക്കുന്നതിനും ഗ്രാമസഭകളെ തദ്ദേശ ജനാധിപത്യത്തിന്റെ ക്രിയാത്മകവും ജീവസ്സുറ്റതും ആയ യന്ത്രങ്ങളാക്കുന്നതിനും എന്റെ സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. വരുന്ന റൂറൽ ഗ്ലോബൽ മീറ്റിൽ ജനകീയ കമ്മിഷന്റെ സമാഹൃത റിപ്പോർട്ടുകൾ അവതരിപ്പിക്കുന്നതാണ്. നാടൻ കലകളുടെ പുനരുജ്ജീവനം, സായാഹ്ന സാംസ്ക്കാരിക കൂട്ടായ്മകൾ, കലാ-കായിക വിനോദങ്ങൾ എന്നിവ ലക്ഷ്യമിട്ട് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കലാഗ്രാമങ്ങൾ ആരംഭിക്കുന്നതാണ്. വമ്പിച്ച ജനശ്രദ്ധ ആകർഷിച്ച പാലിയേറ്റീവ് കെയർ പ്രോഗ്രാം ശേഷിക്കുന്ന പഞ്ചായത്തുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതാണ്. ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ സഹകരണത്തോടെ 'സീറോ വേസ്റ്റ്' കർമ്മ പരിപാടി പ്രോത്സാഹിപ്പിക്കുന്നതിനായി 100 പഞ്ചായത്തുകളിൽ കൂടി 'ഗ്രീൻ ടെക്നോളജി സെന്റർ'(Green Technology Centres)കൾ ആരംഭിക്കുന്നതാണ്. എന്റെ സർക്കാർ, ഭരണ നിർവ്വഹണത്തിന്റെയും നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉന്നത നിലവാരമുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും നൽകുകയും ചെയ്യുന്നതിൽ സുപ്രധാനമായ സ്ഥാനം കൈവരിച്ച 'കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) ഒരു കൽപ്പിത സർവ്വകലാശാലയായി അംഗീകരിച്ചുകിട്ടുന്നതിനായി നടപടി സ്വീകരിക്കുന്നതാണ്....

....ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും മാലിന്യ നിർമ്മാർജ്ജനത്തിന് കേരളം പോലെ ജനസാന്ദ്രതയുള്ള സംസ്ഥാനം അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ എന്റെ സർക്കാർ മനസ്സിലാക്കുന്നു. മാലിന്യ സംസ്ക്കരണത്തിൽ, ഒന്നാമതായി പ്ലാസ്റ്റിക് ഉൾപ്പെടെ ജൈവവിഘടിത തോത് കുറഞ്ഞ മാലിന്യമായും ഓർഗാനിക്കും ജൈവഘടിതവുമായ മാലിന്യമായും തരംതിരിക്കുകയും രണ്ടാമതായി, വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ യൂണിറ്റുകൾക്ക് ഊന്നൽ നൽകുകയും മൂന്നാമതായി ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു ത്രിമാന തന്ത്രം സ്വീകരിക്കുന്നതാണ്. ഇത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട എല്ലാവരുടെയും ധാരണയോടെയും സഹകരണത്തോടെയും ഉചിതമായ പരിഹാരങ്ങളും നയങ്ങളും കണ്ടെത്തേണ്ടതുണ്ട്. വിവിധ നഗര-തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്ക്കരണത്തിനുള്ള സൗകര്യങ്ങൾ സാങ്കേതികമായി ഉയർത്തുന്നതിനാണ് പ്രധാനമായും ശ്രദ്ധപതിപ്പിക്കേണ്ടത്. ഇതിനായി പ്രധാനപ്പെട്ട നഗര-തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 'ശുചിത്വ വർഷം പ്രോജക്ടി'ന്റെ ഭാഗമായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഒലിച്ചിറങ്ങാത്തതും ദുർഗന്ധമുണ്ടാക്കാത്തതും കൂട്ടിയിടുകയോ കുഴിച്ചുമൂടുകയോ ചെയ്യേണ്ടതില്ലാത്ത ശുചിത്വമുള്ളതും മാലിന്യമുക്തവുമായ സാങ്കേതികവിദ്യകളായ നീറ്റൽ, ഇക്കോസൈക്കിളിംഗ്, പൈറോളിസിസ് പോലുള്ള ആധുനിക ഖരമാലിന്യ നിർമ്മാർജ്ജന ഉപാധികൾ എല്ലാ പ്രധാനപ്പെട്ട നഗര-തദ്ദേശ ഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതാണ്. കേരളത്തിൽ പ്രാദേശിക മാലിന്യസംസ്ക്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. വീടുകളിലും സ്ഥാപനങ്ങളിലുമുള്ള ഖരമാലിന്യങ്ങളുടെ ഉറവിടത്തിൽ തന്നെ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുകയും പ്ലാസ്റ്റിക് ചെറുകഷണങ്ങളാക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതുമാണ്. മാലിന്യമുക്ത കേരളം (Waste-free-Kerala) കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതാണ്. കേരളത്തിന് 'നിർമ്മൽ സ്റ്റേറ്റ്' പദവി ഉറപ്പ് വരുത്തുന്നതിന് സമ്പൂർണ്ണ ശുചിത്വം ക്യാംപെയിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതാണ്....

....സംസ്ഥാനത്തുടനീളം ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണ നിർവ്വാഹകർ ചുമതലയേറ്റ കുടുംബശ്രീയെ സംബന്ധിച്ചിടത്തോളം 2012 പ്രത്യേക പ്രാധാന്യമുള്ള വർഷമാകുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള 'ആജീവിക' (Aajeevika) എന്ന അഭിമാനാർഹമായ കേന്ദ്ര പദ്ധതി ഈ വർഷം സമാരംഭിക്കുന്നതാണ്. കുടുംബശ്രീയിലുള്ള 38 ലക്ഷം സ്ത്രീകളുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന എം.ഐ.എസ് (MIS)ഉം ഡിജിറ്റൽ ഡാറ്റാ ബേസും കമ്മ്യൂണിറ്റി നെറ്റ്‌വർക്കുകളെ ഇ-ഗവേണൻസിന്റെ ലോകത്തേക്ക് കടക്കുന്നതിന് പ്രാപ്തമാക്കുകയും ആയത് പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള വിശാലമായ അവസരങ്ങൾ തുറന്നുകൊടുക്കുന്നതുമാണ്. അഗതികളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയുള്ള ആശ്രയപദ്ധതി, ഒഴിവായിപോയിട്ടുള്ള അഗതികളെ കൂടി ഉൾപ്പെടുത്തുംവിധവും ദരിദ്ര കുടുംബങ്ങൾക്ക് നൽകിവരുന്ന സഹായം മെച്ചപ്പെടുത്തുംവിധവും നവീകരിക്കുന്നതാണ്. കുടുംബശ്രീയും നാഷണൽ ഹോർട്ടികോർപ്പ് മിഷനും നാളികേരവികസന ബോർഡും സംയുക്തമായി കാർഷിക വിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതാണ്. എൽ.എസ്.ജി. (LSG) ഗവേണൻസിന്റെ വികസനത്തിനും ശക്തിപ്പെടുത്തലിനും നിർണ്ണായകമാകുന്ന പ്രധാനപ്പെട്ട വിവിധ ഇ-ഗവേണൻസും എം-ഗവേണൻസും (മൊബൈൽ) പദ്ധതികൾ ഇൻഫർമേഷൻ കേരള മിഷൻ മുഖേന നടപ്പിലാക്കുന്നതാണ്. സംസ്ഥാനത്ത് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ സ്വയം സഹായക സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണ്....

....കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളെയും ഗ്രാമപഞ്ചായത്തുകളെയും ഉൾപ്പെടുത്തിക്കൊണ്ട് 200 മില്ല്യനിലധികം അമേരിക്കൻ ഡോളർ അടങ്കൽ വരുന്ന ഒരു ബൃഹത്തായ പുതിയ ലോകബാങ്ക് വികസന പദ്ധതി ആരംഭിക്കുന്നതാണ്. ഈ വർഷം തിരുവനന്തപുരത്ത് ഒരു പൈലറ്റ് പദ്ധതിയോടെ, കേരളത്തെ ഒരു ചേരിരഹിത സംസ്ഥാനമാക്കുന്നതിന് പ്രധാന കോർപ്പറേഷനുകളിൽ രാജീവ് ആവാസ് യോജന നടപ്പിലാക്കുന്നതാണ്....

....പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത്, എന്റെ സർക്കാർ, ഗ്രാമീണ വികസന പദ്ധതികളുടെയും എല്ലാ കേന്ദ്രസഹായ പദ്ധതികളുടെയും നടപ്പാക്കലിനുവേണ്ടി ഫലപ്രദവും കൂട്ടായതുമായ നടപടികൾ സ്വീകരിക്കുന്നതാണ്. മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് (NREGS)നു കീഴിൽ, ഓരോ കുടുംബത്തിലെയും ഒരാളിന് 100 ദിവസത്തെ തൊഴിൽ നൽകുന്നതിന് സംസ്ഥാനത്തെ അനുവദിച്ചിരുന്നെങ്കിലും ഈ പദ്ധതിയിൻ കീഴിൽ 701.60 കോടി രൂപയുടെ മൊത്തം ചെലവോടെ, 42 ദിവസത്തെ തൊഴിൽ നൽകുവാനേ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുള്ളൂ. നടപ്പു വർഷത്തിൽ ചെലവ് ഇരട്ടിയാക്കാൻ എന്റെ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മിക്കവാറും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും വാട്ടർഷെഡ് മാനേജ്മെന്റ് പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. പദ്ധതിച്ചെലവിന്റെ 40% സാധന സാമഗ്രികൾക്കുവേണ്ടി ചെലവഴിക്കാൻ പഞ്ചായത്തുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. എന്റെ സർക്കാർ, എല്ലാ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലും രാജീവ് ഗാന്ധി ഭാരത് നിർമ്മാൺ സേവാകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്, ഇത്, നിർഭാഗ്യവശാൽ കഴിഞ്ഞ കാലങ്ങളിൽ ഫണ്ടുകൾ ഉപയോഗപ്പെടുത്തുന്നതിൽ, സംസ്ഥാനം പരാജയപ്പെട്ട കേന്ദ്ര ഫണ്ടോടുകൂടിയ ഒരു പദ്ധതിയാണ്. ഇന്ദിരാ ആവാസ് യോജനയ്ക്കും മറ്റെല്ലാ ഭവനപദ്ധതികൾക്കും കീഴിലുള്ള ഭവന നിർമ്മാണത്തിനുള്ള സഹായധനം പൊതുവിഭാഗത്തിന്, പട്ടികജാതിയുൾപ്പെടെ, രണ്ടു ലക്ഷം രൂപയായും പട്ടിക ഗോത്രവർഗ്ഗങ്ങൾക്ക് രണ്ടര ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്....

....എന്റെ സർക്കാർ, വ്യവസായ നിക്ഷേപ പ്രോത്സാഹനത്തിലൂടെ സംസ്ഥാനത്തിന്റെ സമഗ്ര വികസനം എന്ന കാഴ്ചപ്പാടോടുകൂടി ഒരു പുതിയ വ്യവസായ നയം ആവിഷ്ക്കരിച്ചു വരികയാണ്. അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി പൊതു-സ്വകാര്യ-പഞ്ചായത്ത് പങ്കാളിത്തം (PPPP) എന്ന ഒരു പുതിയ മാതൃക സ്വീകരിക്കുന്നതാണ്."

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

- പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്ക് 1,05,000 കോടി രൂപ അടങ്കൽ തുക
- മാലിന്യ നിർമ്മാർജ്ജനത്തിന് ത്രിമാന തന്ത്രം
- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫൈവ് ഈയർ പ്ലാൻ സൈക്കിൾ
- സാംഖ്യ എല്ലാ പഞ്ചായത്തുകളിലും
- എല്ലാ ഗ്രാമപഞ്ചായത്തുകളിലും കലാഗ്രാമങ്ങൾ
- 100 പഞ്ചായത്തുകളിൽ കൂടി Green Technology Centres



# ഇ-ഗവേണൻസ്
# അനന്ത സാദ്ധ്യതകളുടെ വാതായനം





**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി

1990കളുടെ അവസാനമാണ് ഇന്ത്യയിൽ ഇ-ഗവേണൻസിന് തുടക്കമായത്. കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിൽ ആയിരുന്നു ഈ തുടക്കം. സുതാര്യവും വേഗമേറിയതും തടസ്സമില്ലാത്തതുമായ സേവനം ഇന്ത്യൻ പൗരന് ലഭ്യമാക്കുക എന്നതായിരുന്നു അടിസ്ഥാന ലക്ഷ്യം. വിവര-വാർത്താവിനിമയ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി മാത്രമേ ഇത്തരം ഒരു കാൽവയ്പ് നടത്താൻ കഴിയുമായിരുന്നുള്ളൂ. അതിന്റെ ഫലമായാണ് 2006ൽ ദേശീയ ഇ-ഗവേണൻസ് പദ്ധതി (Ne GP)ക്ക് രൂപം നൽകിയത്. ഒരു സാധാരണ പൗരന് അവന്റെ വാസകേന്ദ്രത്തിൽത്തന്നെ പൊതുസേവന വിതരണ കേന്ദ്രങ്ങൾ വഴി സർക്കാർ സേവനങ്ങൾ ലഭ്യമാക്കുകയും അതിൽ സുതാര്യത, കാര്യക്ഷമത, വിശ്വാസ്യത എന്നീ ഘടകങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്ന പദ്ധതിയാണ് വിഭാവന ചെയ്യപ്പെട്ടത്. എല്ലാ സർക്കാർ സേവനങ്ങളും ബ്ലോക്ക് തലത്തിൽ വരെ പൊതുസേവന കേന്ദ്രങ്ങളിലൂടെ ഗ്രാമീണ ജനതയ്ക്ക് ലഭ്യമാക്കാൻ ഉദ്ദേശിച്ചിരുന്ന സ്വാൻ(സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്) നിലവിൽ വന്നത് ഈ ഉദ്ദേശ്യത്തോടെയാണ്.

ആഗോള സാമ്പത്തിക വ്യവസ്ഥയുടെ സങ്കീർണ്ണതകൾ നേരിടാനും ജനതയുടെ അഭിലാഷപൂർത്തിക്കും പരമ്പരാഗത ഗവൺമെന്റ് രീതികൾ പര്യാപ്തമല്ല എന്നത് നാം തിരിച്ചറിഞ്ഞു. പുത്തൻ ഭരണ പരിഷ്ക്കാര നടപടികൾ ആവശ്യമായി വന്നു. റവന്യൂ വരുമാനവും ചെലവും നിയന്ത്രിക്കുക എന്ന കേവല ലക്ഷ്യത്തിനപ്പുറം നമുക്ക് നീങ്ങേണ്ട അവസ്ഥ സംജാതമായി. ജനനം മുതൽ മരണം വരെ ഒരു മനുഷ്യന് വിവിധ സർക്കാർ ഓഫീസുകളുടെ സേവനം അനിവാര്യമാണ്. വ്യത്യസ്ത വകുപ്പുകൾക്ക് അതതിന്റേതായ നടപടിക്രമം ഉണ്ട്. എന്നാൽ സർക്കാർ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലുള്ള ഈ സേവന വിഭജനം പൗരനുമേൽ ഭരണകൂടം ചാർത്തുന്ന ഒരു സേവന വ്യവസ്ഥയാണ്. പൗരനെ സംബന്ധിച്ചിടത്തോളം ഒരു ജാലകത്തിലൂടെ ലഭ്യമാകുന്ന സേവനമാണ് പരമപ്രധാനം. എല്ലാ അതിർവരമ്പുകളേയും ലംഘിക്കുന്ന ഏ2ഇ ഇന്റർഫേസ് സേവന രംഗത്ത് അനന്ത സാധ്യതകൾ ഉള്ളതാണ്. ഈ വ്യവസ്ഥ ഇന്നത്തെ ഫയൽ സമ്പ്രദായം അപ്രസക്തമാക്കുകയും വിവരവിനിമയത്തിന്റെ തികച്ചും ഉപഭോക്തൃ സൗഹൃദമായ, അനർഗളമായ ഒരു പ്രവാഹം സൃഷ്ടിക്കുകയും ചെയ്യും. ഫയൽ നീക്കം കാണാൻ കഴിയുകയില്ല എന്നർത്ഥം. മനോഭാവത്തിലെ മാറ്റം, മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കൽ, സംവിധാന പരിവർത്തനം, പുതിയ സാങ്കേതികവിദ്യാ സ്വീകാരം, പ്രതിബദ്ധത എന്നീ ഘടകങ്ങൾ ഇണക്കിച്ചേർത്തുകൊണ്ട് ആ നല്ല നാളെ നമുക്ക് മുന്നിൽകാണാം.

പഞ്ചായത്തുകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയിട്ടുള്ള വിവിധ ആപ്ലിക്കേഷനുകളിൽ ഡേറ്റാ എൻട്രി നടത്തുമ്പോൾ അവയുടെ കൃത്യതയും പ്രാധാന്യവും ഉൾക്കൊണ്ടുവേണം നടത്തുവാൻ. അടിസ്ഥാന വിവരശേഖരം കുറ്റമറ്റതാക്കുകയും, നടപടിക്രമങ്ങൾ ലളിതമാക്കുകയും ചെയ്യുമ്പോൾ ജോലിഭാരം കുറയ്ക്കുവാനാകും. പൗരന്മാരുമായി നേരിട്ട് ഇടപെടുന്ന തലങ്ങൾ-ഫ്രണ്ട് ഓഫീസ്, വെബ്സൈറ്റ് തുടങ്ങിയവ അവർക്ക് സുഗമമായി സംവേദിക്കുവാൻ പര്യാപ്തമാകണം ഹാർഡ്‌വെയർ ഉപകരണങ്ങളുടെ മെച്ചപ്പെട്ട കാര്യക്ഷമത, വൈദ്യുതി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, ജീവനക്കാർക്ക് നൽകുന്ന പരിശീലനങ്ങൾ എന്നിവ പ്രത്യേകം കണക്കിലെടുക്കണം. ഇവയെല്ലാം ഒത്തുചേർന്ന ആരോഗ്യകരമായ അന്തരീക്ഷത്തിൽ സുതാര്യവും ഫലപ്രദവും കാര്യക്ഷമവുമായ ഒരു ഓഫീസ് അന്തരീക്ഷം സൃഷ്ടിക്കപ്പെടും. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സുശക്തമായ സ്ഥാപനവൽക്കരണം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൈവരിച്ചിട്ടുണ്ട്. പിഴവുകൾ തിരുത്തി വികേന്ദ്രീകൃത ജനാധിപത്യത്തിന്റെ സത്ത ഉൾക്കൊണ്ട്. നമുക്ക് ഇനിയും മുന്നേറാം. വിവര സാങ്കതികവിദ്യയുടെ എല്ലാ നല്ല വശങ്ങളും സ്വാംശീകരിക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

പഞ്ചായത്ത്‌രാജ് മാസിക ഇത്തവണ ഇ-ഗവേണൻസ് പ്രത്യേക പതിപ്പായി പ്രസിദ്ധീകരിക്കുകയാണ്. ഇൻഫർമേഷൻ കേരള മിഷന്റെ വിവിധ ആപ്ലിക്കേഷനുകളെ കൂടുതൽ പരിചയപ്പെടുത്തുന്നതിന് ഇത് ഉപകരിക്കും. കൂടാതെ എത്രയും വേഗം ഈ ആപ്ലിക്കേഷനുകൾ എല്ലാം തന്നെ എല്ലാ പഞ്ചായത്തിലും നടപ്പിലാക്കാൻ ഭരണസമിതിയും ജീവനക്കാരും ആത്മാർത്ഥമായി ശ്രമിക്കണം. സദ്ഭരണത്തിന്റെ ഒരു പുതിയ യുഗത്തിന് തദ്ദേശസ്ഥാപനങ്ങൾ വേദിയാകുമ്പോൾ അതിൽ ഭാഗഭാക്കാകുന്നവർക്കെല്ലാം എന്റെ വിജയാശംസകൾ! ■

**പഞ്ചായത്ത്‌രാജ് മാസിക ഇത്തവണ ഇ-ഗവേണൻസ് പ്രത്യേക പതിപ്പായി പ്രസിദ്ധീകരിക്കുകയാണ്. ഇൻഫർമേഷൻ കേരള മിഷന്റെ വിവിധ ആപ്ലിക്കേഷനുകളെ കൂടുതൽ പരിചയപ്പെടുത്തുന്നതിന് ഇത് ഉപകരിക്കും. കൂടാതെ എത്രയും വേഗം ഈ ആപ്ലിക്കേഷനുകൾ എല്ലാം തന്നെ എല്ലാ പഞ്ചായത്തിലും നടപ്പിലാക്കാൻ ഭരണസമിതിയും ജീവനക്കാരും ആത്മാർത്ഥമായി ശ്രമിക്കണം. സദ്ഭരണത്തിന്റെ ഒരു പുതിയ യുഗത്തിന് തദ്ദേശസ്ഥാപനങ്ങൾ വേദിയാകുമ്പോൾ അതിൽ ഭാഗഭാക്കാകുന്നവർക്കെല്ലാം എന്റെ വിജയാശംസകൾ!**

# നിങ്ങൾക്കറിയാമോ?




- ☞ സംസ്ഥാനത്ത് 417 ഹോസ്പിറ്റൽ കിയോസ്ക്കുകളിൽ ജനന മരണങ്ങൾ തൽസമയം രജിസ്റ്റർ ചെയ്യുന്നു.
- ☞ ജനന മരണങ്ങൾ രജിസ്റ്റർ ചെയ്ത് 24 മണിക്കൂറിനുള്ളിൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നു.
- ☞ www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും 2000 മുതൽ രജിസ്റ്റർ ചെയ്യപ്പെട്ട ജനന മരണങ്ങളുടെ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യാവുന്നതാണ്.
- ☞ വെബ്സൈറ്റിലെ 'സ്റ്റേറ്റ് രജിസ്ട്രേഷൻ ക്ലോക്കിൽ' നിന്നും കേരളത്തിലെ ജനനമരണങ്ങളുടെ രജിസ്ട്രേഷൻ നിരക്ക് ജില്ലാതലത്തിൽ ലഭ്യമാണ്.
- ☞ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന ജനന മരണ സർട്ടിഫിക്കറ്റുകൾ നിയമപരമായ രേഖയായി കേരള ജനന മരണ ചീഫ് രജിസ്ട്രാർ അംഗീകരിച്ചിട്ടുണ്ട്.
- ☞ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന ജനന സർട്ടിഫിക്കറ്റുകൾ സംസ്ഥാനത്ത് സ്കൂൾ പ്രവേശനത്തിനുള്ള ആധികാരിക രേഖയായി അംഗീകരിച്ചിട്ടുണ്ട്.
- ☞ വെബ്സൈറ്റിലൂടെ പൊതുവിവാഹ രജിസ്ട്രേഷനു വേണ്ടിയുള്ള അപേക്ഷാ ഫോറം സമർപ്പിക്കുന്നതിനും രജിസ്ട്രേഷൻ കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതിനുമുള്ള ഇ-ഫയലിംഗ് സൗകര്യം ലഭ്യമാണ്.
- ☞ ജനനം-മരണം-വിവാഹം എന്നിവ റിപ്പോർട്ട് ചെയ്യുന്നവരെ രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ അറിയിക്കുന്നതിനും നവജാത ശിശുക്കളുടെ പ്രതിരോധ കുത്തിവയ്പ്പിനുള്ള തീയതികൾ മാതാപിതാക്കളെ ഓർമ്മിപ്പിക്കുന്നതിനും എസ്.എം.എസ് സന്ദേശം നൽകുന്നതിനുള്ള സംവിധാനം ലഭ്യമാണ്.
- ☞ 1970 മുതൽ രജിസ്റ്റർ ചെയ്യപ്പെട്ട ജനന മരണങ്ങളുടെ സർട്ടിഫിക്കറ്റുകൾ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഉടൻ തന്നെ ലഭ്യമാക്കുന്നതാണ്.
- ☞ കോഴിക്കോട്, കൊല്ലം, തിരുവനന്തപുരം എന്നീ കോർപ്പറേഷനുകളിലും, കാസർകോഡ്, കാഞ്ഞങ്ങാട്, ഒറ്റപ്പാലം, ഗുരുവായൂർ എന്നീ മുനിസിപ്പാലിറ്റികളിലും, കൂടാതെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലും വസ്തു നികുതി വെബ്സൈറ്റിലൂടെ അടയ്ക്കുവാനുള്ള ഇ-പേയ്മെന്റ് സൗകര്യം ലഭ്യമാണ്. സന്ദർശിക്കുക www.tax.lsgkerala.gov.in
- ☞ കമ്പ്യൂട്ടർവൽക്കൃത അക്രുവൽ അടിസ്ഥാന ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യ ജില്ല കാസർഗോഡാണ്.
- ☞ പത്ത്-പതിനൊന്ന് പഞ്ചവത്സര പദ്ധതിക്കാലത്തെ ഏകദേശം 20 ലക്ഷം പ്രോജക്ടുകളുടെ വകയിരുത്തൽ/ചെലവ് വിവരങ്ങൾ www. sulekhaweb.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ആവശ്യാനുസരണം വിവിധ തരത്തിലുള്ള റിപ്പോർട്ടുകൾ എടുക്കാവുന്നതാണ്.
- ☞ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളെയും കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം ഉടൻ തന്നെ മാറുന്നതാണ്.
- ☞ ആറ് വ്യത്യസ്തങ്ങളായ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരസഞ്ചയം www.welfarepension.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
- ☞ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങളിലെ ഹാർഡ്‌വെയർ, നെറ്റ്‌വർക്കിംഗ്, ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ എന്നിവയുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിനും സാങ്കേതിക സഹായത്തിനും പൊതുജനസേവനത്തിനുമായി ഒരു സംസ്ഥാനതല ഹെൽപ്പ് ഡെസ്ക്ക് രൂപീകരിച്ചിട്ടുണ്ട്. (ഫോൺ: 0471-2579779)





ഡോ. എം. ഷംസുദ്ദീൻ

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇ-ഗവേണൻസ്

## ഇൻഫർമേഷൻ കേരള മിഷന്റെ പങ്ക്



തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുക എന്ന ഏകമുഖ ലക്ഷ്യത്തോടെ 1999ൽ കേരള സർക്കാർ രൂപീകരിച്ചതാണ് ഇൻഫർമേഷൻ കേരള മിഷൻ. സംസ്ഥാനത്ത് ആകെ 1209 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഇന്ന് നിലവിലുള്ളത്. ഇവയെ ജില്ലാ ആസൂത്രണ ഓഫീസുകളുമായും സംസ്ഥാന ആസൂത്രണ ബോർഡുമായും കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന വ്യത്യസ്തങ്ങളായ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ വികസിപ്പിച്ചെടുക്കുക, ഉദ്യോഗസ്ഥരെ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ മേഖലകളിലെ പ്രവർത്തനങ്ങൾക്കായി പരിശീലനം നൽകി സജ്ജരാക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു സാങ്കേതിക സഹായം നൽകാൻ ഹെൽപ്ഡെസ്ക്കുകൾ സ്ഥാപിക്കുക, കമ്പ്യൂട്ടർ സംരക്ഷണത്തിനും മാനേജ്മെന്റിനും പ്രാപ്തിയുള്ള വിദഗ്ധരെ സജ്ജരാക്കുക, കമ്പ്യൂട്ടർ ശൃംഖലാ സംവിധാനത്തിനു വേണ്ട വിവരസഞ്ചയം (ഡാറ്റാബേസ്) കാലികമാക്കി നിലനിർത്തുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കാവശ്യമായ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ തയ്യാറാക്കി നൽകുക തുടങ്ങിയവയാണ് ഇൻഫർമേഷൻ കേരള മിഷന്റെ ചുമതലകൾ.

ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ വൈപുല്യം, സാങ്കേതിക സ്വഭാവം എന്നിവ പരിഗണിക്കുമ്പോൾ സംസ്ഥാനത്ത് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതിൽ വച്ച് ഏറ്റവും വിപുലമായ വിവര-സംവേദന സാങ്കേതിക വിദ്യ (ICT) ആയി ഈ പദ്ധതിയെ കാണാൻ കഴിയും. ജനകീയ പ്രശ്നങ്ങളോട് കൂടുതൽ വേഗത്തിൽ പ്രതികരിക്കാൻ കാര്യക്ഷമതയുള്ള സ്ഥാപനങ്ങളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനും, സുതാര്യത കൈവരിക്കുന്നതിലുടെ അറിയാനുള്ള അവകാശം സമൂഹത്തിന് ഉറപ്പാക്കുന്നതിനും സഹായകരമായ ഒരു വിവര വ്യവസ്ഥ സൃഷ്ടിക്കുകയെന്നതും ഈ പരിപാടിയുടെ ഭാഗമാണ്. സംസ്ഥാന സർക്കാരിന്റെ ഇതര കമ്പ്യൂട്ടർവൽക്കരണ പരിപാടികളുമായി ഒത്തുചേർന്നു പ്രവർത്തിക്കാനും ഐ.കെ.എം. ലക്ഷ്യമിടുന്നുണ്ട്.

തദ്ദേശഭരണസ്ഥാപനങ്ങളുടെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ വളരെ നല്ല നിലയിലുള്ള മുന്നേറ്റമാണ് ഇക്കഴിഞ്ഞ വർഷം ഉണ്ടായത്. ജനന-മരണ വിവാഹ രജിസ്ട്രേഷനുകൾ, റവന്യൂ സംവിധാനം, സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം, അക്കൗണ്ടിംഗ്, ഫയൽ മോണിറ്ററിംഗ് തുടങ്ങിയ മേഖലകളിൽ കമ്പ്യൂട്ടർവൽക്കൃത സംവിധാനം ത്വരിതഗതിയിലാണ് നടപ്പാക്കി വരുന്നത്. 1209 തദ്ദേശഭരണ സ്ഥാപനങ്ങളും തദ്ദേശ സ്വയംഭരണ വകുപ്പും പഞ്ചായത്ത്, നഗരകാര്യ ഡയറക്ടറേറ്റുകളും ഗ്രാമവികസന കമ്മീഷണറേറ്റും സംസ്ഥാന ആസൂത്രണ ബോർഡും ചേരുന്ന ബൃഹത്തായ ഇ-ഗവേണൻസ് പരിപാടിയാണ് നമ്മുടെ സംസ്ഥാനത്ത് ഇതുവഴി പ്രവർത്തിപഥത്തിൽ എത്തിയിരിക്കുന്നത്.

ഇ-ഗവേണൻസിന്റെ ഭാഗമായി വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കുന്നതിനുള്ള 16 ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ ഇതിനകം വികസിപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയുടെ മുൻകൈയ്യോടെ ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ഭൗതിക സൗകര്യങ്ങൾ പൂർത്തിയാക്കി, ആപ്ലി



## വെബ് അധിഷ്ഠിത ഓൺലൈൻ സർവ്വീസുകൾ

| | | |
|---|---|---|
| ജനന-മരണ വിവാഹ സർട്ടിഫിക്കറ്റുകൾ | - | www.cr.lsgkerala.gov.in |
| വസ്തുനികുതിയുടെ ഇ-പേയ്മെന്റ് | - | ww.tax.lsgkerala.gov.in |
| പദ്ധതി നിർവ്വഹണം: | - | www.sulekhaweb.lsgkerala.gov.in |
| ഓൺലൈൻ ഫയൽ ട്രാക്കിംഗ് | - | www.lsgkerala.gov.in/soochikaweb |
| സാമൂഹ്യസുരക്ഷാ പെൻഷൻ | - | www.welfarepension.lsgkerala.gov.in |
| പഞ്ചായത്ത് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് | - | www.kpepf.lsgkerala.gov.in |
| മുനിസിപ്പൽ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് | - | www.kmpecpf.lsgkerala.gov.in |
| ജി.ഐ.എസ്സ് മാപ്പുകൾ | - | www.gis.lsgkerala.gov.in |

ക്കേഷൻ സോഫ്റ്റ്‌വെയറുകൾ വിന്യസിപ്പിച്ച്, ജീവനക്കാർക്ക് സാങ്കേതിക പരിശീലനം നൽകികൊണ്ട് സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലേയും ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ പലതും ഇപ്പോൾ കമ്പ്യൂട്ടർവൽകൃത സംവിധാനം വഴിയാണ് നടത്തുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ വെബ് സർവീസിലേക്ക് മാറിക്കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങൾക്ക് മാത്രമല്ല, ജീവനക്കാർക്കും വളരെയേറെ പ്രയോജനപ്പെടുന്ന സേവനങ്ങളാണ് ഇത്തരത്തിൽ ഇന്റർനെറ്റ് വഴി ലഭ്യമാകുന്നത്. ഇതിന്റെ ഏറ്റവും പ്രധാന പ്രത്യേകത തദ്ദേശഭരണ സ്ഥാപനങ്ങളിൽ പോകാതെ തന്നെ പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കാൻ കഴിയുന്നു എന്നതാണ്. ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, വിവിധ സമൂഹ്യ സുരക്ഷാ പെൻഷനുകൾ, വസ്തു നികുതി വിവരങ്ങൾ, സർക്കാർ ഉത്തരവുകൾ, ഫയൽ നിജസ്ഥിതി വിവരങ്ങൾ, ടെണ്ടർ വിവരങ്ങൾ, പദ്ധതി വിവരങ്ങൾ തുടങ്ങിയവ ഇപ്പോൾ വെബ്സൈറ്റ് വഴി ലഭ്യമാകുന്നുണ്ട്.. കൂടാതെ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിവരങ്ങൾ, ട്രാൻസ്ഫർ വിവരങ്ങൾ തുടങ്ങിയവയും വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതുവഴി ജീവനക്കാരുടെ ജോലിഭാരം കുറയുന്നതുമാത്രമല്ല, പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും ചിട്ട കൈവരിക്കുന്നതിനും സമയബന്ധിതമായി കാര്യങ്ങൾ നിർവഹിക്കുന്നതിനും കഴിയുന്നു. ഇതിനായി ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലും തയ്യാറാക്കിയിട്ടുള്ള ഡിജിറ്റൽ വിവരങ്ങളാണ് വെബ് സർവീസിൽ ഉപയോഗിക്കുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇ-ഗവേണൻസ് നിർവഹണം ഇൻഫർമേഷൻ കേരള മിഷനോടൊപ്പം തദ്ദേശ സ്വയംഭരണ വകുപ്പും പഞ്ചായത്ത്, നഗരകാര്യ ഡയറക്ടറേറ്റുകളും ഗ്രാമവികസന കമ്മീഷണറേറ്റും പ്രത്യേകമായ മോണിറ്ററിംഗും കോ-ഓർഡിനേഷനും നടത്തി നിർവഹിക്കേണ്ട ഭരണ പരിഷ്ക്കാര പ്രവർത്തനമാണ്. പഞ്ചായത്തുകളിൽ അക്രൂവൽ അടിസ്ഥാന ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം കൂടി നടപ്പിലാക്കിയതോടെ ഇ-ഗവേണൻസ് നടപ്പാക്കുന്നതിനു തദ്ദേശ ഭരണ സ്ഥാപനങ്ങളും തദ്ദേശ സ്വയംഭരണ വകുപ്പും ഐ.കെ.എമ്മും ചേർന്നുള്ള കൂട്ടായ പ്രവർത്തനത്തിന്റെ പ്രാധാന്യം ഒന്നുകൂടി വർദ്ധിക്കുകയാണ്. ഇത്തരത്തിൽ കൂട്ടായ്മയോടെയും പരസ്പരബന്ധിതവുമായ പ്രവർത്തനം ദൃഢമാക്കി തദ്ദേശഭരണത്തെ ഇ-ഗവേണൻസിലേക്ക് മാറ്റി കൂടുതൽ മെച്ചമായ സേവനം പൊതുസമൂഹത്തിന് നൽകാനുള്ള പ്രവർത്തനങ്ങൾക്ക് ഐ.കെ.എം ലക്ഷ്യമിടുന്നുണ്ട്. ഇ-ഗവേർണൻസിന്റെ സാദ്ധ്യതകളുമായി മുന്നോട്ട് പോകുന്നതിന് ഐ.കെ.എമ്മിനെ സഹായിച്ച പഞ്ചായത്ത് അധികൃതർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവരുടെ ഭാഗത്തുനിന്നും തുടർന്നും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. ■

*ലേഖകൻ ഇൻഫർമേഷൻ കേരള മിഷനിൽ എക്സിക്യൂട്ടീവ് ചെയർമാനും ഡയറക്ടറുമാണ്.*

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാകുന്നതിനു വേണ്ടി ഐ.കെ.എം വികസിപ്പിച്ച വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ

| | | |
|---|---|---|
| സുലേഖ | - | പദ്ധതി മോണിറ്ററിംഗ് സംവിധാനം |
| സേവന | - | ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾക്കുള്ള സംവിധാനം |
| സേവന പെൻഷൻ | - | സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതികളുടെ നിർവഹണത്തിനുള്ള പാക്കേജ് |
| സഞ്ചിത | - | ഇലക്ട്രോണിക് നിയമോപദേഷ്ടാവ് |
| സഞ്ചയ | - | റവന്യൂ സംവിധാനം |
| സാംഖ്യ | - | അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം |
| സകർമ്മ | - | ഔദ്യോഗിക തീരുമാനങ്ങൾക്കുള്ള വിവര വിനിമയ പാക്കേജ് |
| സുഭദ്ര | - | സാമ്പത്തിക മാനേജ്മെന്റ് സംവിധാനം |
| സൂചിക | - | ദൈനംദിന ഔദ്യോഗിക നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള പാക്കേജ് |
| സംവേദിത | - | തദ്ദേശസ്വയംഭരണ സ്ഥാപന വെബ്സൈറ്റ് |
| സചിത്ര | - | ഭൂപട നിർമ്മാണം |
| സങ്കേതം | - | ബിൽഡിംഗ് പെർമിറ്റ് |
| സാമൂഹ്യ | - | പൗരവിവര സഞ്ചയം |
| സ്ഥാപന | - | എസ്റ്റാബ്ളിഷ്മെന്റ് |
| സചിത്ര | - | ആസ്തി വിവരങ്ങൾ |
| സുഗമ | - | പൊതുമരാമത്ത് |





അബ്ദുൽ ബഷീർ പി.കെ



# ഇൻഫർമേഷൻ കേരള മിഷൻ സ്വതന്ത്ര സോഫ്റ്റ്‌വെയറിലേക്ക്

**കൈമാറികിട്ടിയ സ്ഥാപനങ്ങളെ ഗ്രാമപഞ്ചായത്ത് ഓഫീസുമായി കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിനു സംവിധാനം**




തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി കേരള ഗവൺമെന്റിന്റെ ഫ്ളാഗ്ഷിപ്പ് ഇ-ഗവേണൻസ് പ്രോജക്ടായിട്ടാണ് ഇൻഫർമേഷൻ കേരള മിഷൻ സ്ഥാപിതമായത്. കമ്പ്യൂട്ടർവൽക്കരണത്തിന് വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ ധാരാളം പഠനങ്ങൾ നടത്തുകയും വിവിധ സോഫ്റ്റ്‌വെയറുകൾ നിർമ്മിച്ച് വിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

ഇൻഫർമേഷൻ കേരള മിഷൻ സോഫ്റ്റ്‌വെയർ നിർമ്മാണം ആരംഭിച്ചിരുന്നത് അക്കാലത്ത് കൂടുതൽ പ്രചാരത്തിലുണ്ടായിരുന്ന കമ്പ്യൂട്ടർ ഓപ്പറേറ്റിംഗ് ഭാഷയായ വിൻഡോസ് അനുസരിച്ചായിരുന്നു. ആ സമയത്ത് സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ കൂടുതൽ വികാസം പ്രാപിച്ചിരുന്നില്ല. എന്നാൽ സമയബന്ധിതമായി സോഫ്റ്റ്‌വെയറുകൾ സ്വതന്ത്ര സോഫ്റ്റ്‌വെയറുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ നടത്തുന്നുണ്ട്. നിലവിൽ സോഫ്റ്റ്‌വെയറുകൾ വികേന്ദ്രീകരിച്ചാണ് വിന്യസിച്ചിരിക്കുന്നത്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കണക്ടിവിറ്റിയുടെ പ്രശ്നങ്ങൾ ഉണ്ടായിരുന്നതിനാൽ കേന്ദ്രീകൃതമായ സോഫ്റ്റ്‌വെയർ വിന്യാസം നടന്നിരുന്നില്ല. സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ നിർമ്മിച്ച് അവ കേന്ദ്രീകൃതമായി വിന്യസിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്.

സേവനാവകാശ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പുതന്നെ ജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് കമ്പ്യൂട്ടർവൽക്കരണം അത്യാവശ്യമാണ്. അതിലേക്കായി പ്രാദേശിക ഭരണ നേതൃത്വം തങ്ങളുടെ സ്ഥാപനത്തിലും അതിന്റെ ഘടകസ്ഥാപനങ്ങളിലും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ (സർവർ കമ്പ്യൂട്ടർ, ക്ലൈയ്ന്റ് കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, യു.പി.എസ്, നെറ്റ്‌വർക്കിംഗ്, ഇന്റർനെറ്റ്, എർത്തിംഗ് മുതലായവ) ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും പഴയവ കൂടുതൽ മികവുറ്റതാക്കുന്നതിനുമുള്ള ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനത്തിനു സാങ്കേതിക സഹായം നൽകുന്നതിന് ബ്ലോക്കുതലത്തിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഓരോ പഞ്ചായത്തിലും ഒരു ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ ടെക്നിക്കൽ ഓഫീസർ എന്നിവരെയും നിയമിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 964 ഗ്രാമപഞ്ചായത്തുകളിലും സെർവർ കമ്പ്യൂട്ടറുകൾ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ്, ആലപ്പുഴ ജില്ലയിലെ ആല എന്നീ ഗ്രാമപ

## ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ച ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളുടെ സ്റ്റാറ്റസ് (31.01.2012)

| ക്രമ നമ്പർ | ജില്ല | ഗ്രാമ പഞ്ചായത്തുകൾ | സേവന (സിവിൽ രജിസ്ട്രേഷൻ) | സേവന പെൻഷൻ | സുലേഖ | സ്ഥാപന | സൂചിക | സഞ്ചിത | സംവേദിത | സചിത്ര അസറ്റ് | സാംഖ്യ | സുദ്ര | സകർമ്മ | സചിത്ര കഡസ്ട്രൽ മാപ്പ് ഡിസ്ട്രിബ്യൂഷൻ | ഫ്രോസ്പിറ്റൽ കിയോസ്ക് | സുഗമ | കോമൺ മാര്യേജ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 73 | 73 | 73 | 73 | 73 | 71 | 73 | 73 | 73 | 29 | 1 | 1 | 73 | 3 | 73 | 56 |
| 2 | കൊല്ലം | 70 | 70 | 70 | 70 | 70 | 70 | 70 | 70 | 70 | 28 | | | 64 | 9 | 70 | 26 |
| 3 | പത്തനംതിട്ട | 54 | 54 | 54 | 54 | 54 | 54 | 54 | 54 | 54 | 24 | | | 41 | 2 | 54 | 25 |
| 4 | ആലപ്പുഴ | 73 | 73 | 73 | 73 | 73 | 66 | 73 | 73 | 73 | 16 | | | 66 | 2 | 73 | 43 |
| 5 | കോട്ടയം | 73 | 73 | 73 | 73 | 73 | 73 | 73 | 73 | 73 | 30 | | | 59 | 7 | 73 | 51 |
| 6 | ഇടുക്കി | 53 | 52 | 52 | 52 | 52 | 52 | 52 | 52 | 52 | 8 | | | 0 | 3 | 52 | 14 |
| 7 | എറണാകുളം | 84 | 84 | 84 | 84 | 84 | 68 | 84 | 84 | 84 | 19 | | | 73 | 3 | 84 | 55 |
| 8 | തൃശ്ശൂർ | 88 | 88 | 88 | 88 | 88 | 88 | 88 | 88 | 88 | 28 | | | 79 | 7 | 88 | 69 |
| 9 | പാലക്കാട് | 91 | 91 | 91 | 91 | 91 | 91 | 91 | 91 | 91 | 32 | | 1 | 46 | 4 | 91 | 67 |
| 10 | മലപ്പുറം | 100 | 100 | 100 | 100 | 100 | 98 | 100 | 100 | 100 | 26 | | | 91 | 14 | 100 | 78 |
| 11 | കോഴിക്കോട് | 75 | 75 | 75 | 75 | 75 | 75 | 75 | 75 | 75 | 12 | | | 53 | 2 | 75 | 31 |
| 12 | വയനാട് | 25 | 25 | 25 | 25 | 25 | 25 | 25 | 25 | 25 | 7 | | | 0 | 2 | 25 | 4 |
| 13 | കണ്ണൂർ | 81 | 81 | 81 | 81 | 81 | 24 | 81 | 81 | 81 | 20 | | | 73 | 5 | 81 | 49 |
| 14 | കാസർകോഡ് | 38 | 38 | 38 | 38 | 38 | 2 | 38 | 38 | 38 | 22 | | | 38 | 2 | 38 | 31 |
| | ആകെ | 978 | 977 | 977 | 977 | 977 | 883 | 977 | 977 | 977 | 301 | 1 | 2 | 756 | 65 | 977 | 599 |

ഞ്ചായത്തുകൾ കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടില്ല. ഇടുക്കി ജില്ലയിൽ പുതുതായി രൂപീകരിച്ച ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**കൈമാറികിട്ടിയ സ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന സംവിധാനം**

ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പദ്ധതി രൂപീകരണം, നിർവ്വഹണം, അക്കൗണ്ടിംഗ്, മോണിറ്ററിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും ഭൗതിക നേട്ടങ്ങൾ, ആസ്തി വിവരങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് ഇൻഫർമേഷൻ കേരള മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന ഒരു പ്രവർത്തനമാണ് ഗ്രാമപഞ്ചായത്തുകളിലേക്ക് കൈമാറികിട്ടിയ സ്ഥാപനങ്ങളെ ഗ്രാമപഞ്ചായത്ത് ഓഫീസുകളുമായി കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന സംവിധാനം പ്രവർത്തനക്ഷമമാക്കുക എന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണ പരിപാടിയുടെ ഭാഗമായി ജനകീയാസൂത്രണ പദ്ധതികളുടെ രൂപീകരണം, അംഗീകാരം, നിർവഹണം, ചെലവ് വിവരങ്ങൾ തുടങ്ങിയ കാര്യങ്ങൾ സുലേഖ എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത സംവിധാനത്തിലാണ് നടന്നുവരുന്നത്. ഇതോടൊപ്പം ഓരോ നിർവഹണ ഓഫീസുകളിലും നിർവഹിക്കുന്ന പദ്ധതികളുടെ അലോട്ട്മെന്റ് വിവരങ്ങളും അക്കൗണ്ടിംഗും അതാത് ഓഫീസുകളിൽ നിന്ന് തന്നെ രേഖപ്പെടുത്തി ക്രോഡീകരിക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 2010-11 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിൽ ഈ പ്രവർത്തനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുകയുണ്ടായി. ഈ അനുഭവങ്ങൾ കൂടി പരിഗണിച്ചാണ് ഓരോ ജില്ലയിലും ഒരു പഞ്ചായത്തിനെ വീതം തിരഞ്ഞെടുത്ത് ഈ വർഷം പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ജീവനക്കാർക്കും കമ്പ്യൂട്ടറൈസേഷൻ സംബന്ധിച്ച സംശയങ്ങൾക്ക് മറുപടി നൽകുന്നതിന് വിപുലമായ സഹായ സംവിധാനം ഇൻഫർമേഷൻ കേരള മിഷൻ ഒരുക്കിയിട്ടുണ്ട്. 0471-2597779 എന്ന നമ്പറിൽ ബന്ധപ്പെട്ടാൽ ഓരോ സോഫ്റ്റ്‌വെയറും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നതാണ്.

തദ്ദേശഭരണസ്ഥാപനങ്ങളുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഏതെല്ലാം സേവനങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ നൽകാൻ കഴിയുമോ അതിനുള്ള സാധ്യതകൾ ഉപയോഗിക്കേണ്ടതാണ്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി ആവശ്യമുള്ള എണ്ണം കമ്പ്യൂട്ടർ വിന്യസിക്കുന്നതിനും അവ നെറ്റ്‌വർക്കിംഗ് സംവിധാനത്തിലൂടെ ബന്ധിപ്പിക്കുന്നതിലും ജീവനക്കാർക്കും ജനപ്രതിനിധികൾക്കും പരിശീലനം നൽകുന്നതിലും അവർ അത് പ്രോജനപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിലും പ്രാദേശിക ഭരണനേതൃത്വത്തിന്റെ മേൽനോട്ടവും ശ്രദ്ധയും ഉണ്ടാവേണ്ടതാണ്. ■

*ലേഖകൻ ഇൻഫർമേഷൻ*
*കേരള മിഷനിൽ*
*ഇംപ്ലിമെന്റേഷൻ ടീം ലീഡറാണ്*








ഗിരിജ .കെ

# www.lsgkerala.gov.in

## സംവേദിത: വെബ്സൈറ്റ് പരിപാലിക്കുന്നതിന്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് www.lsgkerala.gov.in 2002 ഡിസംബർ 9-ാം തീയതിയാണ് പ്രവർത്തനമാരംഭിച്ചത്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി നിയോഗിക്കപ്പെട്ട ഇൻഫർമേഷൻ കേരള മിഷൻ ആണ് സംവേദിത എന്ന നാമധേയത്തിൽ വെബ്സൈറ്റ് വികസിപ്പിക്കുന്നതിനു നേതൃത്വം നൽകിയത്. കേരളത്തിലെ എല്ലാ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും പ്രത്യേകം ഇടം നൽകിയാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ബൃഹത്തായ സൈറ്റ് പ്രവർത്തനക്ഷമമാക്കിയത്. ഭൂമിശാസ്ത്രപരമായ വിവരങ്ങൾ, ജനസംഖ്യാ കണക്കുകൾ, തിരഞ്ഞെടുപ്പു വിവരങ്ങൾ, പ്രാദേശിക കലാ സാംസ്ക്കാരിക വിശേഷങ്ങൾ, പ്രാദേശിക ചരിത്രം എന്നിങ്ങനെ വൈവിധ്യങ്ങളായ വിവരങ്ങളുടെ ശേഖരമാണ് ഈ വെബ്സൈറ്റ്. സർക്കാർ ഉത്തരവുകൾ, ടെണ്ടറുകൾ, ഔദ്യോഗിക അറിയിപ്പുകൾ, പ്രൊവിഡന്റ് ഫണ്ട് വിശദാംശങ്ങൾ, പദ്ധതിവിവരങ്ങൾ, ജനന-മരണ രജിസ്ട്രേഷൻ വിവരങ്ങൾ എന്നിങ്ങനെ നിരവധി ഔദ്യോഗിക വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. ഇ-ഗവേണൻസ് മേഖലയിൽ കേരളം കൈവരിച്ച പുരോഗതി സൂചിപ്പിക്കുന്ന വെബ് സർവ്വീസുകൾ ഉൾകൊള്ളുന്ന ഈ വെബ്സൈറ്റ് വിവരശേഖരത്തിന്റെ കാര്യത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഒന്നാണ്.

1. www.cr.lsgkerala.gov.in ജനന മരണ വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ.
2. www.welfarepension.lsgkerala.gov.in സാമൂഹ്യക്ഷേമ പെൻഷൻ വിശദാംശങ്ങൾ.
3. www.sulekhaweb.lsgkerala.gov.in പദ്ധതി വിവരങ്ങളുടെ ക്രോഡീകരണം

**Visitors in 2011**

◆ 159 countries ◆ 11.52 lakhs unique visitors ◆ 3,155 average unique visitors per day ◆ 95,972 average unique visitors per month

4. www.tax.lsgkerala.gov.in വസ്തു നികുതി വിശദാംശങ്ങൾ
5. www.go.lsgkerala.gov.in സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ
6. www.tender.lsgkerala.gov.in തദ്ദേശ സ്ഥാപനങ്ങളുടെ ടെണ്ടർ അറിയിപ്പുകൾ.
7. www.gis.lsgkerala.gov.in ഡിജിറ്റൽ ഭൂപടങ്ങൾ.
8. www.kmpecpf.lsgkerala.gov.in മുനിസിപ്പൽ കോമൺസർവ്വീസ് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട്.
9. www.kpepf.lsgkerala.gov.in പഞ്ചായത്ത് കോമൺസർവ്വീസ് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട്.
10. www.filetracking.lsgkerala.gov.in ഫയലുകളുടെ നിജസ്ഥിതി അറിയുന്ന സംവിധാനം.

എന്നീ വെബ് സർവ്വീസുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിന്റെ ഭാഗമാണ്. ഐ.കെ.എം വികസിപ്പിച്ചെടുത്ത് വിന്യസിക്കുന്ന ഓരോ സോഫ്റ്റ്വെയറുകളുടേയും വെബ് അധിഷ്ഠിത സേവനം ജനങ്ങളിലെത്തിക്കുന്നതിന് തദ്ദേശഭരണ വകുപ്പിനൊപ്പം ഇൻഫർമേഷൻ കേരള മിഷനും കടപ്പെട്ടിരിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി മണ്ഡലത്തിൽ നടന്നുവരുന്ന മുന്നേറ്റത്തിന്റെ ഭാഗമായി നിരവധി വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടത് ഇന്ന് അനിവാര്യമായിരിക്കയാണ്. ഈ സന്ദർഭത്തിൽ ഐ.കെ.എം വികസിപ്പിച്ചെടുത്ത് പരിപാലിക്കുന്നവ വെബ് സൈറ്റുകളുടെ ഉള്ളടക്കത്തിന്റെ അധികാരം തദ്ദേശ സ്ഥാപനങ്ങൾക്കു തന്നെ എന്നത് തിരിച്ചറിയേണ്ട വസ്തുതയാണ്. ഇതിനായി Content Management System ഉപയോഗിച്ച് ഓരോ തദ്ദേശ സ്ഥാപനങ്ങൾക്കും വ്യത്യസ്ത വെബ്സൈറ്റുകൾ കൂടി തയ്യാറാക്കിയിരിക്കുകയാണ്. 60 മുനിസിപ്പാലിറ്റികൾക്കും തൃശ്ശൂർ, തിരുവനന്തപുരം, കൊല്ലം എന്നീ കോർപ്പറേഷനുകൾക്കും അതത് തദ്ദേശസ്ഥാപനങ്ങളിൽ നിന്നുതന്നെ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള സംവിധാനം ലഭ്യമാക്കി കഴിഞ്ഞു. മേൽപ്രവർത്തനം പഞ്ചായത്തുകൾക്ക് ലഭ്യമാക്കി കൊണ്ടിരിക്കുകയാണ്.

30 ലക്ഷത്തിലധികം ആളുകൾ സന്ദർശിച്ചു കഴിഞ്ഞ വെബ്സൈറ്റിലെ ദൈനംദിന സന്ദർശകരുടെ ഗ്രാഫ് വെബ്സൈറ്റിന്റെ ഉള്ളടക്കത്തിന്റെ സാധ്യതകളും നമ്മെ ഓർമ്മിപ്പിക്കുന്നു.■

*ലേഖിക ഇൻഫർമേഷൻ കേരള മിഷനിൽ ടെക്നിക്കൽ ഓഫീസറാണ്*





ഇ-ഗവേണൻസ് സ്പെഷ്യൽ

പി. സുരേന്ദ്രൻ പിള്ള




# ജനന മരണ വിവാഹ സർട്ടിഫിക്കറ്റുകൾ ഒരു മൗസ് ക്ലിക്ക് അകലെ

സംസ്ഥാനത്തെ എല്ലാ ജനങ്ങളും തദ്ദേശഭരണസ്ഥാപനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന ഒരു സേവന സംവിധാനമാണ് ജനന-മരണ-വിവാഹ രജിസ്ട്രേഷൻ അഥവാ സിവിൽ രജിസ്ട്രേഷൻ. വിവര വിനിമയ സാങ്കേതിക വിദ്യയുടെ സഹായത്താൽ ഇന്ന് കേരളത്തിൽ ജനന, മരണ, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ വെറും ഒരു മൗസ് ക്ലിക്ക് അകലെ മാത്രമാണ്. ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, കണ്ണൂർ കന്റോൺമെന്റ് തുടങ്ങി 1058 രജിസ്ട്രേഷൻ യൂണിറ്റുകൾ ഇന്ന് സംസ്ഥാനത്ത് നിലവിലുണ്ട്.

ജനന-മരണ-വിവാഹ രജിസ്ട്രേഷൻ ഭരണപരമായ സ്ഥിതി വിവരക്കണക്കുകളുടെ സമാഹരണത്തിനും പരിമിതമായ ഔദ്യോഗികമായ ആവശ്യങ്ങൾക്കും മാത്രമായാണ് പണ്ടു കാലത്ത് ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് രജിസ്ട്രേഷൻ പ്രക്രിയ ഒരു ഔദ്യോഗിക പ്രക്രിയയ്ക്കുപരിയായി സാർവ്വത്രികമോ നിർബന്ധിതമോ ആയിരുന്നില്ല. 1970ൽ ജനന-മരണ രജിസ്ട്രേഷൻ നിയമവും ചട്ടങ്ങളും നിലവിൽ വന്നു. ഇതു പ്രകാരം ജനന-മരണ രജിസ്ട്രേഷൻ നിർബന്ധമാക്കിയെങ്കിലും അതിനു വേണ്ടത്ര ശ്രദ്ധ ലഭിച്ചിരുന്നില്ല. ആശുപത്രികളിൽ നടക്കുന്ന ജനന-മരണങ്ങൾക്ക് മാത്രം ആശുപത്രികളിൽ നിന്ന് റിപ്പോർട്ട് തയ്യാറാക്കി നൽകുകയും അവ തദ്ദേശഭരണ സ്ഥാപനങ്ങൾ രജിസ്റ്ററിൽ പകർത്തി എഴുതി സൂക്ഷിക്കുകയും ചെയ്തിരുന്നു. ഇംഗ്ലീഷിലാണ് റിക്കാർഡുകൾ സൂക്ഷിച്ചിരുന്നതും സർട്ടിഫിക്കറ്റുകൾ നൽകിയിരുന്നതും. പകർത്തിയെഴുത്ത് രീതിയും ഉപയോക്താവുമായുള്ള ആശയവിനിമയത്തിന്റെ അഭാവത്താലും രജിസ്ട്രേഷൻ റിക്കാർഡുകളിൽ പല രീതിയിലുള്ള തെറ്റുകൾ കടന്നുകൂടിയിരുന്നു.

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നിയമപരമായ രേഖയായി പല പിൽക്കാല കാര്യങ്ങൾക്കും അംഗീകരിക്കപ്പെട്ടു. തിരുത്തലുകൾ വരുത്തുന്നതിനും നിയമാനുസൃതമല്ലാതെ വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനുള്ള സാഹചര്യം ഒഴുവാക്കുന്നതിനും വളരെ കർശനമായ നിർദ്ദേശങ്ങളും നടപടിക്രമങ്ങളുമാണ് ഉണ്ടായിരുന്നത്. 2000ൽ പുനർക്രമീകരിച്ച രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കി. അതോടൊപ്പം 2000 ജനുവരി മുതൽ പരിഷ്കരിച്ച ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളും നിലവിൽ വന്നു. അതുപ്രകാരം റിപ്പോർട്ടിംഗ് ഫോറം ബന്ധപ്പെട്ടവർ പൂരിപ്പിച്ച് റിപ്പോർട്ട് ചെയ്യുന്ന സംവിധാനം നിലവിൽ വന്നു. വിവിധ നിറത്തിലുള്ള ഫാറത്തിൽ മലയാളത്തിൽ മാത്രമാണ് വിവരം രേഖപ്പെടുത്തിയിരുന്നത്. മലയാളത്തിലുള്ള സർട്ടിഫിക്കറ്റുകളാണ് നൽകിയിരുന്നത്. ആ റിപ്പോർട്ടുകളിലെ നിയമപരമായ ഭാഗം രജിസ്ട്രേഷൻ നമ്പർ നൽകി രജിസ്റ്റർ ആയി ബൈൻഡ് ചെയ്ത് സൂക്ഷിച്ചു വരുന്നു. സ്ഥിതി വിവരഭാഗം സംസ്ഥാനതല ക്രോഡീകരണത്തിനായി സ്ഥിതിവിവര വകുപ്പിന് നൽകുന്നു.

**ജനന-മരണ-വിവാഹങ്ങളുടെ രജിസ്ട്രേഷനുകൾ നിർവ്വഹിക്കുന്നതിനും അതു സംബന്ധമായി പൊതുജനങ്ങൾക്ക് നൽകേണ്ട എല്ലാ സേവനങ്ങളും നൽകുന്നതിനും സേവന സോഫ്റ്റ്വെയർ ഉപയോഗിച്ച് കഴിയുന്നതാണ്. ബന്ധപ്പെട്ട നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസരണമായാണ് ഈ സോഫ്റ്റ്വെയർ ചിട്ടപ്പെടുത്തിയിട്ടുള്ളത്. 600ലധികം യൂണിറ്റുകളിൽ പൊതുവിവാഹ രജിസ്ട്രേഷൻ ഈ സോഫ്റ്റ്വെയറിലൂടെ നിർവ്വഹിക്കപ്പെടുന്നുണ്ട്.**

2007ൽ ദ്വിഭാഷാ സർട്ടിഫിക്കറ്റുകൾ ഏകീകൃത ഫോറത്തിൽ നൽകുന്ന സമ്പ്രദായം നിലവിൽ വന്നു. അതുപോലെ ജനന രജിസ്ട്രേഷന്റെ കാര്യത്തിൽ മാതാവിന്റെ സ്ഥിര താമസസ്ഥലവും മേൽവിലാസവും മരണ രജിസ്ട്രേഷന്റെ കാര്യത്തിൽ മരണപ്പെട്ട ആളുടെ സ്ഥിര താമസസ്ഥലവും സർട്ടിഫിക്കറ്റിൽ ചേർക്കുന്നതിനും നടപടി ആയി. പാസ്പോർട്ടിൽ ജനനതീയതി രേഖപ്പെടുത്തണമെങ്കിൽ 1989 മുതലുള്ള ജനനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനനസർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കി. (അതിന് മുൻപുള്ളവയ്ക്ക് സ്കൂൾ രേഖ മതിയാകും) ഇപ്പോൾ ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ വിവിധ ആവശ്യങ്ങൾക്ക് നിയമപരമായ ഒരു അവശ്യരേഖയാണ്. അതുകൊണ്ടു തന്നെ അതുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് മാത്രമേ നിർവ്വഹിക്കാൻ സാധിക്കുകയുള്ളു.

2008 വരെ ഹിന്ദുവിവാഹ രജിസ്ട്രേഷൻ മാത്രമാണ് തദ്ദേശഭരണ സ്ഥാപന

## ഹോസ്പിറ്റൽ കിയോസ്ക്ക്

### ജനന-മരണ വിവരങ്ങളുടെ ഓൺലൈൻ റിപ്പോർട്ടിംഗ് സംവിധാനം

ജനന-മരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ആശുപത്രി വഴി തന്നെ ബന്ധപ്പെട്ടവർക്കു നൽകുന്നതിനുള്ള കേരളത്തിന്റെ തനതു സംവിധാനമായ ഹോസ്പിറ്റൽ കിയോസ്ക്കുകൾ സംസ്ഥാനത്തു പ്രവർത്തനം ആരംഭിച്ചിട്ട് 6 വർഷം പിന്നിടുന്നു.

90 ശതമാനത്തിലധികം ജനനവും മരണവും ആശുപത്രികളിൽ തന്നെ നടക്കുന്ന കേരളത്തിൽ ഇവ രജിസ്റ്റർ ചെയ്യുന്നതിനും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുമുള്ള സൗകര്യം ആശുപത്രികളിൽ തന്നെ ലഭ്യമാക്കുകയാണ് ഹോസ്പിറ്റൽ കിയോസ്ക്കുകൾ ചെയ്യുന്നത്. തദ്ദേശഭരണ സ്ഥപനങ്ങളുമായി കമ്പ്യൂട്ടർ വഴി ബന്ധിപ്പിക്കപ്പെട്ടിട്ടുള്ള ജനന-മരണ രജിസ്ട്രേഷൻ കേന്ദ്രങ്ങളാണ് വിവിധ ആശൂപത്രികളിൽ സ്ഥാപിച്ചിട്ടുള്ള ഹോസ്പിറ്റൽ കിയോസ്ക്കുകൾ. ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശഭരണ സ്ഥപനങ്ങളും ആശുപത്രികളും ചേർന്നാണ് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. ഇതുമൂലം പൊതുജനങ്ങൾക്ക് ജനന-മരണ രജിസ്ട്രേഷനുകൾക്കും സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമായി തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് പോകേണ്ട ആവശ്യമില്ല. മാത്രവുമല്ല രജിസ്റ്റർ ചെയ്യുന്ന വിവരങ്ങളുടെ കൃത്യതയും ഗുണമേന്മയും വർദ്ധിക്കുകയും ചെയ്യുന്നു.

ജനനമോ മരണമോ റിപ്പോർട്ട് ചെയ്തു കഴിഞ്ഞാൽ 24 മണിക്കൂറിനകം അത് രജിസ്റ്റർ ചെയ്യുന്നതിനും സെക്ഷൻ 12 പ്രകാരമുള്ള സർട്ടിഫിക്കറ്റ് ആശുപത്രി വഴി തന്നെ ബന്ധുക്കൾക്കു ലഭ്യമാക്കാനും ഹോസ്പിറ്റൽ കിയോസ്ക്കുകൾക്ക് കഴിയുന്നു.

തദ്ദേശഭരണ സ്ഥാപനം വഴി യഥാസമയം രജിസ്ട്രേഷൻ നടത്താതിരിക്കുക, ബന്ധപ്പെട്ട ഫാറങ്ങളിൽ തെറ്റായതോ പൂർണ്ണമല്ലാത്തതോ ആയ വിവരങ്ങൾ രേഖപ്പെടുത്തുക, സെക്ഷൻ 12 സർട്ടിഫിക്കറ്റ് നൽകാത്തതു മൂലം രജിസ്ട്രേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അറിയാതിരിക്കുക എന്നീ കാരണങ്ങളാൽ ജനനം കഴിഞ്ഞ് അഞ്ച് വർഷങ്ങൾക്കു ശേഷം കുട്ടികളുടെ സ്കൂൾ പ്രവേശന സമയത്ത് ജനന സർട്ടിഫിക്കറ്റിനു വേണ്ടി തദ്ദേശഭരണ അധികാരികളെ സമീപിക്കുമ്പോൾ, രേഖകളിൽ സംഭവിച്ചിട്ടുള്ള വീഴ്ചകൾ പരിഹരിക്കുന്നതിന് സാധാരണക്കാർക്ക് പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നു. ഇത്തരം അവസ്ഥ ഒഴിവാക്കുന്നതിന് ഹോസ്പിറ്റൽ കിയോസ്ക്കുകൾ സഹായകമാണ്.

5 കോർപ്പറേഷനുകളിലെ അഞ്ചു സർക്കാർ ആശുപത്രികളിൽ 2005 ആഗസ്റ്റിൽ ഈ സംവിധാനം നിലവിൽ വന്നു. പിന്നീട് സ്വകാര്യ ആശുപത്രികളിലേക്കും വ്യാപിപ്പിച്ചു. പദ്ധതിയുടെ ഉപയോഗം കണക്കിലെടുത്ത് 2006 ഒക്ടോബർ മുതൽ മുനിസിപ്പാലിറ്റികളിലും 2006 നവമ്പർ മുതൽ ഗ്രാമപഞ്ചായത്തുകളിലും ഹോസ്പിറ്റൽ കിയോസ്ക്കുകൾ ആരംഭിച്ചു.

സംസ്ഥാനത്ത് ഇന്ന് 113 തദ്ദേശ സ്ഥാപനങ്ങളിലായി 62 സർക്കാർ ആശുപത്രികൾ ഉൾപ്പെടെ 417 ആശുപത്രികളിൽ ഈ സംവിധാനം നിലവിലുണ്ട്. (5 കോർപ്പറേഷനുകൾ, 42 നഗരസഭകൾ, 65 ഗ്രാമപഞ്ചായത്തുകൾ, കണ്ണൂർ കൺന്റോൺമെന്റ്). ഇപ്പോൾ സംസ്ഥാനത്തു രജിസ്റ്റർ ചെയ്യപ്പെടുന്ന ജനനങ്ങളുടെ 75 ശതമാനവും ഹോസ്പിറ്റൽ കിയോസ്ക്കുകൾ വഴിയാണ്. 2011 വരെ 19.63 ലക്ഷം രജിസ്ട്രേഷനുകൾ ഈ സംവിധാനം വഴി നിർവ്വഹിച്ചിട്ടുണ്ട്. പ്രതിമാസം 40000 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.




# സിവിൽ രജിസ്ട്രേഷൻ

## ഇ-ഗവേണൻസിൽ നിന്നും എം-ഗവേണൻസിലേക്ക്

സിവിൽ രജിസ്ട്രേഷൻ വിവരങ്ങൾ എസ്.എം.എസ് സന്ദേശങ്ങൾ വഴി അറിയിക്കുന്നതിനുള്ള സംവിധാനം ഐ.കെ.എം വികസിപ്പിച്ചിട്ടുണ്ട്. നവജാതശിശുക്കളുടെ രോഗപ്രതിരോധ കുത്തിവെയ്പ് സംബന്ധമായ സന്ദേശങ്ങൾ മാതാപിതാക്കൾക്ക് നൽകുന്നതിനുള്ള സംവിധാനവും തയ്യാറായിട്ടുണ്ട്. സർക്കാർ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ഇത് പ്രാവർത്തികമാക്കാൻ കഴിയുന്നതാണ്.

ഇലക്ട്രോണിക് രൂപത്തിൽ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങളും ഇ-പെയ്മെന്റ് വഴി അപേക്ഷാഫീസുകൾ സ്വീകരിക്കുന്നതിനുള്ള സംവിധാനവും തീരുമാനങ്ങൾ എസ്.എം.എസ്സിലൂടെയും ഇ-മെയിലിലൂടെയും ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനും ആധികാരികമായ സർട്ടിഫിക്കറ്റുകൾ വെബ്സൈറ്റ് മുഖേന ലഭ്യമാക്കി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സുതാര്യമായ സേവനങ്ങൾ നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്താൻ കഴിയുന്നതാണ്.

1970 മുതൽ നടന്നിട്ടുള്ള ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെ ഡാറ്റാബേസ് പൂർത്തിയാക്കുമ്പോൾ സിവിൽ രജിസ്ട്രേഷൻ രംഗത്ത് കേരളം ഒരു മാതൃകയാവും.

ങ്ങളിൽ നിർവ്വഹിച്ചിരുന്നത്. എന്നാൽ 2008 ഫെബ്രുവരി 29 മുതൽ പൊതു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ നിലവിൽ വരുകയും മതാചാരപ്രകാരം നടക്കുന്ന എല്ലാ വിവാഹങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്യണം എന്ന നിയമം പ്രാബല്യത്തിൽ വരികയും ചെയ്തതോടു കൂടി വിവാഹ രജിസ്ട്രേഷനുകൾ നിയമപരമായ ഒരാവശ്യമായി മാറി. ജനന-മരണ-വിവാഹ സംബന്ധമായ സേവനങ്ങൾ കൈയ്യെഴുത്തായി നിർവ്വഹിച്ചു നൽകുന്നതിന് വളരെയധികം കാലതാമസവും പൊതുജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടും അനുഭവപ്പെട്ടിരുന്നു.

### സേവന സോഫ്റ്റ്‌വെയർ

2005 മുതൽ തന്നെ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സേവന സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ജനന-മരണ-ഹിന്ദു വിവാഹ രജിസ്ട്രേഷനുകൾ മുഴുവൻ നഗരസഭകളിലും നടപ്പാക്കി തുടങ്ങി. അന്നത്തെ സർക്കാരിന്റെ 100 ദിനപരിപാടിയുടെ ഭാഗമായി സമയ ബന്ധിതമായി നടപ്പാക്കിയതിനാൽ ഇന്ന് നഗരസഭകളിൽ 2005 മുതലുള്ള മുഴുവൻ ജനന-മരണ രജിസ്ട്രേഷൻ വിവരങ്ങളും ഇലക്ട്രോണിക് രജിസ്റ്ററിൽ ലഭ്യമാണ്. സംസ്ഥാനത്ത് നടക്കുന്ന ആകെ രജിസ്ട്രേഷന്റെ 60% വും നഗരസഭകളിലാണ് രജിസ്റ്റർ ചെയ്യപ്പെടുന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. (പ്രതിവർഷം ഏകദേശം 450000 രജിസ്ട്രേഷനുകൾ). ഗ്രാമപഞ്ചായത്തുകളിൽ ഇടമലക്കുടിയും അഞ്ചുതെങ്ങും ഒഴികെയുള്ള മുഴുവൻ രജിസ്ട്രേഷൻ യൂണിറ്റുകളിലും ജനന-മരണ രജിസ്ട്രേഷൻ സേവന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഇപ്പോൾ നിർവ്വഹിക്കപ്പെടുന്നത്. (സംസ്ഥാനത്ത് ആകെ നടക്കുന്ന 750000 രജിസ്ട്രേഷനുകളുടെ 99.99%).

ജനന-മരണ-വിവാഹങ്ങളുടെ രജിസ്ട്രേഷനുകൾ നിർവ്വഹിക്കുന്നതിനും അതുസംബന്ധമായി പൊതുജനങ്ങൾക്ക് നൽകേണ്ട എല്ലാ സേവനങ്ങളും നൽകുന്നതിനും സേവന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കഴിയുന്നതാണ്. ബന്ധപ്പെട്ട നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസരണമായാണ് ഈ സോഫ്റ്റ്‌വെയർ ചിട്ടപ്പെടുത്തിയിട്ടുള്ളത്. 600ലധികം യൂണിറ്റുകളിൽ പൊതുവിവാഹ രജിസ്ട്രേഷൻ ഈ സോഫ്റ്റ്‌വെയറിലൂടെ നിർവ്വഹിക്കപ്പെടുന്നുണ്ട്.

കൈയ്യെഴുത്തായി നിർവ്വഹിച്ചിരുന്ന 1970 മുതലുള്ള റിക്കാർഡുകൾ ഇലക്ട്രോണിക് രൂപത്തിലാക്കുന്ന പ്രവർത്തനങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പുരോഗമിക്കുന്നു. കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ട കാലയളവിലെ സർട്ടിഫിക്കറ്റുകൾക്ക് ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കുന്നവർക്ക് സോഫ്റ്റ്‌വെയറിന്റെ സഹായത്താൽ സർട്ടിഫിക്കറ്റ് അന്നു തന്നെ നൽകുന്നതിനും സാധിക്കുന്നുണ്ട്. (പേരു ചേർക്കൽ, തെറ്റുതിരുത്തലുകൾ എന്നിവ ഉൾപ്പെടെ എല്ലാ സേവനങ്ങളും).

സർക്കാരിന്റെ ഡേറ്റാ സെന്ററിലേക്ക് ബന്ധം പൂർത്തിയാക്കിട്ടുള്ള 700ൽ അധികം സ്ഥലങ്ങളിലെ രജിസ്ട്രേഷൻ വിവരങ്ങൾ തത്സമയം ഡേറ്റാ സെന്ററിലേക്ക് അയയ്ക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയും. അപ്രകാരമുള്ള സ്ഥലങ്ങളിലെ ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ www.lsgkerala.gov.in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് ലഘുവായ ചില വിവരങ്ങൾ (ഉദാ: അമ്മയുടെ പേര്, കുട്ടിയുടെ ലിംഗപദവി, ജനനതീയതി) നൽകി യഥേഷ്ടം ഡൗൺലോഡ് ചെയ്ത് എടുക്കാൻ കഴിയുന്നതാണ്. ഇപ്രകാരം ഡൗൺലോഡ് ചെയ്ത് എടുക്കുന്ന ജനന സർട്ടിഫിക്കറ്റുകൾ സ്ക്കൂൾ പ്രവേശനത്തിന് മതിയായ രേഖയാണെന്ന് വിദ്യാഭ്യാസ വകുപ്പിന്റെ 02.09.2010ലെ 173/10 നമ്പർ ഉത്തരവിലും. വെബ് വഴി ലഭിക്കുന്ന ജനന-മരണ സർട്ടിഫിക്കറ്റുകൾ ആധികാരിക രേഖയാണെന്ന് 08.12.2010ലെ 20741/09 സർക്കുലർ വഴി ചീഫ് രജിസ്ട്രാറും (ജനന-മരണ രജിസ്ട്രേഷൻ) അംഗീകാരം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തു നടക്കുന്ന എല്ലാ രജിസ്ട്രേഷനുകൾക്കും ഒരു യൂണിക്ക് ഐ.ഡി നമ്പർ നൽകുന്നു. കൂടാതെ സർട്ടിഫിക്കറ്റുകളിൽ ഒരു ബാർകോഡ് സെക്യൂരിറ്റി സംവിധാനം നൽകിയും സുരക്ഷിതമാക്കിയിട്ടുണ്ട്. ഈ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് അതിന്റെ നിജസ്ഥിതി വെബ്സൈറ്റ് വഴി പരിശോധിച്ച് ഉറപ്പാക്കാൻ കഴിയുന്നതാണ്. വ്യാജ സർട്ടിഫിക്കറ്റുകൾ തടയാൻ ഇതു സഹായകരമാണ്. പാസ്പോർട്ട് ഓഫീസുകൾ ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നത് പാസ്പോർട്ടിന് അപേക്ഷ നൽകുന്നവർക്ക് വളരെ പ്രയോജനകരമായിട്ടുണ്ട്. സേവന സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയർ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ 2010ലെ പൗരസേവന കേന്ദ്രീകൃത സോഫ്റ്റ്‌വെയറിനുള്ള അവാർഡുകൾ കരസ്ഥമാക്കിയിട്ടുണ്ട്. ■

*ലേഖകൻ ഇൻഫർമേഷൻ കേരള മിഷനിൽ ഹോസ്പിറ്റൽ കിയോസ്ക് വിഭാഗം ടീം ലീഡറാണ്*











# വിവാഹ രജിസ്ട്രേഷൻ ഇ-ഫയലിംഗിലൂടെ

2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു)ചട്ടങ്ങൾക്കനുസൃതമായി ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും നടക്കുന്ന വിവാഹ രജിസ്ട്രേഷനുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനുമുള്ള സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വിന്യസിച്ചിട്ടുണ്ട്.

2008-ലെ പൊതുവിവാഹ ചട്ടങ്ങൾക്കനുസരിച്ച് വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നിശ്ചിത ഫാറത്തിലുള്ള ഒരു മെമ്മോറാണ്ടം അനുബന്ധ രേഖകൾ സഹിതം വിവാഹം നടക്കുന്ന സ്ഥലത്തെ തദ്ദേശഭരണ സ്ഥാപനത്തിൽ സമർപ്പിക്കുകയും നിശ്ചിത ഫീസ് ഒടുക്കുകയും ചെയ്യണം. കൂടാതെ വിവാഹിതരായവർ രജിസ്ട്രാറുടെ മുമ്പിൽ നേരിട്ട് ഹാജരായി രജിസ്റ്ററിൽ ഒപ്പുവയ്ക്കണം. നിലവിലുള്ള സംവിധാനത്തോടൊപ്പം വെബ് വഴിയായി ഡേറ്റ എൻട്രി ചെയ്ത മെമ്മോറാണ്ടം സമർപ്പിക്കാനുള്ള സൗകര്യം സേവന സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ വരുത്തിയിട്ടുണ്ട്. ഈ സൗകര്യം www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കഠിനംകുളം ഗ്രാമപഞ്ചായത്ത്, കൊല്ലം കോർപ്പറേഷൻ, തൃപ്പൂണിത്തുറ നഗരസഭ എന്നിവിടങ്ങളിൽ ഈ സംവിധാനം പ്രവർത്തിച്ചുവരുന്നു.

### നടപടിക്രമങ്ങൾ

സ്വന്തമായി ഇന്റർനെറ്റ് കണക്ഷനുകൾ ഉള്ളവർക്കും അക്ഷയ കേന്ദ്രങ്ങൾ, ഇന്റർനെറ്റ് കഫേകൾ എന്നിവിടങ്ങളിൽ നിന്നും വിവാഹ രജിസ്ട്രേഷന് ആവശ്യമായ മെമ്മോറാണ്ടം വെബ് ഫാറത്തിൽ രേഖപ്പെടുത്താൻ കഴിയുന്നതാണ്. വിവാഹത്തിന് ശേഷം തദ്ദേശഭരണ സ്ഥാപനത്തിൽ നേരിട്ട് ഹാജരായി മെമ്മോറാണ്ടം ആവശ്യമായ രേഖകളും ഫീസും സഹിതം സമർപ്പിക്കുമ്പോൾ മാത്രമേ വെബ് വഴിയുള്ള രേഖകൾ സാധൂകരിക്കുകയുള്ളൂ. വിവാഹ സംബന്ധമായ വിവരങ്ങൾ വെബിൽ രേഖപ്പെടുത്തുന്നതിന് www.cr.lsgkerala. gov.in എന്ന വെബ് സൈറ്റിലേക്ക് ലോഗ്ഓൺ ചെയ്യേണ്ടതാണ്. അതിനുശേഷം 'Online application submission' എന്ന ബട്ടൺ ഉപയോഗിച്ച് ജില്ല, തദ്ദേശഭരണസ്ഥാപനം എന്നിവ തിരഞ്ഞെടുക്കണം. ലളിതമായ രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കിയാൽ ഡേറ്റാ എൻട്രിക്കു വേണ്ടി വിവാഹ രജിസ്ട്രേഷൻ ഫോറം 1 ലഭിക്കുന്നതാണ്.

ഫാറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ കൃത്യതയോടെ, തെറ്റുകൂടാതെ രേഖപ്പെടുത്തേണ്ടതാണ്. വിവാഹിതരായവരുടെ ഫോട്ടോ സ്കാൻ ചെയ്ത് ചേർക്കേണ്ടതാണ്. ഫാറത്തിന്റെ പ്രിന്റ് എടുത്ത് ബന്ധപ്പെട്ട എല്ലാവരും ഒപ്പിട്ട് തദ്ദേശഭരണ സ്ഥാപനത്തിൽ അപേക്ഷയായി നൽകണം. രജിസ്ട്രേഷന് ഉപയോഗിക്കുന്ന യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് ഫാറം വീണ്ടും കാണുന്നതിനും ആവശ്യമെങ്കിൽ തിരുത്തൽ വരുത്തുന്നതിനും കഴിയുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിൽ ഫാറം ഡൗൺലോഡ് ചെയ്യുന്നതു വരെ മാത്രമേ ഈ സൗകര്യം ലഭ്യമാവുകയുള്ളൂ. വെബിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതു കൊണ്ടുമാത്രം തദ്ദേശഭരണ സ്ഥാപനത്തിൽ അപേക്ഷ നൽകിയതായി കണക്കാക്കുന്നതല്ല. അതിന് മെമ്മോറാണ്ടം ആവശ്യമായ രേഖകളും ഫീസും വെബിൽ നിന്നും ലഭിക്കുന്ന റഫറൻസ് നമ്പറും സഹിതം തദ്ദേശഭരണ സ്ഥാപനത്തിൽ നൽകേണ്ടതാണ്. വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം ദമ്പതികൾ നേരിട്ട് രജിസ്ട്രേഷൻ യൂണിറ്റിൽ (തദ്ദേശഭരണ സ്ഥാപനം) ഹാജരാകേണ്ടതുള്ളതു കൊണ്ട് മുകളിൽ പറഞ്ഞ രേഖാസമർപ്പണം അതോടൊപ്പം നിർവ്വഹിക്കാൻ കഴിയുന്നതാണ്. രജിസ്ട്രേഷൻ നടപടികൾ അപ്പോൾ തന്നെ പൂർത്തിയാക്കാനും കഴിയും. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി വെബിലേക്ക് അപ്ഡേറ്റ് ചെയ്തു കഴിയുമ്പോൾ വിവരങ്ങൾ വെബ്സൈറ്റിലും ലഭ്യമാകുന്നതാണ്.

www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ സംസ്ഥാനത്ത് നടക്കുന്ന മുഴുവൻ രജിസ്ട്രേഷനുകളുടെയും എണ്ണം തദ്ദേശഭരണസ്ഥാപനതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഓൺലൈൻ ആയി അപ്ഡേറ്റ് ചെയ്യപ്പെടുന്നു. വെബ്സൈറ്റ് സന്ദർശിക്കുന്നവർക്ക് രജിസ്ട്രേഷൻ ഘടികാരത്തിലൂടെ ഈ കണക്കുകൾ കാണാൻ കഴിയുന്നതാണ്. ■

എ. എം. മോഹനൻ നായർ



ഇ-ഗവേണൻസ് സ്പെഷ്യൽ

# ഇ-ഗവേണൻസും സാമൂഹ്യസുരക്ഷാ പെൻഷനുകളും

**സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിയിട്ടുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ സംബന്ധിച്ച എല്ലാ വിവരങ്ങളും *www.welfarepension.lsgkerala. gov.in* എന്ന വെബ്സൈറ്റിലൂടെ കണ്ടറിയാൻ കഴിയും.**

1992ലെ 73, 74 ഭരണഘടനാ ഭേദഗതികളുടെ അടിസ്ഥാനത്തിൽ 1994ലെ കേരള പഞ്ചായത്ത്‌രാജ് ആക്റ്റ്, 1994ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവ യഥാക്രമം 1994 ഏപ്രിൽ 24നും 1994 മേയ് 30നും നിലവിൽ വന്നു. ത്രിതല പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അധികാരങ്ങളും ചുമതലകളും പട്ടികയിൽപ്പെടുത്തി. പഞ്ചായത്ത് രാജ് നിയമത്തിലെ 3-ാം പട്ടികയിൽ ഗ്രാമപഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റി നിയമത്തിലെ ഒന്നാം പട്ടികയിൽ നഗരസഭകളുടെയും അധികാരങ്ങളും ചുമതലകളും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമങ്ങളിൽ മേഖലാതല ചുമതലയിൽ XIII-ാമത് ഇനമായി സാമൂഹ്യസുരക്ഷ പരിപാടികൾ എന്ന തലക്കെട്ടിൽ വിവിധ സാമൂഹ്യസുരക്ഷാ പെൻഷന്റെ നടത്തിപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയായി മാറി. ഇത് നടപ്പിൽ വരുത്തുന്നതിനായി സർക്കാർ 1995 സെപ്തംബർ 9ന് സമഗ്രമായ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി (ജി.ഒ.(പി)189/95/തസ്വഭവ). തുടർന്ന് ഇതിന്റെ നടത്തിപ്പ് സുഗമമാക്കുന്നതിനു വേണ്ടി സർക്കാർ വിവിധ വകുപ്പുകളിൽ നിന്നുള്ള പെൻഷനുകൾ കൈമാറിക്കൊണ്ട് പ്രത്യേകം ഉത്തരവ് പുറപ്പെടുവിച്ചു.



ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നീ പ്രാദേശിക സർക്കാരുകൾക്കാണ് മേൽപ്പറഞ്ഞ സാമൂഹ്യസുരക്ഷ പദ്ധതികളുടെ നടത്തിപ്പിന്റെ ചുമതല. പെൻഷൻ പദ്ധതികളുടെ വിതരണം കൂടുതൽ കാര്യക്ഷമവും ക്രമബന്ധവും സമയബന്ധിതവുമായി നടപ്പിലാക്കുന്നതിനാണ് നിലവിലുള്ള നടപടിക്രമങ്ങൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെയാക്കാൻ സർക്കാർ തീരുമാനിച്ചത്. അതിന്റെ ഭാഗമായി പഞ്ചായത്ത് വകുപ്പിന്റെ സഹായത്തോടെ സേവന പെൻഷൻ എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചു പ്രവർത്തനക്ഷമമാക്കി. അതുപയോഗിച്ച് സുരക്ഷാ പെൻഷൻ നടപടിക്രമങ്ങൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നു. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും നിലവിലുണ്ടായിരുന്ന പെൻഷണർമാരുടെ സമഗ്രമായ വിവരവ്യൂഹം സൃഷ്ടിച്ച് പ്രസ്തുത ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പെൻഷൻ വിതരണം സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ പെൻഷൻ വിതരണത്തിന് അലോട്ട്മെന്റ് ലഭിച്ചാലും മാസങ്ങളോളം കഴിഞ്ഞാലെ മണിയോഡർ തയ്യാറാക്കി പോസ്റ്റാഫീസുകളിലൂടെ പെൻഷൻ വിതരണം നടത്താൻ സാധിക്കുമായിരുന്നുള്ളു. എന്നാൽ ഇപ്പോൾ സമയനഷ്ടം ഒഴിവാക്കികൊണ്ട് നടപടിക്രമങ്ങൾ പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിന് സാധ്യമായിട്ടുണ്ട്.

സേവന (പെൻഷൻ) സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ തയ്യാറാക്കപ്പെടുന്ന വിവിധ തരം റിപ്പോർട്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു മാത്രമല്ല, കേന്ദ്ര സർക്കാരിനും സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പിനും കൂടി ഉപയോഗപ്രദമാണ്. പെൻഷൻ വിതരണത്തിനു അലോട്ട്മെന്റുകൾ ലഭിച്ചാൽ തന്നെയും, പെൻഷണറുടെ ലിസ്റ്റും മണിയോർഡർ ഫോറവും എഴുതി തയ്യാറാക്കി ഗുണഭോക്താവിന് ലഭ്യമാക്കുന്നതിന് വളരെയേറെ കാലതാമസം മുൻകാലത്ത് നേരിട്ടിരുന്നത് പരിഹരിക്കപ്പെട്ടതോടൊപ്പം ഉദ്യോഗസ്ഥരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. കണ്ടിന്യൂസ് മണിയോർഡർ ഫോറത്തിൽ പ്രിന്റെടുത്തും, ഇ-മണിയോഡർ സംവിധാനത്തിലൂടെയും ഗുണഭോക്താക്കൾക്ക് പെൻഷൻ എത്തിക്കുന്നതിന് ഇന്ന് അനായാസം സാധിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ, പൊതുജനങ്ങളുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടുനിൽക്കുന്ന വികേന്ദ്രീകൃത ഭരണകേന്ദ്രങ്ങളായ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സേവനപ്രക്രിയകളെ ആധുനീകരിക്കുന്നുവെന്നു മാത്രമല്ല, ക്ഷേമരാഷ്ട്ര സങ്കൽപ്പത്തെ ബലപ്പെടുത്തുകയും ചെയ്യുന്നു.

സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിയിട്ടുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ സംബന്ധിച്ച എല്ലാ വിവരങ്ങളും www.welfarepension.lsgkerala.gov.in എന്ന വെബ്സൈറ്റിലൂടെ കണ്ടറിയാൻ കഴിയും. തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ക്രോഡീകരിച്ച ഓരോ ഇനം പെൻഷനെയും സംബന്ധിച്ച വിവരങ്ങൾ ഇതിൽ ലഭ്യവുമാണ്. വരും കാലത്തേക്ക് വിതരണത്തിനാവശ്യമായ തുകയും മറ്റു കണക്കുകളും മാസം, വർഷം എന്നിവ തിരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ജില്ലാതല ഉദ്യോഗസ്ഥർക്കും സംസ്ഥാനതല വകുപ്പ് അധികൃതർക്കും സർക്കാരിനും ഉപയോഗപ്രദമാക്കാൻ ഇ-ഗവേണൻസിലൂടെ സാധിച്ചിട്ടുണ്ട്.■

*ലേഖകൻ ഇൻഫർമേഷൻ കേരള മിഷനിൽ കൺസൾട്ടന്റാണ്*

## സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - സംസ്ഥാനതല വിവരം

| പെൻഷൻ തരം | 2009-2010 | | 2010-2011 | | 2011-2012 | |
|---|---|---|---|---|---|---|
| | എണ്ണം | രൂപ (കോടിയിൽ) | എണ്ണം | രൂപ (കോടിയിൽ) | എണ്ണം | രൂപ (കോടിയിൽ) |
| കർഷകതൊഴിലാളി പെൻഷൻ | 394039 | 105.82 | 486022 | 93.08 | 514322 | 58.92 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 141205 | 33.8 | 1702333 | 39.48 | 192576 | 22.81 |
| ശാരീരികമായി/മാനസികമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 151951 | 37.61 | 190961 | 41.33 | 215467 | 27.78 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 32922 | 8.18 | 40849 | 9.37 | 45175 | 6.38 |
| വിധവാ പെൻഷൻ | 350380 | 82.97 | 473475 | 117.74 | 562608 | 70.7 |
| Total | 1070497 | 268.38 | 1361540 | 301 | 1530148 | 186.59 |

*2011-12ന്റെ എണ്ണവും തുകയും ലോക്കൽബോഡി യൂണികോഡ് വെർഷനിലേക്ക് മാറ്റപ്പെട്ടവയുടെ മാത്രം വിവരങ്ങളാണ്. ദിനംപ്രതി മാറ്റം വരുന്നതാണ്.*






*ലക്ഷ്മി. ജെ
**ജയശ്രീ. എസ്

# സുലേഖ

## വികേന്ദ്രീകൃതാസൂത്രണം കാര്യക്ഷമമാക്കാൻ

തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കി വരുന്ന വാർഷിക വികസന പദ്ധതികളുടെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിന് അവയുടെ പുരോഗതി സർക്കാർതലത്തിൽ വിലയിരുത്തേണ്ടത് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ്. ഇത്തരത്തിൽ പുരോഗതി വിലയിരുത്തുന്നതിന് പ്രവർത്തനക്ഷമമായ ഒരു സംവിധാനം ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി 9,10 പഞ്ചവത്സരപദ്ധതി കാലത്തെ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി റിപ്പോർട്ട് വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇതിലേക്കായി പദ്ധതി വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കുന്നതിനു വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) സുലേഖ സോഫ്റ്റ് വെയർ വികസിപ്പിച്ചു. സുലേഖ സോഫ്റ്റ് വെയർ ഉപയോഗിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പദ്ധതി പുരോഗതി റിപ്പോർട്ട് തയ്യാറാക്കണമെന്ന് 2004 ഫെബ്രുവരി 3ന് സർക്കാർ ഉത്തരവായി (ജി.ഒ.(എം.എസ്)നമ്പർ7/2004 പ്ലാനിംഗ്).

തുടർന്ന് സുലേഖ ആപ്ലിക്കേഷൻ കൂടുതൽ പ്രവർത്തനക്ഷമമാക്കുകയും വിവിധ ഘട്ടങ്ങളായി വിന്യസിക്കുകയും ചെയ്തു. 10-ാം പഞ്ചവത്സര പദ്ധതി മുതൽ സർക്കാർ നിർദ്ദേശമനുസരിച്ചുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളും സുലേഖ ആപ്ലിക്കേഷൻ ഉപയോഗിച്ച് വികസന പദ്ധതി പ്രോജക്ടുകൾ ഓൺലൈനായി ജില്ലാ വികസന സമിതിക്കു സമർപ്പിച്ചു തുടങ്ങി. കൂടാതെ സുലേഖ ആപ്ലിക്കേഷന്റെ വിവിധ മൊഡ്യൂളുകൾ ഉപയോഗിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ സാങ്കേതിക ഉപദേശകസമിതി പരിശോധിക്കുകയും ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തുവരുന്നു.

### പുരസ്കാരങ്ങൾ

- ഗവൺമെന്റ് ടു ഗവൺമെന്റ് പ്രോജക്ട് കാറ്റഗറിയിൽ സുലേഖ പ്ലാൻ മോണിറ്ററിംഗ് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിന് 2009ലെ സി.എസ്.ഐ. നിഹിലെന്റ് ഇ-ഗവേണൻസ് അവാർഡ് ലഭിച്ചു.
- 2009-10 ഭാരത സർക്കാരിന്റെ ദേശീയ ഇ-ഗവേണൻസിന്റെ സ്വർണ്ണ മെഡൽ "Excellence in Government Process Re-engineering" സുലേഖ സോഫ്റ്റ്‌വെയറിന് ലഭിച്ചു.

കാലാകാലങ്ങളിൽ സർക്കാർ ഉത്തരവുകളിലൂടെയും സർക്കുലറുകളിലൂടെയും പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനും നൽകുന്ന നിർദ്ദേശങ്ങൾ കാലതാമസം കൂടാതെ ഓരോ വാർഷിക പദ്ധതിയിലും സുലേഖ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തുന്നുണ്ട്. ഒരു തദ്ദേശ ഭരണ സ്ഥാപനത്തിന് ലഭ്യമാകുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നും മേഖലാ പരിധിയിലുള്ള പ്രോജക്ടുകൾ, അനിവാര്യ ചുമതലകൾ എന്നിവയ്ക്കായി സർക്കാർ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള ശതമാനമനുസരിച്ച് വകയിരുത്തേണ്ട തുകയുടെ വിവര ങ്ങൾ സുലേഖ ആപ്ലിക്കേഷൻ വഴി തയ്യാറാക്കപ്പെടുകയും പ്രസ്തുത തുകയ്ക്കനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ഏറ്റെടുക്കുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തദ്ദേശഭരണ സ്ഥാപനം നിർബന്ധമായും പാലിക്കേണ്ട നടപടികൾ സർക്കാർ മാർഗ്ഗനിർദ്ദേശം അനുസരിച്ച് തന്നെ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് വാലിഡേഷൻ പോലുള്ള സംവിധാനം സുലേഖയിൽ ക്രമീകരിച്ചിരിക്കുന്നു. വാലിഡേഷൻ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ സാധ്യമാകുകയുള്ളൂ. അതുകൊണ്ട് തന്നെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ജനകീയാസൂത്രണത്തിന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള കർശന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ സുലേഖ ആപ്ലിക്കേഷൻ വഴി പദ്ധതി രൂപീകരിക്കാനും അംഗീകാരം നേടാനും സാധിക്കുകയുള്ളൂ. അതിനാൽ കേരളത്തിലെ ജനകീയാസൂത്രണം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൃത്യവും സുതാര്യവും കാര്യക്ഷമവും നിയമാധിഷ്ഠിതവുമാണെന്ന് നിസ്സംശയം പറയാം.

### സുലേഖ ആപ്ലിക്കേഷൻ മൊഡ്യൂളുകൾ

പദ്ധതി രൂപീകരണം മുതൽ മോണിറ്ററിംഗ് വരെയുള്ള പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർവത്കരണം സുലേഖ ആപ്ലിക്കേഷന്റെ വിവിധ മൊഡ്യൂളുകളിലൂടെയാണ് നിർവ്വഹിക്കപ്പെടുന്നത്. മൊഡ്യൂളുകളുടെ പ്രവർത്തനങ്ങളും നേട്ടങ്ങളും ചുവടെ ചേർക്കുന്നു.

**ഫോർമുലേഷൻ മൊഡ്യൂൾ** (പദ്ധതി രൂപീകരണത്തിനുള്ള മൊഡ്യൂൾ)

ഒരു സാമ്പത്തിക വർഷം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്ന എല്ലാ പദ്ധതികളും ഈ മൊഡ്യൂളിലൂടെ ഇലക്ട്രോണിക് രൂപത്തിൽ തയ്യാറാക്കുന്നു. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രോജക്ട് രൂപീകരണ ഫോറത്തിലെ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി അതേ മാതൃകയിലാണ് ഈ മൊഡ്യൂൾ രൂപവൽക്കരിച്ചിട്ടുള്ളത്. പ്രോജക്ട് കാറ്റഗറി, വികസന മേഖലകൾ, ഉപമേഖലകൾ, സൂക്ഷ്മ മേഖലകൾ, നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ, നിർവ്വഹണ ഏജൻസികൾ, പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, ആസ്തി, വിഭവ സ്രോതസ്സുകൾ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി തുടങ്ങി പ്രോജക്ട് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ വിവരങ്ങളും ഈ മൊഡ്യൂളിൽ മാസ്റ്റർ രൂപത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്കായി സർക്കാർ അനുവദിക്കുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ മേഖലാടിസ്ഥാനത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തന്നെ വിനിയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള വാലിഡേഷൻ സൗകര്യവും ഈ മൊഡ്യൂളിൽ ലഭ്യമാണ്.

**ടി എ ജി മൊഡ്യൂൾ** (സാങ്കേതിക ഉപദേശക സമിതിയുടെ പരിശോധനയ്ക്ക് വേണ്ടിയുള്ള മൊഡ്യൂൾ)

തദ്ദേശ ഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതികൾ രൂപീകരിച്ചുകഴിഞ്ഞാൽ പരിശോധനയ്ക്കായി സാങ്കേതിക പരിശോധന സമിതിക്ക് സമർപ്പിക്കേണ്ടതാണ്. പദ്ധതി പരിശോധനയ്ക്ക് വേണ്ടിയുള്ള സുലേഖ ആപ്ലിക്കേഷന്റെ മൊഡ്യൂളാണ് ടിഎജി മൊഡ്യൂൾ (TAG Module). ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്കുതലത്തിലും ബ്ലോക്ക് പഞ്ചായത്തിനും മുനിസിപ്പാലിറ്റികൾക്കും ജില്ലാതലത്തിലും ജില്ലാപഞ്ചായത്തിനും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും സംസ്ഥാനതലത്തിലുമാണ് പദ്ധതി പരിശോധന നടത്തുന്നത്. ടാഗ് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള പദ്ധതി പരിശോധനകൾക്കാവശ്യമായ ചെക്ക് ലിസ്റ്റുകൾ രേഖപ്പെടുത്തുന്നതിനും റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കുന്നതിനും ഈ മൊഡ്യൂളിലൂടെ സാധ്യമാകുന്നു.

**ഡി പി സി മൊഡ്യൂൾ (DPC)** (ജില്ലാ ആസൂത്രണ സമിതി തലത്തിൽ പദ്ധതി അംഗീകരിക്കുന്നതിന് വേണ്ടിയുള്ള മൊഡ്യൂൾ)

സാങ്കേതിക ഉപദേശക സമിതിയുടെ പരിശോധനയ്ക്ക് വിധേയമായ പദ്ധതികൾ അംഗീകാരത്തിനായി ശുപാർശ ചെയ്ത് കഴിയുന്നതോടെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ജില്ലാ ആസൂത്രണ സമിതിയിൽ അംഗീകാരത്തിനായി സമർപ്പിക്കാം. പദ്ധതി അംഗീകാരത്തിനായി ജില്ലാ പ്ലാനിംഗ് ഓഫീസ് തലത്തിൽ പ്രവർത്തിക്കുന്ന മൊഡ്യൂളാണ് ഡി.പി.സി. മൊഡ്യൂൾ. ജില്ലാ ആസൂത്രണ സമിതിയുടെ അജണ്ട, അന്തിമ നടപടി ഉത്തരവ് (Final Proceedings) എന്നിവ ഈ മൊഡ്യൂളിലൂടെയാണ് തയ്യാറാക്കുന്നത്.

### സുലേഖ ആപ്ലിക്കേഷന്റെ നേട്ടങ്ങൾ

- ഇന്ത്യയിലെ ആസൂത്രണ നിർവ്വഹണ സംവിധാനങ്ങൾക്ക് മാതൃകയായി കൊണ്ട് കേരളത്തിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും പദ്ധതി പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമായി സർക്കാർ നിർദ്ദേശ പ്രകാരം നടപ്പിലാക്കുന്നതിന് ഒരു അത്യന്താപേക്ഷിത ഘടകമായി സുലേഖ ആപ്ലിക്കേഷൻ നിലകൊള്ളുന്നു.
- ആപ്ലിക്കേഷൻ ഉപയോഗിച്ച് പദ്ധതി രൂപീകരണം, പരിശോധന, അംഗീകാരം തുടങ്ങിയവ പ്രാവർത്തികമാക്കുന്നതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടപ്പിലാക്കാൻ സാധിക്കുന്നു.
- 28ൽപരം വിഭവസ്രോതസ്സുകളിൽ വകയിരുത്തുന്ന ഏകദേശം 2 ലക്ഷത്തോളം വികസന പ്രോജക്ടുകൾ ഓരോ വാർഷിക പദ്ധതികളിൽ സുലേഖ ആപ്ലിക്കേഷനിലൂടെ രൂപീകരിക്കാൻ സാധിക്കുന്നു.
- 10,11 പഞ്ചവത്സര പദ്ധതികാലയളവുകളിലെ ഏകദേശം 17,00,000-ൽ പരം പ്രോജക്ടുകൾ സുലേഖ ആപ്ലിക്കേഷനിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- സുലേഖ വെബ്സൈറ്റിൽ നിന്നും ഓരോ തദ്ദേശഭരണ സ്ഥാപനം നടപ്പിലാക്കിയ പദ്ധതികളുടെ കാറ്റഗറി, മേഖല, ഉപമേഖല, സൂക്ഷ്മ മേഖല, സ്രോതസ്സ് എന്നിവ തിരിച്ചുള്ള വകയിരുത്തൽ-ചെലവ് റിപ്പോർട്ടുകൾ നിഷ്പ്രയാസം ലഭ്യമാകുന്നതാണ്. കൂടാതെ ഇത്തരം റിപ്പോർട്ടുകൾ ഓഡിറ്റിംഗിനുള്ള അടിസ്ഥാന രേഖയായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും പെർഫോർമൻസ് ഓഡിറ്റ് വിഭാഗവുംസ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.
- ഐ.കെ.എം. വികസിപ്പിച്ച മറ്റു സോഫ്റ്റ്‌വെയറുകളുമായി (സാംഖ്യ-അക്കൗണ്ടിംഗ്, സചിത്ര-അസ്സറ്റ്, സുഗമ-എസ്റ്റിമേറ്റ്, സകർമ്മ- കൗൺസിൽ നടത്തിപ്പ്) കൂട്ടിയിണക്കി സമഗ്രതയോടെ പ്രവർത്തിക്കുന്നു.

**ചെലവ് റിപ്പോർട്ടിംഗിനുള്ള മൊഡ്യൂൾ (Monthly Monitoring System)**

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന പദ്ധതികളുടെ ചെലവ് മോണിറ്റർ ചെയ്യുന്നതിനാണ് ഈ മൊഡ്യൂൾ ഉപയോഗിക്കുന്നത്. ചെലവ് പുരോഗതിയും ഓരോ പ്രോജക്ടിൽ നിന്നും ആർജ്ജിക്കുന്ന ആസ്തി വിവരവും Monthly Monitoring System ത്തിലൂടെ KSWAN അല്ലെങ്കിൽ ഡയൽ അപ് കണക്റ്റിവിറ്റി വഴി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഡാറ്റാ സെന്ററിലേക്ക് റിപ്പോർട്ട് ചെയ്യുന്നു. ഇത്തരത്തിൽ ഡാറ്റാ സെന്ററിലേക്ക് ചെലവ് കണക്കുകൾ റിപ്പോർട്ട് ചെയ്യുന്നതോടെ വാർഷിക പദ്ധതി കണക്കുകൾ സർക്കാരിലേക്ക് സമർപ്പിച്ചതായി കണക്കാക്കപ്പെടുന്നു. ചെലവ് കണക്കുകൾ ഡാറ്റാ സെന്ററിലേക്ക് റിപ്പോർട്ട് ചെയ്ത് കഴിഞ്ഞാൽ ഒരു തരത്തിലുള്ള തിരുത്തലുകളും തദ്ദേശ ഭരണസ്ഥാപനതലത്തിൽ ചെയ്യാൻ കഴിയുന്നതല്ല.

**വെബ് മൊഡ്യൂൾ**
(www.lsgkerala.gov.in/sulekhaweb)

ഡി.പി.സി. അംഗീകാരം പൂർണ്ണമാകുന്നതോടെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുടെയും പദ്ധതി വിവരങ്ങൾ ഡാറ്റാ സെർവറിൽ അപ്‌ലോഡ് ചെയ്യുന്നു. തുടർന്ന് Monthly Monitoring System-ത്തിലൂടെ പദ്ധതി ചെലവുകളും ആർജ്ജിച്ച ആസ്തി വിവരങ്ങളും ഡാറ്റാ സെന്ററിൽ റിപ്പോർട്ട് ചെയ്ത് കഴിയുന്ന മുറയ്ക്ക് അവ www.lsgkerala.gov.in/sulekha web എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നു. വെബ്സൈറ്റിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി റിപ്പോർട്ടുകൾ ലഭ്യമാണ്. കാറ്റഗറി, മേഖല, ഉപമേഖല, സൂക്ഷ്മ മേഖല, സ്രോതസ്സ് എന്നിവ തിരിച്ചുള്ള വകയിരുത്തൽ-ചെലവ് റിപ്പോർട്ടുകളും പ്രോജക്ടുകളുടെ വകയിരുത്തൽ- ചെലവ് റിപ്പോർട്ടുകളും ലഭിക്കുന്നു. ഈ റിപ്പോർട്ടുകൾ ഓഡിറ്റിംഗിനുള്ള അടിസ്ഥാന രേഖയായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും പെർഫോർമൻസ് ഓഡിറ്റ് വിഭാഗവും സ്വീകരിക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. ■

*ടീം ലീഡർ, ലോബ്, ഐ.കെ.എം.
**ടെക്നിക്കൽ ഓഫീസർ, ഐ.കെ.എം.




ജി. നാരായണൻ നമ്പൂതിരി




# നികുതികൾ ഇ-പെയ്മെന്റിലൂടെ

# സഞ്ചയ

കേരളത്തിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഈടാക്കുന്ന വിവിധ ഇനം നികുതികളും ലൈസൻസുകളും ഫീസുകളും സുഗമമായും കാര്യക്ഷമമായും കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വികസിപ്പിച്ച് വിന്യസിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതാണ് സഞ്ചയ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ. തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും വിവിധ തരത്തിലുള്ള റിപ്പോർട്ടുകൾ വീക്ഷിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ഇതിലൂടെ സാധ്യമാണ്. നികുതികളുടെയും ഫീസുകളു ടെയും അസസ്സ്മെന്റ് വിവരങ്ങൾ, ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ, ലൈസൻസ്, രജിസ്ട്രേഷൻ സംബന്ധിച്ച സേവനങ്ങൾ എന്നിവയാണ് സഞ്ചയയിലൂടെ കൈകാര്യം ചെയ്യാൻ സാധിക്കുന്നത്. ഇതോടൊപ്പം അക്കൗണ്ടിങ്ങിനായി ഉപയോഗിക്കുന്ന സാംഖ്യ ഡബിൾ എൻട്രി ആപ്ലിക്കേഷനിലേക്ക് ആവശ്യമായ ഡിമാന്റ് വിവരങ്ങൾ നൽകാനും അവയിൽ നിന്നും ലഭിക്കുന്ന കളക്ഷൻ വിവരങ്ങൾ തത്സമയം ഡിമാന്റിൽ കുറവു വരുത്തി ഡി.സി.ബി. റിപ്പോർട്ടുകൾ, കുടിശ്ശിക റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കുന്നതിനും കഴിയുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ക്യാഷ് കൗണ്ടറിലും ഔട്ട്ഡോർ കളക്ഷൻ മുഖേനയും ജില്ലാ കേന്ദ്രങ്ങളിലെ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ മുഖേനയും മാത്രമാണ് പൊതുജനങ്ങൾക്ക് നികുതികളും ഫീസുകളും ഒടുക്കാൻ സാധിച്ചിരുന്നത്. എന്നാൽ സാങ്കേതികവിദ്യയുടെ വളർച്ചയുടെ ഭാഗമായി നിലിവിൽ വന്ന ഇ-പെയ്മെന്റ് (ക്രെഡിറ്റ് കാർഡ്/ഡെബിറ്റ് കാർഡ്/ഇന്റർനെറ്റ് പെയ്മന്റ്) രീതിയിലൂടെയും പോസ്റ്റാഫീസുകളിലൂടെയും പണം ഒടുക്കുവാൻ സൗകര്യമൊരുക്കുന്നത് പൊതുജനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനത്തിൽ പോകാതെ തന്നെ നികുതി ഒടുക്കുന്നതിന് സഹായകരമാകും.

## ഇ-പെയ്മെന്റ്

2011-ഫെബ്രുവരി 22-ാം തീയതി മുതൽ തിരുവനന്തപുരം നഗരസഭ വസ്തു നികുതി ഇ-പെയ്മെന്റ് മുഖേന വെബ്സൈറ്റിലൂടെ (www. corporationoftrivandrum.in) അടയ്ക്കുന്നതിന് സൗകര്യമൊരുക്കി. ഇപ്പോൾ കോഴിക്കോട്, കൊല്ലം കോർപ്പറേഷനുകളിലും കാസർഗോഡ്, ഒറ്റപ്പാലം നഗരസഭകളിലും കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലും ഈ സംവിധാനം നിലവിലുണ്ട്. ഇതുകൂടാതെ https://www.tax.lsgkerala.gov.in എന്ന വെബ്സൈറ്റിലൂടെയും ഇ-പെയ്മെന്റ്, ഇ-ഫയലിംഗ് എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. കേരളത്തിലെ കമ്പ്യൂട്ടർവൽക്കരിച്ച ആയിരത്തോളം പോസ്റ്റാഫീസുകൾ വഴി തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നികുതികളും ഫീസുകളും സ്വീകരിക്കുന്നതിനായി പോസ്റ്റൽ വകുപ്പിന്റെ കേരള സർക്കിളും തദ്ദേശ സ്വയംഭരണ വകുപ്പും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. അത് ഈ സാമ്പത്തികവർഷം തന്നെ പ്രാവർത്തികമാകുമെന്ന് കരുതുന്നു. പൊതുജനങ്ങൾക്ക് നികുതി ഒടുക്കുന്നതിന് വിപുലമായ സൗകര്യം ഇതിലൂടെ സാധ്യമാകും.

സഞ്ചയ സ്യൂട്ടിൽ ഉൾപ്പെടുന്ന മൊഡ്യൂളുകൾ ചുവടെ വിവരിക്കുന്നു. കേരളാ പഞ്ചായത്ത്‌രാജ് ആക്റ്റും, കേരളാ മുനിസിപ്പാലിറ്റി ആക്റ്റും ചട്ടങ്ങളും അനുസരിച്ചാണ് സഞ്ചയയുടെ വിവിധ മൊഡ്യൂളുകൾ പ്രവർത്തിക്കുന്നത്.

### 1. എ.ബി. മൊഡ്യൂൾ

തദ്ദേശ ഭരണസ്ഥാപനത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ക്ലാർക്ക്, സൂപ്രണ്ട്, സെക്രട്ടറി, ജനപ്രതിനിധികൾ തുടങ്ങിയവരാണ് ഈ മൊഡ്യൂളിന്റെ പ്രധാന ഉപയോക്താക്കൾ.

### 2. വെബ് മൊഡ്യൂൾ

തദ്ദേശസ്വയംഭരണവകുപ്പിന്റെ പ്രധാന വെബ് സർവ്വറിൽ പ്രവർത്തിക്കുന്ന ഈ മൊഡ്യൂൾ നികുതികളുടെയും ലൈസൻസുകളുടെയും വിവരങ്ങൾ പൊതുജനങ്ങൾക്ക് പരിശോധിക്കാനും അപേക്ഷകൾ ഡിജിറ്റലായി സമർപ്പിക്കുവാനും നികുതികൾ ഇ-പേയ്മെന്റ് മുഖേന ഒടുക്കാനും സഹായിക്കുന്നു. ഡിമാന്റും പണം ഒടുക്കിയ വിവരങ്ങളും അപേക്ഷയുടെ അവസ്ഥയും ഇ-മെയിലായും മൊബൈൽ ഫോണിലേക്ക് എസ്.എം.എസ്.ആയും അറിയിക്കാനുള്ള സംവിധാനവുമുണ്ട്. സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച വിവിധതരം റിപ്പോർട്ടുകളും ലഭ്യമാണ്. ഇതിനായി https://www.tax.lsgkerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### 3. സിങ്ക്രണൈസിങ് മൊഡ്യൂൾ

തദ്ദേശഭരണ സ്ഥാപനത്തിലെ ജീവനക്കാർ തയ്യാറാക്കുന്ന വിവരങ്ങൾ ആവശ്യമുള്ളവ മാത്രം സ്റ്റേറ്റ് ഡേറ്റാ സെന്ററിലേക്ക് എത്തിക്കുവാനും, വെബ്സൈറ്റിലൂടെ പൊതുജനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളും ഇ-പേയ്മെന്റ്, പോസ്റ്റോഫീസ്, ഫ്രണ്ട്സ്, ബാങ്ക് വഴി ഒടുക്കുന്ന നികുതിയുടെ വിവരങ്ങൾ ഡേറ്റാ സെന്ററിൽ നിന്നും തിരിച്ച് അതാത് തദ്ദേശ ഭരണസ്ഥാപനങ്ങളിലേക്ക് എത്തിക്കുന്നതിനുമായി ഉപയോഗിക്കുന്ന മൊഡ്യൂൾ.

### 4. പോസ്റ്റാഫീസ് മൊഡ്യൂൾ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നികുതികൾ, ഫീസുകൾ തുടങ്ങിയവ കേരളത്തിലെ കമ്പ്യൂട്ടർവൽക്കരിച്ച പോസ്റ്റാഫീസുകളിലൂടെ സ്വീകരിക്കുന്നതിനാവശ്യമായ മൊഡ്യൂൾ. കേരള പോസ്റ്റൽ സർക്കിളിലുള്ള








**സഞ്ചയയിലൂടെ തയ്യാറാക്കാൻ സാധിക്കുന്ന ചില പ്രധാന പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | ഇനം | വിവരണം |
|---|---|---|
| 1 | വസ്തു നികുതി | വാർഷിക വാടക മൂല്യം അനുസരിച്ചോ, കെട്ടിട വിസ്തീർണ്ണം അനുസരിച്ചോ നികുതി നിർണ്ണയിക്കൽ, പിരിവ്, കുടിശ്ശക കണക്കാക്കൽ മുതലായവ. |
| 2 | തൊഴിൽ നികുതി | സ്ഥാപനങ്ങൾ/തൊഴിലാളികൾ എന്നിവരുടെ നികുതി നിർണ്ണയം, പിരിവ്, കുടിശ്ശിക കണക്കാക്കൽ തുടങ്ങിയവ |
| 3 | കെട്ടിടങ്ങൾ/ഭൂമി-വാടക | ലേല വ്യവസ്ഥ പ്രകാരം പ്രതിമാസ തുക തയ്യാറാക്കൽ, പിരിവ്, കുടിശ്ശിക കണക്കാക്കൽ തുടങ്ങിയവ |
| 4 | പരസ്യ നികുതി | പരസ്യനികുതി ഡിമാന്റ്, പിരിവ് തുടങ്ങിയവ |
| 5 | ഡി ആന്റ് ഒ ലൈസൻസും സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും | ഡി ആന്റ് ഒ ലൈസൻസ് അപേക്ഷ, ഡിമാന്റ്, കളക്ഷൻ, ലൈസൻസ് നൽകൽ, സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും പുതുക്കലും തുടങ്ങിയവ |

പോസ്റ്റാഫീസ് ജീവനക്കാരാണ് ഇതിന്റെ ഉപയോക്താക്കൾ. ഇതിലൂടെ കിട്ടുന്ന തുക അതാത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ തന്നെ നേരിട്ട് നിക്ഷേപിക്കുന്നതാണ്. അവയുടെ ഡിമാന്റ് സഞ്ചയയിൽ വരവ് വയ്ക്കുകയും, വരവിന്റെ വിവരങ്ങൾ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു.

### 9. ഔട്ട്ഡോർ കളക്ഷന് വേണ്ടിയുള്ള ഹാൻഡ് ഡിവൈസ്

ഔട്ട്ഡോർ കളക്ഷൻ നിർവ്വഹിക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് കൈയ്യിൽ കൊണ്ടു നടക്കാവുന്ന കമ്പ്യൂട്ടർ (പ്രിന്റർ ഉൾപ്പെടെ) സംവിധാനമാണ് ഇത്. കളക്ഷന് പോകുന്നതിന് മുമ്പ് പ്രസ്തുത വാർഡിലെ ഡിമാന്റ് ഈ കമ്പ്യൂട്ടറിൽ ശേഖരിക്കുന്നു. വാർഡ് നമ്പരും ഡോർ നമ്പരും നൽകിയാൽ ഉടമസ്ഥന്റെ പേരും അടയ്ക്കേണ്ട തുകയും ലഭ്യമാവും. അവയ്ക്കുള്ള രസീത് ഉടനടി പ്രിന്റ് ചെയ്ത് നൽകാവുന്നതാണ്. ഓഫീസിലെത്തി പ്രധാന കമ്പ്യൂട്ടറിലേക്ക് അതാത് ദിവസത്തെ കളക്ഷൻ വിവരങ്ങൾ ട്രാൻസ്ഫർ ചെയ്യണം. ഡിമാന്റ് പോസ്റ്റിംഗ്, കളക്ഷൻ വിവരങ്ങൾ സാംഖ്യയിലേക്ക് നൽകൽ എന്നീ പ്രവർത്തികൾ ഈ സംവിധാനത്തിലൂടെ സുഗമമാവും.

ഇവയ്ക്ക് പുറമേ നികുതി ഒടുക്കുന്നതിന് ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലേക്ക് ആവശ്യമായ വിവരം ഓൺലൈനായി നൽകുന്നതിനുള്ള മൊഡ്യൂൾ തിരുവനന്തപുരം, കൊല്ലം ജില്ലാതല ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ പ്രവർത്തിച്ചു വരുന്നു. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ സ്ഥിതിചെയ്യുന്ന ടച്ച് സ്ക്രീൻ കിയോസ്ക്ക് സൗകര്യത്തിലൂടെയും, കേരളത്തിന്റെ പ്രധാന സ്ഥാപനങ്ങളിലോ സ്ഥലങ്ങളിലോ കെൽട്രോണിന്റെ സഹായത്തോടെ വിന്യസിച്ചിരിക്കുന്ന 'സ്പർശ്' എന്ന ടച്ച് സ്ക്രീൻ സൗകര്യത്തിലൂടെയും പൊതുജനങ്ങൾക്ക് വസ്തു നികുതി വിവരങ്ങൾ, ഡിമാന്റ് വിവരങ്ങൾ എന്നിവ അറിയുവാൻ സാധിക്കും. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തിരഞ്ഞെടുത്ത ശാഖകളിലൂടെയും അവരുടെ തന്നെ ഓൺലൈൻ വെബ്സൈറ്റിലൂടെയും i-collect എന്ന സംവിധാനത്തിലൂടെ നികുതി അടയ്ക്കുവാനുള്ള പദ്ധതി പരിഗണനയിലാണ്.

മേൽപ്പറഞ്ഞ സൗകര്യങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയർ വിന്യസിച്ച് പ്രവർത്തിപ്പിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് ലഭ്യമായിട്ടുള്ളത്. മറ്റു സ്ഥലങ്ങളിൽ വസ്തു നികുതിയും മറ്റു നികുതികളുടെയും വിവരവ്യൂഹം (ഡേറ്റാബേസ്) തയ്യാറാക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ സംവിധാനങ്ങൾ പ്രാവർത്തികമാവുന്നതാണ്. ■

*ലേഖകൻ ഇൻഫർമേഷൻ കേരള മിഷനിൽ സീനിയർ പ്രോഗ്രാമറാണ്.*



എൻ. അപ്പുക്കുട്ടൻപിള്ള



# സുഗമ

## മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിന്

ഇ-ഗവേണൻസ് സ്പെഷ്യൽ

എഴുപത്തിമൂന്നും എഴുപത്തിനാലും ഭരണഘടനാ ഭേദഗതികളിലൂടെ പ്രാദേശിക സർക്കാരുകളായി മാറിയ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്ക് സംസ്ഥാനം കയ്യാളിയിരുന്ന വിവിധ അധികാരങ്ങളെയും ഉദ്യോഗസ്ഥരെയും അതോടൊപ്പം സമ്പത്തും വിഭജിച്ചു നൽകി. ഇങ്ങനെ വികസന പ്രക്രിയയിലെ ഏറ്റവും പ്രധാന ചുമതലക്കാരാകാൻ കേരളത്തിലെ പ്രാദേശിക സർക്കാരുകൾക്ക് സാധ്യമായിട്ടുണ്ട്. അധികാരവികേന്ദ്രീകരണ പ്രക്രിയയിലെ ഈ പരിഷ്കാരം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ മാത്രമല്ല രാജ്യാന്തര ശ്രദ്ധപോലും പിടിച്ചുപറ്റിയതാണ്.

അധികാരവും സമ്പത്തും പ്രാദേശിക സർക്കാരുകളിൽ എത്തിയപ്പോൾ സർവ്വ മേഖലകളിലും ജനങ്ങളുടെ വികസന സ്വപ്നങ്ങൾക്ക് ചിറകു മുളയ്ക്കുകയും എല്ലാ മേഖലകളിലും വികസനാവശ്യങ്ങൾ അനേകമനേകം പ്രോജക്ടുകളായി രൂപാന്തരപ്പെടുകയും ചെയ്തു. മറ്റേതൊരു വികസനമേഖലയിലും എന്നപോലെ പ്രാദേശികവികസന പ്രോജക്ടുകളിലും ഏറെയും മരാമത്തു പ്രവർത്തികളോ അവ ഉൾക്കൊള്ളുന്നവയോ ആണ്. മറ്റ് പ്രോജക്ടുകളിൽ നിന്നും വിഭിന്നമായി ഒരു മരാമത്തു പ്രോജക്ട് രൂപപ്പെടുത്തുന്നതിന് അനേകം കടമ്പകൾ തരണം ചെയ്യേണ്ടതുണ്ട്. ഏതൊരു മരാമത്ത് പ്രവൃത്തിക്കും ഇൻവെസ്റ്റിഗേഷൻ ഒഴിവാക്കാൻ പറ്റാത്ത ഒരു ഘടകമാണ്. പ്രവൃത്തി നടത്താനുള്ള സ്ഥലത്തെ മണ്ണിന്റെ ഘടന അറിയുകയെന്നുള്ളത് എല്ലാ മരാമത്തു പ്രവൃത്തികൾക്കും വേണ്ട കാര്യമാണ്. പാലം പണിക്ക് നദിയിലൊഴുകുന്ന ജലത്തിന്റെ തോത്, ഏറ്റവും കൂടിയ ജലവിതാനം, മഴയുടെ തോത്, റോഡിലൂടെ ഉണ്ടാകുന്ന വാഹനങ്ങളുടെ കണക്ക് തുടങ്ങി അനേകം വിവരാന്വേഷണവും നിരീക്ഷണവുമൊക്കെ വേണ്ടിവരും. കുടിവെള്ള പ്രോജക്ടിന് ഗുണഭോക്താക്കളുടെ എണ്ണം, വെള്ളത്തിന്റെ ലഭ്യത, ഉറവിടം, ജലസംഭരണിയുടെ സ്ഥാനം, ജലവിതരണം നടത്തുന്ന ലൈനുകൾ തുടങ്ങി അനേകം ഘടകങ്ങളുടെ ശേഖരണം വേണ്ടിവരും. മേൽപ്പറഞ്ഞ രീതിയിലുള്ള അന്വേഷണ നിരീക്ഷണങ്ങൾക്ക് ശേഷം മാത്രമെ ഏതൊരു മരാമത്ത് പ്രവൃത്തിയും രൂപകൽപ്പന ചെയ്ത് ഡ്രോയിംഗ് തയ്യാറാക്കി എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയൂ. ഓരോ പ്രാദേശിക സർക്കാരുകളുടെയും വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകൾക്ക് ഒരേ സമയം പരിശോധനയും അനുവാദവും നൽകുന്ന രീതി അവലംബിച്ചിട്ടുള്ളതുകൊണ്ട് എല്ലാ മരാമത്തു പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് ഒരേ സമയം തയ്യാറാക്കേണ്ടതായി വരുന്നു.

മരാമത്തു പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ജില്ലാ വികസന സമിതിയുടെ അംഗീകാരം ലഭിച്ച ശേഷവും പല നടപടിക്രമങ്ങളും പാലിക്കേണ്ടതുണ്ട്. എസ്റ്റിമേറ്റിന്റെ തുക അനുസരിച്ച് വിവിധ മേൽത്തട്ടു സാങ്കേതിക സമിതികളുടെ പരിശോധനയ്ക്കുശേഷം ബന്ധപ്പെട്ട ടെക്നിക്കൽ ഗ്രൂപ്പിൽ നിന്നും സാങ്കേതിക അനുമതി വാങ്ങുക, സാങ്കേതികാനുമതി ലഭിച്ച പ്രോജക്ടുകൾക്ക് ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കി ടെണ്ടർ ചെയ്ത് കരാറുകാരനെ കണ്ടെത്തുക, അല്ലെങ്കിൽ ഗുണഭോക്തൃ സമിതി, അക്രഡിറ്റഡ് ഏജൻസികൾ തുടങ്ങിയവയിൽ നിന്ന് നിർവ്വഹണ ഏജൻസിയെ കണ്ടെത്തി കരാറിലേർപ്പെടുക തുടങ്ങിയവയൊക്കെ ഏൻജിനീയറുടെ ചുമതലകളാണ്. ഗുണനിലവാരം ഉറപ്പാക്കി, നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ പണിപൂർത്തീകരിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക തുടങ്ങിയ ചുമതലകളും എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ചുരുക്കത്തിൽ ആസൂത്രണ ഘട്ടത്തിലും നിർവ്വഹണ ഘട്ടത്തിലും അതിനു ശേഷവും ഉള്ള ചുമതലകൾ നിറവേറ്റി അനേകം നിർമ്മാണ പ്രോജക്ടുകൾ ഒരേ സമയം നടപ്പാക്കുന്നത് പ്രാദേശിക ഗവൺമെന്റുകളിലെ എഞ്ചിനീയർമാർ നേരിടുന്ന ഭാരിച്ച വെല്ലുവിളിയാണ്.

വികസന പ്രവർത്തനങ്ങളുടെ വിജയത്തിന് മരാമത്തു പ്രവൃത്തികളുടെ സമയബന്ധിത നിർവ്വഹണം നിർണ്ണായക പങ്കുവഹിക്കുന്നു എന്നതാണ് മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്നു വ്യക്തമാകുന്നത്. എഞ്ചിനീയറുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ മാത്രമെ മരാമത്തു പ്രവൃത്തികൾ ഗുണമേന്മ ഉറപ്പാക്കി, സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയൂ.

എഞ്ചിനീയർമാരുടെ ജോലിഭാരം കുറയ്ക്കുന്നതിനോടൊപ്പം, ഏകീകൃത മാനദണ്ഡങ്ങൾ, സുതാര്യത തുടങ്ങിയവ പാലിച്ചും എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതികാനുമതി ലഭ്യമാക്കി, നിർവ്വഹണ ഏജൻസിയെ നിശ്ചയിക്കുക, അളവുകൾ രേഖപ്പെടുത്തി ബിൽ തയ്യാറാക്കി നൽകുന്നതുവരെയുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ച് ഒരു സോഫ്റ്റ്വെയർ തയ്യാറാക്കുക എന്നത് ഇൻഫർമേഷൻ കേരള മിഷന്റെ പരിഗണനയിൽ കുറെ കാലമായി നിലനിന്നിരുന്നതാണ്. സുഗമ എന്ന ഈ സോഫ്റ്റ്വെയറിൽ അടങ്ങിയിട്ടുള്ള കാര്യങ്ങളുടെ വിപുലത, സാങ്കേതികത്വം ഒക്കെ കണക്കാക്കി ഘട്ടം ഘട്ടമായാണ് ഈ സോഫ്റ്റ്വെയർ നിർമ്മിക്കുന്നത്.

അംഗീകൃത പ്ലാൻ തയ്യാറാക്കി ഓരോ ഇനം പ്രവൃത്തിയിലും അടങ്ങിയിട്ടുള്ള അളവുകൾ രേഖപ്പെടുത്തിയാൽ വിശദമായ എസ്റ്റിമേറ്റ്, നിരക്കുകൾ (ഡാറ്റ), എസ്റ്റിമേറ്റ് തുക വ്യക്തമാക്കുന്ന അബ്സ്ട്രാക്റ്റ് ഓഫ് എസ്റ്റിമേറ്റ്, നിർവ്വഹണത്തിനാവശ്യമായവർക്ക് ഷെഡ്യൂൾ എന്നിവ ലഭിക്കുന്ന ഒന്നാംഘട്ട സോഫ്റ്റ്വെയർ കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും വിന്യസിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ രൂപകൽപ്പനയും (ഡിസൈൻ)ഡ്രോയിംഗ്സും മനുഷ്യ പ്രയത്നത്താൽ നിർവ്വഹിക്കേണ്ടതാണ്.

ഓരോ ഇനം പ്രവൃത്തിയുടെയും സ്പെസിഫിക്കേഷൻ പി.ഡബ്ല്യു.ഡി ഡാറ്റാ ബുക്കിൽ നിന്നാണ് സോഫ്റ്റ്വെയറിൽ സ്വീകരിച്ചിട്ടുള്ളത്. സൗകര്യത്തിനായി ഡാറ്റാബുക്കിലെ വിവിധ അദ്ധ്യായങ്ങളെ തരംതരിച്ച് നൽകിയിട്ടുണ്ട്. നമുക്ക് ആവശ്യമുള്ള ഇനം പ്രവൃത്തി അടങ്ങുന്ന കാറ്റഗറി തെരഞ്ഞെടുത്ത് സബ് കാറ്റഗറി തെരഞ്ഞെടുക്കുന്നതിലൂടെ അതിലടങ്ങിയിട്ടുള്ള സ്പെസിഫിക്കേഷൻ മുഴുവൻ സ്ക്രീനിന്റെ ഒരുവശത്തു തെളിയും. നമുക്കാവശ്യമുള്ള സ്പെസിഫിക്കേഷനിൽ ക്ലിക്ക് ചെയ്താൽ ഐറ്റം ഐഡിയും മറ്റും വലതു ഭാഗത്തു തെളിയും. എസ്റ്റിമേറ്റിനുള്ള ബട്ടണിൽ ക്ലിക്കു ചെയ്താൽ വിശദമായ എസ്റ്റിമേറ്റിന്റെ സ്ക്രീൻ തെളിയുകയും അളവുകൾ രേഖപ്പെടുത്തുകയും ചെയ്യാം. പ്രോജക്ടിന്റെ പൊതു വിവരങ്ങൾ രേഖപ്പെടുത്തുക എന്നുള്ളതാണ് ആദ്യപടി. അതിൽ നിർവ്വഹണ ഏജൻസിയെ തിരഞ്ഞെടുക്കുന്നതോടുകൂടി, ആ നിർവ്വഹണ സംവിധാനത്തിനനുയോജ്യമായ നിരക്കുകൾ ആയിരിക്കും എസ്റ്റിമേറ്റിൽ ഉണ്ടാവുക. ഉദാഹരണമായി നിർവ്വഹണ ഏജൻസി ഗുണഭോക്തൃ സമിതി ആണെങ്കിൽ എസ്റ്റിമേറ്റ് നിരക്കുകളിൽ കരാറുകാരന്റെ ലാഭവിഹിതം ഉണ്ടായിരിക്കുകയില്ല. ഡ്രോയിംഗ് പ്രകാരമുള്ള ഓരോ ഇനം പ്രവൃത്തി തിരഞ്ഞെടുത്ത് അളവുകൾ രേഖപ്പെടുത്തുന്ന ജോലിമാത്രമാണ് എഞ്ചിനീയർ ചെയ്യാനുള്ളത്. അതോടുകൂടി വിശദമായ എസ്റ്റിമേറ്റ് (ഡീറ്റൈൽഡ് എസ്റ്റിമേറ്റ്) നിരക്കുകൾ, (ഡേറ്റ) വിശദമായി കണക്കുകൂട്ടിയ ക്വാളിറ്റി, നിരക്ക്, സ്പെസിഫിക്കേഷൻ, തുക ആകെ കാണിക്കുന്ന അബ്സ്ട്രാക്റ്റ് ഓഫ് എസ്റ്റിമേറ്റ്, വർക്ക് ഷെഡ്യൂൾ ഒക്കെ ലഭ്യമാകും.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്

**സുഗമ ആപ്ലിക്കേഷനിലൂടെ ഒരു പ്രോജക്ടിന് ചെലവിടുന്ന സാധനങ്ങളുടെ കണക്ക്, തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ, അസറ്റ് (Asset) സംബന്ധിച്ച വിവരങ്ങൾ ഒക്കെ വിരൽത്തുമ്പിൽ ലഭ്യമാകും. കൂടാതെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സുലേഖ, സാംഖ്യ, സചിത്ര എന്നീ സോഫ്റ്റ്വെയറുകളുമായി ലിങ്ക് ചെയ്യുന്നതിലൂടെ ആസൂത്രണ പ്രക്രിയയിൽ ഒരു സുപ്രധാന ചുവടുവയ്പ്പിന് കൂടി വഴിയൊരുക്കും. സചിത്ര സുഗമയുമായി ലിങ്ക് ചെയ്യുന്നതിലൂടെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ആസ്തികളുടെ കൃത്യതയും പരിപാലനവും കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കാൻ കഴിയും.**



പി.ഡബ്ല്യു.ഡി. ഡാറ്റാ ബുക്കിലെ അദ്ധ്യായങ്ങളെയും സ്പെസിഫിക്കേഷനെയുമാണ് അടിസ്ഥാനപരമായി അവലംബിച്ചതെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. എന്നാൽ ഡാറ്റാ ബുക്കിൽ ഉൾപ്പെടാത്ത അനേകം ഇനം പ്രവൃത്തികൾ ഇപ്പോൾ സർവ്വ സാധാരണമാണ്. അപ്രകാരം ഉള്ള ഇനങ്ങളും റേറ്റും തയ്യാറാക്കി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനും സുഗമ സോഫ്റ്റ്വെയറിൽ സംവിധാനം ഉണ്ട്. ചുരുക്കത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കലുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഈ സോഫ്റ്റ്വെയറിൽ ഉണ്ട്. ഒരു എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി മുകൾ തട്ടിലേക്ക് അയച്ചു കഴിഞ്ഞാൽ അത് തിരിച്ചെടുത്ത് കൂട്ടിച്ചേർക്കലുകൾ നടത്താൻ ആ എഞ്ചിനീയർക്ക് പിന്നീട് കഴിയില്ല. മേൽത്തട്ടിലെ എഞ്ചിനീയർ എസ്റ്റിമേറ്റ് അംഗീകരിക്കപ്പെടാതെ തിരിച്ച് കൊടുത്താൽ മാത്രമേ കൂട്ടിച്ചേർക്കലുകൾക്ക് കഴിയൂ. (എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുമ്പോൾ കൂട്ടിച്ചേർക്കലുകൾ വരുത്താനും കട്ട് ചെയ്യാനും കോപ്പി ചെയ്യാനും പേസ്റ്റ് ചെയ്യാനും എല്ലാം കഴിയും.)

തദ്ദേശഭരണസ്ഥാപനങ്ങളിലെ എസ്റ്റിമേറ്റുകൾ സാങ്കേതികാനുമതി നൽകുന്നതിന് ബ്ലോക്കുതല, ജില്ലാതല, സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റികൾ ഉള്ള വിവരം അറിയാമല്ലോ. താഴെത്തട്ടിൽ സുഗമ ആപ്ലിക്കേഷനിലൂടെ തയ്യാറാക്കപ്പെടുന്ന എസ്റ്റിമേറ്റ് 15 ലക്ഷംവരെയുള്ളത് ബ്ലോക്കുതല ടെക്നിക്കൽ കമ്മിറ്റി സാങ്കേതികാനുമതി നൽകുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറായ ജില്ലാ ടെക്നിക്കൽ കമ്മിറ്റികൾക്ക് 200 ലക്ഷം രൂപ വരെയുള്ള എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകാം. സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിന് പിന്നീട് റിവൈസ്ഡ് എസ്റ്റിമേറ്റിലൂടെ മാത്രമേ മാറ്റം വരുത്താൻ സാധിക്കൂ.

സുഗമ സോഫ്റ്റ്വെയർ കൈകാര്യം ചെയ്യുന്നതിന് വിവിധതരം ഉപയോക്താക്കളെ തരം തിരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഓപ്പറേറ്റർ, അത് പരിശോധിക്കുന്ന വെരിഫെയർ, അംഗീകാരം നൽകുന്ന അപ്രൂവർ, ഈ ചുമതലകളൊക്കെ നിശ്ചയിച്ച് നടപ്പാക്കുന്ന അഡ്മിനിസ്ട്രേറ്റർ എന്നിവയാണ് സുഗമ സോഫ്റ്റ്വെയറിലെ ഉപയോക്താക്കൾ. (ഇതിൽ ബ്ലോക്കുതലത്തിലും ജില്ലാതലത്തിലും ഒരു എഞ്ചിനീയർ തന്നെ അപ്രൂവർ ആയും വെരിഫെയർ ആയും പ്രവർത്തിക്കേണ്ടി വരും.) ഉദാഹരണമായി ബ്ലോക്കുതല ടെക്നിക്കൽ കമ്മിറ്റിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 15 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകളെ സംബന്ധിച്ച് അപ്രൂവറും 15 ലക്ഷത്തിൽ കൂടിയ എസ്റ്റിമേറ്റുകൾക്ക് വെരിഫയർ ആയും വർത്തിക്കേണ്ടി വരും.

ഒന്നാംഘട്ട സോഫ്റ്റ്വെയറിന്റെ പ്രവർത്തനക്ഷമതയെ കുറിച്ച് ഇൻഫർമേഷൻ കേരളാ മിഷനിൽ നടത്തിയ വിവിധ ഘട്ട നിരീക്ഷണങ്ങൾക്ക് പുറമെ, കോഴിക്കോട് കോർപ്പറേഷൻ മറ്റ് തദ്ദേശഭരണസ്ഥാപനങ്ങൾ, വിദഗ്ദ്ധ എഞ്ചിനീയർമാർ തുടങ്ങി പല വേദികളിൽ അവതരിപ്പിച്ച് അഭിപ്രായങ്ങൾ ഉൾക്കൊണ്ട് കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുണ്ട്. സൂക്ഷ്മ വിശകലനത്തിൽ ഇനിയും മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും വേണ്ടിവന്നേക്കാം അപ്രകാരമുള്ളവ പ്രാവർത്തികമാക്കാൻ തക്കവിധമാണ് സോഫ്റ്റ്വെയറിന് രൂപം കൊടുത്തിട്ടുള്ളത്.

സുഗമ സേഫ്റ്റ്വെയറിന്റെ അടുത്ത പടിയായ ടെണ്ടർ നടപടിക്രമങ്ങൾ, അളവുകൾ രേഖപ്പെടുത്തൽ, ബിൽ തയ്യാറാക്കൽ തുടങ്ങിയവയുടെ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. താമസംവിനാ അതു വിന്യസിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

സുഗമ ആപ്ലിക്കേഷനിലൂടെ ഒരു പ്രോജക്ടിന് ചെലവിടുന്ന സാധനങ്ങളുടെ കണക്ക്, തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ, അസറ്റ് (Asset) സംബന്ധിച്ച വിവരങ്ങൾ ഒക്കെ വിരൽത്തുമ്പിൽ ലഭ്യമാകും. കൂടാതെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സുലേഖ, സാംഖ്യ, സചിത്ര എന്നീ സോഫ്റ്റ്വെയറുകളുമായി ലിങ്ക് ചെയ്യുന്നതിലൂടെ ആസൂത്രണ പ്രക്രിയയിൽ ഒരു സുപ്രധാന ചുവടുവയ്പ്പിന് കൂടി വഴിയൊരുക്കും. സചിത്ര സുഗമയുമായി ലിങ്ക് ചെയ്യുന്നതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തികളുടെ കൃത്യതയും പരിപാലനവും കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കാൻ കഴിയും. ഭാവിയിൽ ഓട്ടോകാഡിൽ ഡ്രോയിംഗ് തയ്യാറാക്കുന്ന ജോലി മാത്രം എഞ്ചിനീയർ ചെയ്താൽ മരാമത്ത് നിർമ്മാണ പ്രക്രിയയുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളെല്ലാം ഞൊടിയിടയിൽ കമ്പ്യൂട്ടർ ചെയ്യുന്ന പ്രക്രിയയിലേക്ക് സുഗമ നയിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

എഞ്ചിനീയർമാരുടെ ജോലിഭാരം കുറയ്ക്കുന്നതോടൊപ്പം, കാര്യക്ഷമവും ഗുണമേന്മയുള്ളതും സുതാര്യവുമായ നിർമ്മാണ പ്രക്രിയയ്ക്ക് സുഗമ സോഫ്റ്റ്വെയർ വഴിയൊരുക്കുമെന്ന കാര്യം നിസ്തർക്കമാണ്. ■

*ലേഖകൻ റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയറും ഇൻഫർമേഷൻ കേരള മിഷനിൽ കൺസൾട്ടന്റുമാണ്*







ഇ-ഗവേണൻസ് സ്പെഷ്യൽ

ജയകുമാർ .വൈ

# ഇ–ഗവേണൻസിൽ ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റത്തിന്റെ പ്രസക്തി

ഭൂസംബന്ധിയായ വിവരങ്ങളുടെ ശേഖരണവും ഉപയോഗവും ലക്ഷ്യമാക്കിയുള്ള ക്രോഡീകരണവും വിശകലനവും പ്രദർശനങ്ങളും ഉൾക്കൊള്ളുന്ന നൂതന സാങ്കേതിക വിദ്യയാണ് ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം അഥവാ ജി.ഐ.എസ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും അവർക്ക് ആവശ്യമായ വിവരങ്ങൾ ലഭിക്കുന്നതിനുമൊക്കെ ജി.ഐ..എസ് സാങ്കേതിക വിദ്യ ഉപയോഗിക്കാവുന്നതാണ്.

സ്ഥാനീയ വിവരങ്ങൾ ഉപയോഗിച്ച് തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സുഗമവും സുതാര്യവും ജനകീയവുമാക്കാൻ കഴിയും. ഇതിലേക്കായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഒരു സ്ഥാനീയ വിവരവ്യൂഹം നിർമ്മിക്കുന്നതിനായി താഴെപറയുന്ന വിവരങ്ങൾ ഭൂപടത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

1. വാസസ്ഥലങ്ങളുടെ അതിർത്തി നിർണ്ണയം.
2. സംരംഭങ്ങളുടെയും സ്ഥാപനങ്ങളുടെയും അതിർത്തി നിർണ്ണയം
3. റോഡുകളുടെയും റെയിൽവേലൈനുകളുടെയും അതിർത്തി നിർണ്ണയം.
4. തോടുകളുടെയും മറ്റു ജലാശയങ്ങളുടെയും അതിർത്തി നിർണ്ണയം.
5. ആശയ വിനിമയ ശൃംഖലകൾ രേഖപ്പെടുത്തൽ.
6. വൈദ്യുതി പോസ്റ്റുകളും വൈദ്യുതി ശൃംഖലകളും മറ്റും അടയാളപ്പെടുത്തൽ.
7. കുടിവെള്ള ടാപ്പുകളുടെയും പൊതു ജല വിതരണ സംവിധാനങ്ങളുടെയും രേഖപ്പെടുത്തലുകൾ.
8. വനമേഖലകളുടെ അതിർത്തി നിർണ്ണയം.
9. തോട്ടം മേഖലകളും ചതുപ്പുപ്രദേശവും ഉൾപ്പെടെയുള്ള കൃഷിയിടങ്ങളുടെയും അതിർത്തി നിർണ്ണയം.
10. ഭൂമിയുടെ നിലവിലുള്ള ഉപയോഗം രേഖപ്പെടുത്തൽ (ഭൂവിനിയോഗം)
11. പുറമ്പോക്ക് ഭൂമിയുടെ അതിർത്തി നിർണ്ണയം.
12. ഭൂപ്രകൃതിയുടെ അതിർത്തി നിർണ്ണയം.
13. നീർത്തട മേഖലകളുടെ അതിർത്തി നിർണ്ണയം.

ആസ്തി വിവരങ്ങൾ, വസ്തു നികുതി, തൊഴിൽ നികുതി, പരസ്യ നികുതി, വിവിധതരം ലൈസൻസ് വിവരങ്ങൾ, കെട്ടിടങ്ങളുടെയും ഭൂമിയുടെയും വാടക, സാമൂഹ്യ സുരക്ഷാ പദ്ധതികൾ തുടങ്ങിയ തദ്ദേശസ്ഥാപനങ്ങളിലെ വിവരങ്ങൾ കൂടി സ്ഥാനീയ വിവരവ്യൂഹത്തിലേക്ക് ബന്ധിപ്പിക്കണം. അതുപോലെ തദ്ദേശസ്ഥാപനങ്ങളിൽ സാമൂഹിക സാമ്പത്തിക സർവ്വേ നടത്തി ശേഖരിക്കുന്ന വിവരങ്ങളും കൂടി ഉൾപ്പെടുത്തി ഒരു സമ്പൂർണ്ണ വിവരവ്യൂഹ സഞ്ചയം ഉണ്ടാക്കാൻ കഴിയും. ഈ വിവരവ്യൂഹ സഞ്ചയത്തിൽ നിന്ന് ജി.ഐ.എസ് ആപ്ലിക്കേഷനുകളുടെ സഹായത്തോടെ പദ്ധതി ആസൂത്രണത്തിനും മികച്ച ഭരണ നിർവഹണത്തിനും ഉതകുന്ന താഴെപറയുന്ന ഗുണഫലങ്ങൾ ഉണ്ടാകുന്നതാണ്.

1. കൃത്യമായ ആസൂത്രണ പ്രക്രിയകളിലൂടെ പ്രകൃതിദത്ത വിഭവങ്ങളെ ഉപയോഗപ്പെടുത്തി താഴെ തട്ടിലുള്ള വികസനം സാധ്യമാക്കാൻ.
2. തദ്ദേശ സ്ഥാപനങ്ങളുടെ നികുതി സംഭരണം ചിട്ടപ്പെടുത്തുന്നതിലൂടെയും കൂടുതൽ സുതാര്യവൽക്കരിക്കുന്നതിലൂടെയും സാമ്പത്തിക സ്ഥിതി കൂടുതൽ ശക്തമാകും.
3. സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ സുതാര്യതയും ഗുണമേന്മയും വർദ്ധിപ്പിക്കുന്നു.
4. തദ്ദേശ സ്ഥാപനങ്ങളുടെ വിശാലവും സമഗ്രവുമായ പുരോഗതിക്കായി വിവിധ മേഖലകൾ തമ്മിലുള്ള ബന്ധം ശക്തമാക്കുന്നു.
5. പ്രാദേശികതലത്തിലുള്ള ആസൂത്രണത്തിനായി വിഭവങ്ങളുടെ വിതരണം മനസ്സിലാക്കി ഇവ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നു.
6. ശാസ്ത്രീയമായ നഗരാസൂത്രണത്തിനും മികവുറ്റ ഭരണ സൗകര്യങ്ങൾക്കും.

സംസ്ഥാനത്തെ ഇ–ഗവേണൻസ് ശൃംഖലയുടെ കൂടുതൽ കാര്യശേഷിയുള്ള പ്രവർത്തനങ്ങൾക്കായി സ്ഥാനീയ വിവരശേഖരണ പ്രക്രിയകൾക്ക് ഇൻഫർമേഷൻ കേരള മിഷൻ പ്രാരംഭം കുറിച്ചിട്ടുണ്ട്. കേരളത്തിലെ 158 ഗ്രാമപഞ്ചായത്തുകൾ ഒഴികെയുള്ള എല്ലാ തദ്ദേശ സ്ഥാപനങ്ങളുടെയും കഡസ്ട്രൽ ഭൂപടം തയ്യാറാക്കിയിട്ടുണ്ട്. ഇത് സ്ഥാനീയ വിവരശേഖരണ പ്രക്രിയയുടെ അടിസ്ഥാന ഭൂപടമായി ഉപയോഗിക്കാവുന്നതാണ്. മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ ഒരു ബ്രഹത് വിവരസഞ്ചയ വ്യൂഹം ഇതിനോടകം തയ്യാറാക്കിയിട്ടുണ്ട്. വെള്ളനാട്, തളിക്കുളം, ചേന്ദമംഗലം, ചിറ്റാറ്റുകര, വടക്കേകര, പള്ളിപ്പുറം, ഏറിയാട്, ശ്രീനാരായണപുരം, മതിലകം തുടങ്ങിയ ഗ്രാമപഞ്ചായത്തുകളുടെയും ആറ്റിങ്ങൽ, പെരിന്തൽമണ്ണ, നോർത്ത് പറവൂർ, കൊടുങ്ങല്ലൂർ തുടങ്ങിയ നഗരസഭകളുടെയും സ്ഥാനീയ വിവരവ്യൂഹ സഞ്ചയം ഐ.കെ.എം. തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ നഗരസഭകളുടെ 2005 ഇലക്ഷൻ വാർഡ് അതിർത്തിയെ അടിസ്ഥാനപ്പെടുത്തി അഡ്മിനിസ്ട്രേറ്റീവ് ഭൂപടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ പ്രധാന റോഡുകൾ, തോടുകൾ, കുളങ്ങൾ, ജംഗ്ഷനുകൾ പ്രധാന ഭൗമ സൂചകങ്ങളും ഉൾക്കൊള്ളുന്നതണ്. ഈ അഡ്മിനിസ്ട്രേറ്റീവ് ഭൂപടങ്ങൾ വെബ് അധിഷ്ഠിതവുമാണ്. http://gis.lsgkerala.gov.in, http://gis.lsgkerala.in (beta versions) എന്നീ വെബ് സൈറ്റുകളിൽ ഈ വിവരങ്ങൾ ലഭ്യമാണ്. കൂടാതെ സൈബർ ലോകത്തിന്റെ അനന്ത സാധ്യതകൾ ഉപയോഗിച്ച് പെരിന്തൽമണ്ണ ജനമൈത്രി പോലീസിനു വേണ്ടി കുറ്റവാളികളെ പിടികൂടാൻ ഗൂഗിൾ മാപ്പ് ഉണ്ടാക്കുന്നതിനുള്ള സാങ്കേതിക സഹായവും നൽകി.

ജി.ഐ.എസ് അധിഷ്ഠിത ഭൂപടങ്ങളുടെ വിവര സഞ്ചയം തയ്യാറാക്കി അത് വേണ്ട വിധം തദ്ദേശസ്ഥാപനങ്ങൾ ഉപയോഗിച്ച് തുടങ്ങുമ്പോൾ മാത്രമെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയുടെ ലക്ഷ്യം പൂർണ്ണമാക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. ■

*ലേഖകൻ ഇൻഫർമേഷൻ കേരള മിഷനിൽ ജി.ഐ.എസ്. വിഭാഗം ടീം ലീഡറാണ്.*




**സംസ്ഥാനത്തെ ഇ – ഗവേണൻസ് ശൃംഖലയുടെ കൂടുതൽ കാര്യശേഷിയുള്ള പ്രവർത്തനങ്ങൾക്കായി സ്ഥാനീയ വിവരശേഖരണ പ്രക്രിയകൾക്ക് ഇൻഫർമേഷൻ കേരള മിഷൻ പ്രാരംഭം കുറിച്ചിട്ടുണ്ട്. കേരളത്തിലെ 158 ഗ്രാമപഞ്ചായത്തുകൾ ഒഴികെയുള്ള എല്ലാ തദ്ദേശ സ്ഥാപനങ്ങളുടെയും കഡസ്ട്രൽ ഭൂപടം തയ്യാറാക്കിയിട്ടുണ്ട്.**



രഞ്ജിത് എ.കെ.




# സൂചിക

## ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാക്കാൻ

തദ്ദേശ ഭരണസ്ഥാപനങ്ങളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം കമ്പ്യൂട്ടറിന്റെ സഹായത്തോടു കൂടി കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി ഇൻഫർമേഷൻ കേരള മിഷൻ രൂപകൽപ്പന ചെയ്ത് പ്രാവർത്തികമാക്കിയ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറാണ് സൂചിക. കേരളത്തിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഇതര ഓഫീസുകളിലും പ്രവർത്തിപ്പിക്കാവുന്ന തരത്തിലാണ് ആപ്ലിക്കേഷൻ തയ്യാറാക്കിയിരിക്കുന്നത്.

ജനങ്ങൾക്ക് മെച്ചപ്പെട്ട നിലയിലുള്ള സേവനം ഫ്രണ്ട് ഓഫീസുകളിൽ ലഭ്യമാണ്. ഇതിന്റെ ഫലമായി ഓഫീസിൽ അപേക്ഷകൾക്കും പരാതികൾക്കും കൈപ്പറ്റ് രസീത് നൽകുന്നുണ്ട്. രസീതിൽ ബന്ധപ്പെട്ട അപേക്ഷയുടെ നമ്പരും തീയതിയും സേവനം ലഭ്യമാകുന്ന തീയതിയും രേഖപ്പെടുത്തുന്നു. അതിനാൽ അപേക്ഷകന് തുടർ നടപടിയെപ്പറ്റി അന്വേഷിക്കുന്നതിന് അനായാസം കഴിയും.

ഒരു അപേക്ഷയോ പരാതിയോ കത്തുകളോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ലഭിക്കുന്നതു മുതൽ ഫയലാവുന്നതും, ഫയൽ ഏതൊക്കെ സെക്ഷനിലേക്കാണ് പോകുന്നതെന്നും ഓരോ സെക്ഷനിലും ആ ഫയലിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വളരെ സുതാര്യമായി മനസ്സിലാക്കുവാൻ സൂചിക ആപ്ലിക്കേഷൻ വഴി സാധിക്കുന്നതാണ്. ഫയലുകളുടെ നിജസ്ഥിതി കൃത്യമായും സുഗമമായും രേഖപ്പെടുത്തുവാനും മനസ്സിലാക്കുവാനും ഇതുവഴി സാധിക്കും. ഉടമസ്ഥാവകാശം, താമസം, ബി.പി.എൽ, നോൺ ഇലക്ട്രിഫിക്കേഷൻ, ജനന-മരണ രജിസ്ട്രേഷന് വേണ്ട നോൺ അവയലബിലിറ്റി മുതലായ സർട്ടിഫിക്കറ്റുകൾ സൂചിക ആപ്ലിക്കേഷൻ വഴി ലഭിക്കും.

തദ്ദേശ ഭരണസ്ഥാപനങ്ങളിൽ കാര്യക്ഷമമായ ദൈനംദിന പ്രവർത്തനങ്ങൾക്ക് വേണ്ടി വിന്യസിച്ചിട്ടുള്ള സേവന (സിവിൽ രജിസ്ട്രേഷൻ, ജനന-മരണ വിവാഹ രജിസ്ട്രേഷനുകൾ) വിവിധ ഇനം വരുമാന സ്രോതസ്സുകൾ കൈ

**ഒരു അപേക്ഷയോ പരാതിയോ മറ്റ് കത്തുകളോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ലഭിക്കുന്നതു മുതൽ ഫയലാവുന്നതും, ഫയൽ ഏതൊക്കെ സെക്ഷനിലേക്കാണ് പോകുന്നതെന്നും ഓരോ സെക്ഷനിലും ആ ഫയലിൻ മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വളരെ സുതാര്യമായി മനസ്സിലാക്കുവാൻ സൂചിക ആപ്ലിക്കേഷൻ വഴി സാധിക്കുന്നതാണ്.**

കാര്യം ചെയ്യുന്ന സഞ്ചയ, കെട്ടിടനിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട സങ്കേതം, സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിനുള്ള സേവന (പെൻഷൻ), വരവ് ചെലവ് കണക്കുകൾ കൈകാര്യം ചെയ്യുന്ന സാംഖ്യ (ഡബിൾ എൻട്രി) എന്നീ ആപ്ലിക്കേഷനുകളുമായി സൂചിക സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നുണ്ട്.

സൂചികയുടെ ഉപയോഗം വഴി തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ഓഫീസ് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനോടൊപ്പം തന്നെ ഓഫീസ് നടപടിക്രമങ്ങളിൽ സുതാര്യതയും വേഗതയും കൈവരുന്നു. ഓഫീസ് നടപടിക്രമങ്ങളുടെ ഭാഗമായി സാധാരണയായി സംഭവിക്കാവുന്ന ചുവപ്പുനാടയും സമയനഷ്ടവും ഒഴിവാക്കാനും സൂചിക ആപ്ലിക്കേഷൻ വഴി സാധിക്കുന്നു. ഫയലുകൾ സംബന്ധിച്ച് ഓഫീസ് നടപടിക്രമ നിയമപ്രകാരം തയ്യാറാക്കേണ്ട തൻപതിവേട് (പേഴ്സണൽ രജിസ്റ്റർ) തുടങ്ങിയ രജിസ്റ്ററുകളും അപ്പപ്പോൾ തന്നെ സൂചിക വഴി തയ്യാറാക്കപ്പെടുന്നു. ആപ്ലിക്കേഷന്റെ ഏറ്റവും പ്രധാന പ്രത്യേകത ടച്ച് സ്ക്രീൻ കിയോസ്ക്ക് സംവിധാനം വഴി ഒരു ഫയലിന്റെ അവസ്ഥയും വസ്തുനികുതി, സാമൂഹ്യസുരക്ഷാ പെൻഷൻ മുതലായവയുടെ വിവരങ്ങളും പൊതുജനങ്ങൾക്ക് അറിയുവാൻ സാധ്യമാണ് എന്നതാണ്. ഇതുകൂടാതെ http://lsgkerala.gov.in/soochikaweb/ എന്ന വെബ്സൈറ്റിലൂടെയും ഫയലിന്റെ അവസ്ഥ അറിയാവുന്നതാണ്.

കമ്പ്യൂട്ടർവൽക്കരണം നടപ്പിലായതോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങളിലാകെ തന്നെ അടുക്കും ചിട്ടയുമുള്ള ഒരു ഭരണ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ബന്ധപ്പെട്ട വിവരങ്ങൾക്കായി പഴയ റിക്കാർഡുകളും ഫയലുകളും പരതുന്ന ബുദ്ധിമുട്ട് ഒഴിവായിരിക്കുന്നു. എല്ലാ വിവരങ്ങളും വേഗത്തിലും കൃത്യമായും ലഭ്യമാകുന്ന സാഹചര്യം ഇന്നുണ്ട്. തന്മൂലം പൊതുജനങ്ങൾക്കും ജീവനക്കാർക്കുമിടയിൽ ഊഷ്മളവും ആരോഗ്യകരവുമായ ഒരന്തരീക്ഷം സൃഷ്ടിച്ചെടുക്കാനും കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങളോടുള്ള ജീവനക്കാരുടെ പെരുമാറ്റത്തിലും സ്വാഗതാർഹമായ മാറ്റങ്ങൾ വന്നുകഴിഞ്ഞു. ജനസേവന കേന്ദ്രങ്ങൾ/ ഫ്രണ്ട് ഓഫീസുകൾ ജനസൗഹൃദകേന്ദ്രങ്ങൾ കൂടിയായി മാറുന്ന കാഴ്ചയാണ് ഇന്ന് പൊതുവെ കാണുവാൻ കഴിയുന്നത്. സേവനം തേടി വരുന്ന ജനങ്ങളെ അകറ്റി നിർത്തി ബുദ്ധിമുട്ടിക്കുന്ന സമ്പ്രദായം പാടെ മാറിയിരിക്കുന്നു. ഉദ്യോഗസ്ഥരും ജനങ്ങളും ഒരു മേശക്ക് അപ്പുറത്തും ഇപ്പുറത്തുമിരുന്ന് സേവനം നൽകുന്നതും തേടുന്നതും ജനസേവനകേന്ദ്രങ്ങളിൽ ഇന്നൊരു പതിവ് കാഴ്ചയാണ്. ഈ സംവിധാനം ഇനിയും മെച്ചപ്പെടുത്തി കൂടുതൽ കുറ്റമറ്റതാക്കി കൊണ്ടുപോകാൻ നമുക്ക് കഴിയേണ്ടതുണ്ട്.

### സത്വരം

നഗരസഭകളിൽ മേയറുടെ പരാതി പരിഹാരപ്രവർത്തനത്തിനാണ് ഈ ആപ്ലിക്കേഷൻ പ്രവർത്തിക്കുന്നത്. പൊതുജനങ്ങളിൽ നിന്നും മേയർക്ക് നേരിട്ട് ലഭിക്കുന്ന പരാതികളിലും അപേക്ഷകളിലും ഉടനെ പ്രശ്നപരിഹാരം കണ്ടെത്തി നടപടികൾ പൂർത്തീകരിക്കുന്നതിനായി ഉപയോഗപ്പെടുത്തുക എന്നതാണ് സത്വരം ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിന്റെ ലക്ഷ്യം. സൂചിക ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിനൊപ്പം പ്രവർത്തിക്കുന്ന സോഫ്റ്റ്‌വെയറാണ് സത്വരം. സൂചിക ഉപയോഗിക്കുന്ന ജീവനക്കാരന് വളരെ പെട്ടന്ന് മനസിലാക്കത്തക്ക രീതിയിലാണ് ആപ്ലിക്കേഷൻ തയ്യാറാക്കിയിരി ക്കുന്നത്. മേയറുടെ സെക്ഷനിൽ നേരിട്ട് അപേക്ഷ സീകരിക്കുന്നതു മുതൽ ഫയലിന്റെ പ്രവർത്തനം അവസാനിക്കുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഈ ആപ്ലിക്കേഷൻ വഴി കൈകാര്യം ചെയ്യാൻ സാധിക്കും. ■

*ലേഖകൻ ഇൻഫർമേഷൻ കേരള മിഷനിൽ സീനിയർ പ്രോഗ്രാമറാണ്.*









# സാംഖ്യ

## കമ്പ്യൂട്ടർവൽക്കൃത ഡബിൾ എൻട്രി അക്കൗണ്ടിംഗ്

ഉദയഭാനു കണ്ടേത്ത്

അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ്, കംപ്യൂട്ടർവൽക്കൃതമായി, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കിയ ഭാരതത്തിലെ പ്രഥമ സംസ്ഥാനം – ഈ അപൂർവ്വ ബഹുമതി കേരളം കൈവരിക്കുന്നതു കാണാൻ ഏതാനും മാസങ്ങൾ കൂടി മതി. കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും 2012-13-ലെ കണക്കുകൾ, സാമ്പത്തിക വർഷം അവസാനിക്കുന്ന മുറയ്ക്ക്, സാംഖ്യ ആപ്ലിക്കേഷൻ വഴി വെബ്സൈറ്റിൽ പ്രസിദ്ധീകൃതമാവും.

### നാൾ വഴി

- 2007-08: 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ വഴി അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം നഗരസഭകളിൽ നിലവിൽ വന്നു. ഏഴു നഗരസഭകളിൽ പൈലറ്റ് ആയി നടപ്പാക്കി. സാംഖ്യയല്ല, മറ്റൊരു സോഫ്റ്റ്‌വെയർ ആണ് ഉപയോഗിച്ചത്.
- 2008-09: ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച സാംഖ്യ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ഒരു പൈലറ്റ് ലൊക്കേഷൻ ആയ കോഴിക്കോട് നഗരസഭയിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിന്യസിച്ചു പ്രവർത്തനമാരംഭിച്ചു.
- 2010-11: മറ്റ് ആറ് പൈലറ്റ് ലൊക്കേഷനുകൾ ഒഴികെയുള്ള നഗരസഭകളിൽ സാംഖ്യ പ്രവർത്തനം ആരംഭിച്ചു.
- 2011-12: മറ്റ് ആറ് പൈലറ്റ് നഗരസഭകളിലും സാംഖ്യ പ്രവർത്തനമാരംഭിച്ചു. ഇതോടെ, ആകെയുള്ള 65 നഗരസഭകളിലും സാംഖ്യ നടപ്പായി.
- 2011-12: 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ വഴി ത്രിതല പഞ്ചായത്തുകളിൽ അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം നിലവിൽ വന്നു. കേരളത്തിലെ നഗരസഭകളിലും പഞ്ചായത്തുകളിലും അക്കൗണ്ടിംഗ് നിർവഹിക്കുന്നത് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സാംഖ്യ ആപ്ലിക്കേഷൻ ഉപയോഗിച്ചും പ്ലാൻ മോണിററിംഗ് നിർവ്വഹിക്കുന്നത് ഐ.കെ.എം വികസിപ്പിച്ച സുലേഖ ആപ്ലിക്കേഷൻ ഉപയോഗിച്ചും മാത്രമായിരിക്കണമെന്ന് സർക്കാർ ഉത്തരവായി.

അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുള്ളതും പരിശീലനം ലഭിച്ച ജീവനക്കാർ ഉള്ളതുമായ പഞ്ചായത്തുകൾക്ക് മുൻഗണന നൽകിയാണ് സാംഖ്യ വിന്യസിച്ചു തുടങ്ങിയത്. ഇതു വരെയായി 324 ഗ്രാമപഞ്ചായത്തുകളിലും, 9 ബ്ലോക്ക് പഞ്ചായത്തുകളിലും 12 ജില്ലാ പഞ്ചായത്തുകളിലും സാംഖ്യ നടപ്പായി കഴിഞ്ഞു. നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ മറ്റു ചില പഞ്ചായത്തുകളിൽ കൂടി പുരോഗമിക്കുന്നുണ്ട്. ഈ വർഷം തന്നെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽക്കൃത അക്കൗണ്ടിംഗ് നടപ്പാക്കിയ ഭാരതത്തിലെ പ്രഥമ ജില്ല എന്ന ബഹുമതി കാസർകോട് ജില്ല നേടിയെടുക്കും. 2012 മദ്ധ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും സാംഖ്യ നടപ്പാക്കുന്നതാണ്.

### അക്രൂവൽ അക്കൗണ്ടിംഗ്: മെച്ചങ്ങൾ

ലഭിച്ചതും നൽകിയതും നീക്കിയിരിപ്പുള്ളതുമായ തുകകളുടെ വിവരങ്ങൾ മാത്രമാണ് നിലവിൽ ഉണ്ടായിരുന്ന കാഷ് അധിഷ്ഠിത സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ നിന്നും ലഭിച്ചിരുന്നത്.

*ശേഷം പേജ് 34*

# പ്രാദേശിക മാനവ വികസന റിപ്പോർട്ടും ആസൂത്രണവും

ആൽജോ സി. ചെറിയാൻ

**മാനവ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിലൂടെ വികസന കാര്യത്തിൽ വാർഡുകൾ/പ്രദേശങ്ങൾ തമ്മിൽ നിൽക്കുന്ന വ്യത്യാസങ്ങൾ, വിവിധ സാമൂഹ്യ ജനവിഭാഗങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ, പൊതുവായ പിന്നോക്കാവസ്ഥകൾ എന്നിവ കണ്ടുപിടിക്കാൻ സാധിക്കും. കൂടാതെ മറ്റു സ്ഥലങ്ങളിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്ന മാർഗ്ഗങ്ങൾ വിലയിരുത്തി പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതുമാണ്. മാനവ വികസന റിപ്പോർട്ട് നിലവിലുള്ള ഒരു രീതിക്കും ബദലാകുകയില്ല. മറിച്ച് ആസുതണം കൂടുതൽ മികച്ചതാക്കുന്നതിന് നിലവിലുള്ള രേഖകൾക്കും റിപ്പോർട്ടുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും ഒരു കൂട്ടിച്ചേർക്കലാണിത്.**

വികസനത്തിന്റെ പരമ്പരാഗത സങ്കൽപ്പമനുസരിച്ച് ഒരു രാജ്യത്തിന്റെ പുരോഗതിയുടെ അളവുകോൽ സാമ്പത്തിക വളർച്ചയാണ്. സാമ്പത്തികാടിസ്ഥാനത്തിലുള്ള വികസന കാഴ്ചപ്പാടിന്റെ പരിമിതികൾ തിരിച്ചറിഞ്ഞ സാഹചര്യത്തിൽ നൂതന ആശയങ്ങൾ രൂപം കൊണ്ടു. ഇത്തരത്തിലുള്ള പുതിയൊരു കാഴ്ചപ്പാടാണ് മാനവ വികസനം. സാമ്പത്തിക വിദഗ്ദ്ധരായ മഹബൂബ്-ഉൾ-ഹക്ക്, അമർത്യസെൻ എന്നിവരുടെ അഭിപ്രായത്തിൽ വികസനമെന്നത് മനുഷ്യന്റെ സാമ്പത്തിക വളർച്ച മാത്രമല്ല, മറിച്ച് മനുഷ്യൻ എത്ര അറിവോടെ, ആരോഗ്യത്തോടെ, സാമൂഹിക പങ്കാളിത്തത്തോടുകൂടി ജീവിക്കുന്നു എന്നതു കൂടിയാണ്. അതിനാൽ മാനവ വികസനമാണ് ആസൂത്രണത്തിന്റെ അടിസ്ഥാനമാകേണ്ടത്. ഇതിനു സഹായിക്കുന്ന രേഖയാണ് മാനവ വികസന റിപ്പോർട്ട്. വിദ്യാഭ്യാസം, വരുമാനം, ആരോഗ്യം, സാമൂഹിക പങ്കാളിത്തം എന്നീ ഘടകങ്ങളിൽ ഓരോ ജനവിഭാഗത്തിന്റെയും അവസ്ഥാ വിശകലനത്തിന് ഈ റിപ്പോർട്ട് സഹായകമാകും.

പ്രാദേശിക അവസ്ഥ, പ്രശ്നങ്ങൾ, ആവശ്യങ്ങൾ, ലഭ്യമായ വിഭവങ്ങൾ എന്നിവ കൃത്യമായി മനസ്സിലാക്കി ഓരോ ജനവിഭാഗങ്ങളുടെയും വികസന ഇടപെടലുകൾ ആരായുന്ന പ്രക്രിയയാണ് പ്രാദേശികാസൂത്രണം. ദീർഘവീക്ഷണത്തോടെ ആവശ്യമായ വിവരാടിസ്ഥാനത്തിലൂന്നി പ്രശ്നങ്ങളെയും ആവശ്യങ്ങളെയും സമഗ്രമായി കണ്ടുകൊണ്ടാകണം ആസൂത്രണം നടത്തേണ്ടത്. ഇത്തരത്തിൽ പ്രാദേശികപരമായി മാനവ വികസന സൂചികകളിലൂടെ വിടവുകളും പ്രശ്നങ്ങളും കണ്ടെത്തുവാൻ പ്രാദേശിക മാനവ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിലൂടെ സാധ്യമാകും.







അതിനാൽ പ്രാദേശികാസൂത്രണത്തിന് അടിസ്ഥാനമായി ഉപയോഗിക്കാവുന്ന രേഖയാണ് പ്രാദേശികതല മാനവ വികസന റിപ്പോർട്ട് (Local Human Development Report).

പ്രാദേശികാസൂത്രണം നടത്തുന്നതിന് നേതൃത്വം നൽകുന്ന ഭരണഘടനാ സ്ഥാപനങ്ങളാണ് പഞ്ചായത്തുകൾ. അതുകൊണ്ടുതന്നെ പ്രാദേശിക മാനവ വികസന റിപ്പോർട്ടുകൾ പഞ്ചായത്തുതലത്തിൽ തയ്യാറാക്കുന്നത് ആസൂത്രണത്തിന് കൂടുതൽ ഗുണകരമാകും. കൂടാതെ ഓരോ പഞ്ചായത്തിന്റെയും അവസ്ഥയും സ്ഥാനവും മറ്റു പഞ്ചായത്തുകളുമായി, സംസ്ഥാന-ദേശീയ-അന്തർദേശീയ നിലയുമായി താരതമ്യം ചെയ്യുന്നതിന് സാധ്യമാകും. മാനവ വികസനത്തിന് തടസ്സമായി നിൽക്കുന്ന ഓരോ വിഷയമേഖലകളിലെയും പ്രശ്നങ്ങളെന്തൊക്കെയാണെന്ന് തിരിച്ചറിയാൻ സാധിക്കുകയും ഇപ്രകാരം കണ്ടെത്തുന്ന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ വിടവുകൾ നികത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്താൽ മാനവ വികസനം കൂടുതൽ സാധ്യമാക്കാൻ കഴിയും.

യു.എൻ.ഡി.പി. രീതിശാസ്ത്രമനുസരിച്ച് വരുമാന സൂചികയും ആരോഗ്യ സൂചികയും വിദ്യാഭ്യാസ സൂചികയും കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സംയോജിത സൂചികയാണ് മാനവ വികസന സൂചിക. മൂന്നു സൂചികകൾക്കും തുല്യ പ്രാധാന്യം നൽകിയാണ് മാനവ വികസന സൂചിക കണക്കാക്കേണ്ടത്.

പ്രാദേശിക മാനവ വികസന റിപ്പോർട്ട് ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും പഞ്ചായത്തുതലത്തിലും തയ്യാറാക്കാവുന്നതാണ്. ജില്ലാതലത്തിൽ തയ്യാറാക്കുന്ന റിപ്പോർട്ടിൽ ബ്ലോക്ക് പഞ്ചായത്തുകളുടെയും ഗ്രാമപഞ്ചായത്തുകളുടെയും താരതമ്യ പഠനം നടത്താൻ സാധിക്കും. ഗ്രാമപഞ്ചായത്തുതല റിപ്പോർട്ടിൽ വിവിധ വാർഡുകൾ തമ്മിലുള്ള വ്യത്യാസങ്ങൾ ഉണ്ടാകും. എന്നാൽ പ്രാദേശികതലത്തിൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാലും ചില മാക്രോ ലെവൽ വിവരങ്ങൾ പ്രാദേശികതലത്തിൽ ഉപയോഗിക്കുമ്പോൾ പ്രസക്തമല്ലാത്തതിനാലും മറ്റു ചില സൂചകങ്ങൾ പിന്തുടരാവുന്നതാണ്. പ്രതിശീർഷ ഉപഭോഗച്ചെലവ്, ദാരിദ്ര്യത്തിന്റെ വ്യാപ്തി, കുടിവെള്ള ലഭ്യത, വീടുകളുടെ അനുപാതം, സാക്ഷരതാ നിരക്ക്, സ്ത്രീസാക്ഷരത, ആയൂർദൈർഘ്യം, ശിശുമരണ നിരക്ക്, ആരോഗ്യസ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മാനവ വികസന സൂചികകളെ സ്വാധീനിക്കുന്ന

**യു.എൻ.ഡി.പി. രീതി ശാസ്ത്രമനുസരിച്ച് വരുമാന സൂചികയും ആരോഗ്യ സൂചികയും വിദ്യാഭ്യാസ സൂചികയും കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സംയോജിത സൂചികയാണ് മാനവ വികസന സൂചിക. മൂന്നു സൂചികകൾക്കും തുല്യ പ്രാധാന്യം നൽകിയാണ് മാനവ വികസന സൂചിക കണക്കാക്കേണ്ടത്.**

എല്ലാ ഘടകങ്ങളെയും വസ്തുതകളുടെ അടിസ്ഥാനത്തിൽ പരിശോധനയ്ക്ക് വിധേയമാക്കിയാകണം റിപ്പോർട്ട് തയ്യാറാക്കേണ്ടത്. റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സൂചകങ്ങൾ വസ്തുനിഷ്ഠമായി അളക്കാൻ കഴിയുന്നതും സൂചിക കണക്കാക്കുന്നത് ശാസ്ത്രീയമായ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലുമാകണം. പശ്ചിമബംഗാളിലെ മാൽഡ, കേരളത്തിലെ ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിലെ മാനവ വികസന റിപ്പോർട്ടുകൾ ഇത്തരത്തിൽ പ്രസക്തമാണ്.

യു.എൻ.ഡി.പി. രീതിശാസ്ത്രപ്രകാരം മനുഷ്യവിഭവ സൂചിക കണക്കാക്കുന്നതിനുള്ള സമവാക്യമാണ്.

മനുഷ്യവിഭവ സൂചിക = [ (1/3 x വിദ്യാഭ്യാസ സൂചിക) + (1/3 x ആരോഗ്യ സൂചിക) + (1/3 x വരുമാന സൂചിക) ]

ഇതിൽ ഓരോ സൂചികയും പ്രത്യേകം തയ്യാറാക്കുന്നതിനായി താഴെ പറയുന്ന സമവാക്യം ഉപയോഗിക്കാവുന്നതാണ്.

സൂചിക = 

നേടിയെടുത്ത നിരക്ക് - കുറഞ്ഞ നിരക്ക്
―――――――――――――
പരമാവധി നിരക്ക് - കുറഞ്ഞ നിരക്ക്

## വിദ്യാഭ്യാസ സൂചിക

വിദ്യാഭ്യാസ സൂചിക കണക്കാക്കുമ്പോൾ യു.എൻ.ഡി.പി.യുടെ രീതിശാസ്ത്ര പ്രകാരം സാക്ഷരതയും സ്കൂൾ പ്രവേശനം നേടിയ കുട്ടികളുടെ നിരക്കും ചേർന്നുള്ള സമ്മിശ്ര സൂചികയാണ് സ്വീകരിക്കുന്നത്.

a. സാക്ഷരത = 

നേടിയെടുത്ത സാക്ഷരത-കുറഞ്ഞ സാക്ഷരത
―――――――――――――
പരമാവധി സാക്ഷരത-കുറഞ്ഞ സാക്ഷരത

b. സ്കൂൾ പ്രവേശന നിരക്ക് = 

പ്രവേശനം നേടിയ നിരക്ക് - കുറഞ്ഞ നിരക്ക്
―――――――――――――
പരമാവധി നിരക്ക്/കുറഞ്ഞ നിരക്ക്

വിദ്യാഭ്യാസ സൂചിക = 

(2/3 x സാക്ഷരത)+(1/3 x പ്രവേശന നിരക്ക്)

യു.എൻ.ഡി.പി. രീതിശാസ്ത്രമനുസരിച്ച് സാക്ഷരതയ്ക്ക് 2/3 മുൻതൂക്കവും സ്കൂൾ പ്രവേശന നിരക്കിന് 1/3 മുൻതൂക്കവും നൽകിയാണ് വിദ്യാഭ്യാസ സൂചിക കണക്കാക്കുന്നത്.

**ആരോഗ്യ സൂചിക** = 

നേടിയെടുത്ത ആയുർദൈർഘ്യം - കുറഞ്ഞ ആയുർദൈർഘ്യം
―――――――――――――
പരമാവധി ആയുർദൈർഘ്യം - കുറഞ്ഞ ആയുർദൈർഘ്യം

പ്രാദേശികതലത്തിൽ ആയുർദൈർഘ്യം കണക്കാക്കുന്നതിനുള്ള വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ജനനനിരക്ക്, മരണനിരക്ക്, ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക്, മരുന്നുകളുടെ ലഭ്യത, ഡോക്ടർമാരുടെ ലഭ്യത, ശുചിത്വ സൗകര്യങ്ങൾ, പരിസ്ഥിതി മലിനീകരണം തുടങ്ങിയവ പോലുള്ള സൂചകങ്ങൾ പരിഗണിക്കാം.

## തൊഴിൽ പങ്കാളിത്ത സൂചിക

പ്രാദേശിക തലത്തിൽ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ കണക്കുകൾ ലഭ്യമല്ലാത്തതിനാൽ മാനവ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി യു.എൻ.ഡി.പി. നിർദ്ദേശിക്കുന്ന വരുമാന സൂചികയ്ക്കുപകരം തൊഴിൽ പങ്കാളിത്ത സൂചിക ഉപയോഗിക്കാവുന്നതാണ്. തൊഴിൽ പങ്കാളിത്തം കൂടുന്നതിനനുസരിച്ച് വരുമാനവും കൂടുന്നു എന്ന അനുമാനത്തിലാണ് തൊഴിൽ പങ്കാളിത്ത നിരക്ക് വരുമാന സൂചികയ്ക്ക് പകരം ഉപയോഗിക്കുന്നത്.

തൊഴിൽ പങ്കാളിത്ത സൂചിക = 

നേടിയെടുത്ത തൊഴിൽ പങ്കാളിത്ത നിരക്ക്-കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്ക്
―――――――――――――
പരമാവധി തൊഴിൽ പങ്കാളിത്ത നിരക്ക്-കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്ക്

ഇത്തരത്തിൽ മാനവ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിലൂടെ വികസന കാര്യത്തിൽ വാർഡുകൾ/പ്രദേശങ്ങൾ തമ്മിൽ നിൽക്കുന്ന വ്യത്യാസങ്ങൾ, വിവിധ സാമൂഹ്യ ജനവിഭാഗങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ, പൊതുവായ പിന്നോക്കാവസ്ഥകൾ എന്നിവ കണ്ടുപിടിക്കാൻ സാധിക്കും. കൂടാതെ മറ്റു സ്ഥലങ്ങളിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്ന മാർഗ്ഗങ്ങൾ വിലയിരുത്തി പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതുമാണ്. മാനവ വികസന റിപ്പോർട്ട് നിലവിലുള്ള ഒരു രീതിക്കും ബദലാകുകയില്ല. മറിച്ച് ആസുതണം കൂടുതൽ മികച്ചതാക്കുന്നതിന് നിലവിലുള്ള രേഖകൾക്കും റിപ്പോർട്ടുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും ഒരു കൂട്ടിച്ചേർക്കലാണിത്. ■

*ലേഖകൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (കില) ട്രെയിനിംഗ് അസോസിയേറ്റാണ്.*

## സാംഖ്യ: കമ്പ്യൂട്ടർവൽക്കൃത ഡബിൾ എൻട്രി അക്കൗണ്ടിംഗ്

*പേജ് 31ൽ നിന്ന്*

മേൽ പറഞ്ഞവയ്ക്കു പുറമേ താഴെ പറയുന്ന വിവരങ്ങൾ കൂടി അക്രൂവൽ അക്കൗണ്ടിംഗ് നൽകുന്നു.

- ആസ്തി- ബാദ്ധ്യതകൾ (കെട്ടിടങ്ങൾ, റോഡുകൾ ഉൾപ്പെടെ).
- കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ തുകകൾ.
- തന്നാണ്ടിലെ പ്രവർത്തനഫലം മിച്ചമോ കമ്മിയോ എന്ന വിവരം.

### സാംഖ്യ ഉപയോഗിച്ച അക്കൗണ്ടിംഗ്: മെച്ചങ്ങൾ

മാന്വൽ സമ്പ്രദായത്തിലായാൽ പോലും അക്രൂവൽ അക്കൗണ്ടിംഗ് നടത്തിയാൽ ലഭിക്കാവുന്ന നേട്ടങ്ങളാണ് മേൽ വിവരിച്ചത്. എന്നാൽ അക്രൂവൽ അക്കൗണ്ടിംഗ് സാംഖ്യ ഉപയോഗിച്ച് കമ്പ്യൂട്ടർവൽകൃതമായി നടപ്പാക്കിയാലോ?

- ഓരോ ഇടപാടും രേഖപ്പെടുത്തുന്നത് തൽസമയം.
- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മൊത്തം സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച വിവരം ഒരിടത്തു ലഭ്യം.
- കാഷ് ബുക്ക്, ബാങ്ക് ബുക്ക്, ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് തുടങ്ങിയ റിപ്പോർട്ടുകൾ ഒരു മൗസ് ക്ലിക്കിൽ ഏതു സമയത്തും ലഭ്യം.
- ഐ.കെ.എം വികസിപ്പിച്ചു വിന്യസിച്ചിട്ടുള്ള മറ്റ് സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകളുമായി ഉദ്ഗ്രഥിച്ചു പ്രവർത്തിക്കുന്നതുമൂലം മൊത്തം സാമ്പത്തിക വിവരങ്ങൾ ഒരു ചരടിൽ കോർത്തിണക്കുന്നു.

### ഇ-ഗവേണൻസിലേക്ക്

സർക്കാർ സേവനങ്ങൾ സാധാരണക്കാരന് അയാളുടെ പ്രദേശത്തുതന്നെ, താങ്ങാവുന്ന ചെലവിൽ, പ്രാപ്തമാക്കുകയും കാര്യക്ഷമത, സുതാര്യത, വിശ്വാസ്യത എന്നിവ ഉറപ്പുവരുത്തുകയുമെന്ന ദേശീയ ഇ-ഗവേർണൻസ് നയത്തിന് അനുസൃതമായാണ് സാംഖ്യ പ്രവർത്തിക്കുന്നത്. അതിനാൽ അക്കൗണ്ടിംഗ് പ്രവർത്തനം നടത്തുന്നതു തന്നെ സാംഖ്യയിലൂടെയാണ്. ഓരോ വരുമാനവും ഉത്ഭവിക്കുമ്പോഴും, പണം സ്വീകരിക്കുമ്പോഴും, ഓരോ ചെലവിനും അടിസ്ഥാനമായ പ്രവൃത്തി നടത്തിക്കഴിയുമ്പോഴും, പണം നൽകുമ്പോഴും അതതു സമയത്തുതന്നെ സാംഖ്യയിൽ രേഖപ്പെടുത്തുന്നു. അതതു സമയത്തു തന്നെ ഇവ സംബന്ധിച്ച വിവരം വെബ്സൈറ്റിലൂടെ ലഭ്യമാക്കുകയും ചെയ്യുന്നു. എല്ലാ അക്കൗണ്ടിംഗ് പ്രവർത്തനവും കൈകൊണ്ടെഴുതി രേഖപ്പെടുത്തി പിന്നീട് കമ്പ്യൂട്ടറിലേക്ക് പകർത്തുകയെന്ന രീതി ഇവിടെ സ്വീകാര്യമല്ല.

### സാംഖ്യയും മറ്റ് ആപ്ലിക്കേഷനുകളും

ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുള്ള എല്ലാ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകളുമായി ഉദ്ഗ്രഥിച്ചാണ് സാംഖ്യ പ്രവർത്തിക്കുന്നത്. സൂചിക (ഫയൽ ട്രാക്കിംഗ് മൊഡ്യൂൾ), സഞ്ചയ (റവന്യൂ മൊഡ്യൂൾ), സുലേഖ (പ്ലാൻ മോണിറ്ററിംഗ് മൊഡ്യൂൾ), സ്ഥാപന (എസ്റ്റാബ്ലിഷ്മെന്റ് മൊഡ്യൂൾ), സേവന (സിവിൽ രജിസ്ട്രേഷൻ), സേവന (സാമൂഹ്യ സുരക്ഷാ പെൻഷനുകൾ), സങ്കേതം (കെ.എം.ബി.ആർ -കെ.പി.ബി.ആർ), സചിത്ര (ആസ്തി രജിസ്റ്റർ), സുഗമ (എസ്റ്റിമേഷൻസ്), സകർമ്മ (യോഗ തീരുമാനങ്ങൾ) തുടങ്ങിയവയാണ് അവ. ഇക്കാരണത്താൽ ആവർത്തനം ഒഴിവാക്കാൻ കഴിയുന്നു. ഒപ്പം സമയലാഭവും. ഘടക സ്ഥാപനങ്ങളുമായി ഉദ്ഗ്രഥനവും ഓൺലൈനായിട്ടുള്ള റിക്വിസിഷൻ – അലോട്ട്മെന്റ് തുടങ്ങിയവയും താമസിയാതെ നിലവിൽ വരും.

### അഭൂതപൂർവമായ പങ്കാളിത്തം, സഹകരണം

പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അദ്ധ്യക്ഷർ, മറ്റു ജനപ്രതിനിധികൾ, സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ, നിർവഹണ ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, കില, പഞ്ചായത്ത് – നഗരകാര്യ ഡയറക്ടറേറ്റുകളും ഗ്രാമവികസന കമ്മീഷണറേറ്റും, അക്കൗണ്ടന്റ് ജനറൽ ഓഫീസ്, ലോക്കൽ ഫണ്ട് വകുപ്പ്, ഡിഡിപിമാർ, എ.ഡി.പി.മാർ, സോഫ്റ്റ്‌വെയർ വിദഗ്ധർ, സാങ്കേതിക ഉദ്യോഗസ്ഥർ, പരിശീലകർ തുടങ്ങിയ വൻനിര ഒരേ മനസ്സായി പ്രവർത്തിച്ചാണ് സാംഖ്യയുടെ വികസനവും വിന്യാസവും വിജയകരമായി നടപ്പായത്. മുന്നേറിത്തീർക്കാൻ ഇനിയും ദൂരമുണ്ട് – എങ്കിലും ഇതുവരെയുള്ള അനുഭവം ശുഭപ്രതീക്ഷയേകുന്നു. ■

*ലേഖകൻ ഇൻഫർമേഷൻ കേരള മിഷനിൽ കൺസൾട്ടന്റാണ്*


**Statement about ownership and other particulars about the Panchayat Raj (monthly) to be published in the first issue every year after the last day of February - Form IV (See Rule 8)**

| | | | |
|---|---|---|---|
| 1. | Place of Publication | : | Thiruvananthapuram |
| 2. | Periodicity of the Publication | : | Monthly |
| 3. | Printer's Name | : | J. Sadanandan |
| | Nationality | : | Indian |
| | Address | : | Director of Panchayats (Additional Charge) Thiruvananthapuram - 33 |
| 4. | Publisher's Name | : | J. Sadanandan |
| | Nationality | : | Indian |
| | Address | : | Director of Panchayats (Additional Charge) Thiruvananthapuram - 33 |
| 5. | Editor's Name | : | J. Sadanandan |
| | Nationality | : | Indian |
| | Address | : | Director of Panchayats (Additional Charge) Thiruvananthapuram - 33 |
| 6. | Name and Address of individuals who own the newspaper and printer or shareholders holding more than 1% of the total capital | : | Government of Kerala |

I, J. Sadanandan hereby declare that the particulars given above are true to the best of my knowledge and belief.

Thiruvananthapuram
1-3-2012

Sd/-
Director of Panchayats (Additional Charge)






# ഗ്രാമസ്മൃതികൾ ഉണർത്തി ഗ്രാമയാത്ര

**ഫോട്ടോ ഫീച്ചർ**

മെടഞ്ഞ തെങ്ങോലകൊണ്ട് മേഞ്ഞ പന്തൽ, പനമ്പട്ട കൊണ്ടുണ്ടാക്കിയ വേദി, കമുക് കൊണ്ടുണ്ടാക്കിയ ഇരിപ്പിടം, ചൂരൽകൊട്ട കമിഴ്ത്തിവെച്ച പ്രസംഗപീഠം, ഏറുമാടം, പറ, വാൽക്കിണ്ടി, ഓട്ടുകോളാമ്പി, മരക്കസേരകൾ, ചാരുബഞ്ചുകൾ, പാനീസ് വിളക്കുകൾ, നാടൻ കലാരൂപങ്ങൾ, കോൽക്കളി, വേലകളി, ദഫ്മുട്ട്, അറവന മുട്ട്, തിരുവാതിരക്കളി, മയിലാട്ടം......




മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ യുദ്ധസ്മാരക കവാടത്തിൽ നിന്നും ആരംഭിച്ച ഘോഷയാത്ര....

ജാതിമത വർഗ്ഗ വർണ്ണ വ്യത്യാസങ്ങൾക്കതീതമായി ഒരു മനസ്സോടെ ഇല്ലായ്മകളും വല്ലായ്മകളും പങ്കുവയ്ക്കുന്ന ജനസമൂഹം....

അതെ, പഴയ നാട്ടുകൂട്ടത്തിന്റെയും ഗ്രാമഭംഗിയുടെയും ഗൃഹാതുരത്വം സൃഷ്ടിക്കുന്ന അനുഭവങ്ങൾ സമ്മാനിച്ച് ഗ്രാമയാത്ര ജനമനസ്സുകളിൽ കൂട്ടായ്മയുടെയും സാഹോദര്യത്തിന്റെയും ആഹ്ലാദത്തിന്റെയും ഉത്സവാന്തരീക്ഷം പകരുകയാണ്.

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ, പുളിക്കൽ, കീഴുപറമ്പ്, കോട്ടയം ജില്ലയിലെ കിടങ്ങൂർ, ഏറ്റുമാനൂർ, വിജയപുരം, കൊല്ലം ജില്ലയിലെ പത്മന, കുളക്കട, വെട്ടിക്കവല എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് കഴിഞ്ഞ ഫെബ്രുവരി മാസം ഗ്രാമയാത്രയോടനുബന്ധിച്ച് വിശേഷാൽ ഗ്രാമസഭകൾ നടന്നത്. എല്ലാ കേന്ദ്രങ്ങളിലുമുണ്ടായ അഭൂതപൂർവ്വമായ ജനപങ്കാളിത്തം ശ്രദ്ധേയമായി.

ആർഭാടങ്ങളെ പാടെ അകറ്റി പ്രകൃതിയുമായിണങ്ങി നില്ക്കുന്ന വേദികളിലാണ് വിശേഷാൽ ഗ്രാമസഭകൾ ചേർന്നത്. പങ്കെടുക്കാനെത്തിയവർക്ക് നൽകിയത് നാടൻ വിഭവങ്ങളായ കപ്പ, ചമ്മന്തി, ചുക്കു കാപ്പി, കഞ്ഞിയും പുഴുക്കും..... വിളമ്പിയതാകട്ടെ വാഴയില, വട്ടയില, മൺചട്ടി തുടങ്ങിയവയിലും. അതാതിടങ്ങളിലെ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഗ്രാമചന്തകളും ഒരുക്കിയിരുന്നു.



വിശേഷാൽ ഗ്രാമസഭയിൽ ജനങ്ങൾക്കിടയിലേക്കിറങ്ങിച്ചെന്ന് മന്ത്രി മുനീർ ജനങ്ങളുടെ പരാതികളും നിവേദനങ്ങളും കൈപ്പറ്റുന്നു......

ഓരോരുത്തരുടെയും പരാതികൾക്ക് ചെവി കൊടുത്തും ക്ഷേമം അന്വേഷിച്ചുമാണ് മന്ത്രി പരിപാടി പൂർത്തിയാക്കുന്നത്.

കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ നടന്ന വിശേഷാൽ ഗ്രാമസഭയിലെ ഒരു ദൃശ്യം. മോൻസ് ജോസഫ് എം.എൽ.എ. മന്ത്രിയുടെ സമീപം.



പന്മന ക്ഷേത്രമുറ്റത്തെ ആൽ മരച്ചോട്ടിൽ വിരിച്ച തഴപ്പായയിൽ അധികാരം സൃഷ്ടിക്കുന്ന അകലങ്ങളൊന്നും ഇല്ലാതെ ജനമനസ്സു തൊട്ടറിയാനും അവരുടെ ഇല്ലായ്മകളും വല്ലായ്മകളും പങ്കുവയ്ക്കാനും.....

മന്ത്രിമാരായ മുനീറും ഷിബു ബേബിജോണും.





ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ ഫുഡ് സെക്യൂരിറ്റി ആർമിയുടെ ഗാർഡ് ഓഫ് ഓണർ സ്വീകരിച്ചതിനുശേഷം മന്ത്രി മുനീർ കെ. സുരേഷ്കുറുപ്പ് എം.എൽ.എയോടൊപ്പം.....

മന്ത്രിയെ വരവേൽക്കാനായി തയ്യാറായി നിൽക്കുന്ന മയിലാട്ട കലാകാരൻ.....

ചൂരക്കുളങ്ങര മണി, കേരളത്തിൽ ഇന്ന് അവശേഷിക്കുന്ന ഏക മയിലാട്ടകലാകാരനാണ്.











കീഴുപറമ്പ് ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ പ്രത്യേകം സജ്ജീകരിച്ച വേദി.

നാടൻകലാരൂപങ്ങൾ, വയൽ, കിണർ, ആട്ടിൻകൂട്, തൊഴുത്ത്, പുറ്റ്, കരിയും നുകവും, പഴയ ടാക്കീസ്, വൈക്കോൽക്കൂട്ടം, മെതിയടി തുടങ്ങി പഴമയുടെ പ്രതീകങ്ങൾ നിറഞ്ഞ വേദിയിൽ ഓലമേഞ്ഞ കുടിലിനു മുന്നിൽ മന്ത്രി മുനീർ, പി.കെ. ബഷീർ എം.എൽ.എയോടൊപ്പം.





കോട്ടയം ജില്ലയിലെ വിജയപുരത്ത് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണനോടൊപ്പം.








*"ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണ്."*

മഹാത്മജി സ്വപ്നം കണ്ട ഗ്രാമസ്വരാജിന്റെ അടിത്തറയായ ഗ്രാമസഭ ശക്തിപ്പെടുത്താൻ..... കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിൽ മന്ത്രി കെ.ബി. ഗണേഷ്കുമാറും, കൊടിക്കുന്നിൽ സുരേഷ് എം.പിയ്ക്കുമൊപ്പം.



# "ഗ്രാമസഭകളുടെ എണ്ണം വർഷത്തിൽ മൂന്നായി ചുരുക്കുന്ന കാര്യം പരിഗണനയിൽ"

ഗ്രാമപഞ്ചായത്തുകളിൽ നിയമപരമായി ചേരേണ്ട ഗ്രാമസഭകളുടെ എണ്ണം വർഷത്തിൽ മൂന്നാക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണെന്ന് പഞ്ചായത്ത് വകുപ്പു മന്ത്രി ഡോ: എം.കെ. മുനീർ പറഞ്ഞു. മലപ്പുറം, കോട്ടയം, കൊല്ലം ജില്ലകളിൽ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നടന്ന വിശേഷാൽ ഗ്രാമസഭകളിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മൂന്നു ഗ്രാമസഭകൾക്കൊപ്പം വയോജനങ്ങൾ, വനിതകൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങിയവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ഒരു സ്പെഷ്യൽ ഗ്രാമസഭയും യോഗം ചേരണമെന്നും അദ്ദേഹം പറഞ്ഞു.

നമ്മുടെ പാരമ്പര്യത്തെയും പൈതൃകത്തെയും നശിപ്പിക്കുന്ന വികസനം ഭൂഷണമല്ല. അർഹതപ്പെട്ടവർക്ക് പലയിടത്തും ആനുകൂല്യം നിഷേധിക്കപ്പെടുന്നു. വികസന പ്രവർത്തനങ്ങളിൽ രാഷ്ട്രീയാതിപ്രസരം ഉണ്ടാകുന്നുണ്ട്. ഇതിനെല്ലാം പ്രധാന കാരണം ഗ്രാമസഭയിലെ ജനപങ്കാളിത്ത കുറവാണ്. സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിച്ചാൽ മാത്രമേ നാടിന്റെ യഥാർത്ഥ വികസനം സാദ്ധ്യമാകൂ. കേരളത്തിലെ 11 ശതമാനം വരുന്ന വയോജനങ്ങൾക്കു വേണ്ടി വയോജന സൗഹൃദ പദ്ധതികളാവിഷ്ക്കരിക്കും. സാന്ത്വന പരിചരണം ആരുടെയും ഔദാര്യമല്ല. പെയ്ൻ & പാലിയേറ്റീവ് കെയർ എല്ലാ പഞ്ചായത്തിലും നിർബന്ധമാക്കും, മന്ത്രി പറഞ്ഞു.

സാമൂഹ്യക്ഷേമ പദ്ധതികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ നിയമസഭാ നിയോജക മണ്ഡലത്തിലും സ്ഥലം നൽകുന്ന ഒരു പഞ്ചായത്തിൽ ഒരു മാതൃകാ അംഗൻവാടി നിർമ്മിക്കാൻ 15 ലക്ഷം രൂപ നൽകും. സർക്കാർ ധനസഹായത്തിനു പുറമെ എം.എൽ.എ ഫണ്ടിൽ നിന്നും 4 ലക്ഷം രൂപയും ലഭിക്കും. ഇത് അംഗൻവാടി മാത്രമായിരിക്കില്ല. കൗമാരക്കാർക്കു റിസോഴ്സ് സെന്ററായും വയോധികർക്കു പകൽവീടായും ഉപയോഗിക്കുന്ന ത്രീ-ഇൻ-വൺ മോഡലാണ് പരിഗണിക്കുന്നത്, അദ്ദേഹം പറഞ്ഞു.







മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമപഞ്ചായത്തിൽ പനമ്പട്ട കൊണ്ടുണ്ടാക്കിയ പ്രകൃതിയുമായി ഇണങ്ങി നിൽക്കുന്ന വേദിയിൽ.... കെ. മമ്മുണ്ണിഹാജി എം.എൽ.എയോടൊപ്പം.





## ഗ്രാമസഭ കാണാൻ ലക്ഷദ്വീപ് സംഘം

ഗ്രാമസഭ കാണാനും വികേന്ദ്രീകൃതാസൂത്രണം പഠിക്കാനും ലക്ഷദ്വീപിൽ നിന്നും 22 പേർ. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും ജില്ലാപഞ്ചായത്തംഗങ്ങളും അടങ്ങിയ ജനപ്രതിനിധികളുടെ സംഘമാണ് മലപ്പുറം ജില്ലയിലെ പൂക്കോട്ടൂരും പുളിക്കലും വിശേഷാൽ ഗ്രാമസഭ കണ്ടറിയാൻ എത്തിയത്. ഏപ്രിൽ മാസത്തിൽ ലക്ഷദ്വീപിൽ ദ്വിതല(ഗ്രാമ-ജില്ല) പഞ്ചായത്ത് ഭരണസംവിധാനം നടപ്പാക്കുകയാണെന്നും അതേക്കുറിച്ച് പഠിക്കുന്നതിനാണ് തങ്ങൾ എത്തിയതെന്നും ദ്വീപിലെ കിൽത്താന വില്ലേജ് ദ്വീപ് പഞ്ചായത്ത് പ്രസിഡന്റ് സാജിതാബീഗം പറഞ്ഞു.





പഞ്ചായത്ത് രാജ്



# മാമ്പുഴ പുനർജനിക്കുന്നു!!!

ജീവന്റെ നിലനിൽപ്പ് ജലത്തിൽ സ്ഥിതിചെയ്യുന്നു. അതു കൊണ്ടുതന്നെ ഭാരതത്തിന്റെ പ്രാചീന സംസ്കൃതിയിൽ ജല സംരക്ഷണം പരമ പ്രധാനമായി ഭരണാധികാരികളും ജനപഥങ്ങളും ഋഷിവര്യന്മാരും സ്വന്തം ജീവിതചര്യയാക്കുകയും ചെയ്തിരുന്നു. എന്നാൽ ആധുനിക കാലഘട്ടം കമ്പോളവൽക്കരണത്തിനും സ്ഥാപിത താല്പര്യങ്ങൾക്കും വശംവദമായപ്പോൾ നമ്മുടെ ജലസ്രോതസ്സുകൾ അനുദിനം മലിനീകരിക്കപ്പെടുകയും നശിക്കുകയും ചെയ്യുകയാണ്.

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ ആവാസവ്യവസ്ഥയെ ബാധിക്കുന്ന അതിപ്രധാന ജലസ്രോതസ്സാണ് കല്ലായിപുഴയിൽ ചേരുന്ന മാമ്പുഴ. ഒരു കാലത്ത് കൃഷിക്കും കുടിവെള്ളത്തിനും മത്സ്യബന്ധനത്തിനും ചരക്ക് കടത്തിനും ഈ പ്രദേശത്തെ ജനങ്ങളുടെ ഏക ആശ്രയമായിരുന്നു മാമ്പുഴ. മറ്റ് പ്രദേശങ്ങളിലെ പോലെ മാമ്പുഴയും മൃതിയിലേക്കും വിസ്മൃതിയിലേക്കും കൂപ്പുകുത്തുമെന്നായപ്പോഴാണ് പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പരിസ്ഥിതി പ്രവർത്തകരെയും പ്രകൃതി സ്നേഹികളെയും കോർത്തിണക്കി മാമ്പുഴ സംരക്ഷിക്കുന്നതിനുള്ള കർമ്മപദ്ധതിക്ക് രൂപം നൽകിയത്.

പുഴയിൽ അടിഞ്ഞ് കൂടിയ മാലിന്യങ്ങളും പായലുകളും നീക്കം ചെയ്യുന്നതിനുവേണ്ടി പെരുമണ്ണ ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നൂറ്റിഅൻപതോളം വനിതകളുടെ സേവനം ലഭ്യമാക്കി. അന്യാധീനപ്പെട്ട പുഴയോരങ്ങൾ കണ്ടെത്തി തിരിച്ചുപിടിക്കുന്നതിനു വേണ്ടി സർവ്വേ ഡിപ്പാർട്ട്മെന്റ് നടപടികൾ ആരംഭിച്ചു. അലസ മനോഭാവം പദ്ധതി തകിടം മറിക്കാതിരിക്കാൻ പഞ്ചായത്തധികൃതരുടെ മേൽനോട്ടത്തിൽ ജനങ്ങൾ ജാഗ്രതയോടേ കാവലിരിക്കുന്നു. തുടർന്ന് രണ്ടാം ഘട്ടമായി സർക്കാരിന്റെയും ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുടെയും കൂട്ടായ പദ്ധതികളിലൂടെ അന്യാധീനപ്പെട്ട പുഴയോരം തിരിച്ചെടുത്ത് സംരക്ഷിക്കുന്നതിനും തീരങ്ങളിൽ കൈതയും രാമച്ചവും കമ്മട്ടിമരങ്ങളും പൂമരങ്ങളും വെച്ചുപിടിപ്പിച്ച് മാമ്പുഴയുടെ പഴയകാല പ്രൗഢി വീണ്ടെടുക്കുന്നതിനും ഇക്കോടൂറിസത്തിന്റെ അനന്തസാധ്യതകൾ കണ്ടെത്താനുമുള്ള ഭഗീരഥ പ്രയത്നത്തിന് ജനകീയ കൂട്ടായ്മ ഒരുക്കുകയാണ് പെരുമണ്ണ ഗ്രാമപഞ്ചായത്ത്.■

**എ.പി. പീതാംബരൻ,** *പ്രസിഡന്റ്, പെരുമണ്ണ ഗ്രാമപഞ്ചായത്ത്*



മുരളീധരൻ തഴക്കര

പരമ്പര: 31

# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

ഒട്ടും ഉറങ്ങാത്ത രാത്രികൾ അസ്വസ്ഥതയാണ് സാധാരണ. എന്നാൽ ഏറെ ആഹ്ലാദത്തോടെ ഉറക്കമൊഴിയാൻ സന്നദ്ധമായിരുന്ന പഴയകാലം ഒന്നുണ്ടായിരുന്നു. പകലും രാവും ഗ്രാമജീവിതത്തെ അലൗകികമായി നിലനിർത്തിയത് ഉത്സവങ്ങളാണ്. താളത്തിന്റെ തരംഗങ്ങൾ, രാഗങ്ങളുടെ പ്രവാഹ ഗതികൾ, നിറങ്ങളുടെ സങ്കലനങ്ങൾ വിശ്വാസത്തിന്റെ ഭാവകാന്തികൾ എല്ലാം ഉത്സവങ്ങൾ നമുക്കു തന്നു. അവ ജനജീവിതത്തെ തൊലിപ്പുറത്തു തൊട്ടുപോകുകയല്ല ചെയ്തത്. ജീവിതത്തിൽ നിന്ന് നന്മകൾ സ്വീകരിക്കുകയും അതിലും എത്രയോ ഇരട്ടി തിരികെ നൽകുകയും ചെയ്തു. വിത്തിറക്കലിന്റെയും വിളവെടുപ്പിന്റെയും ആഘോഷങ്ങളായി, പൂർവ്വിക സ്മരണയുടെ നിദർശനമായി ഉത്സവങ്ങൾ ആവിർഭവിച്ചു എന്നു പറയാം. അത് ആഘോഷിക്കുന്നതിലെ സത്യസന്ധതയാണ് പഴയകാലം മുന്നോട്ടുവെച്ചത്. അതുകൊണ്ടാണ് അവയിൽ വ്യതിചലിച്ചു കൂടാത്ത അനുഷ്ഠാനത്തിന്റെ അംശം കൂടിയിരുന്നത്. ഉത്സവവുമായി ഇഴചേർന്ന ഏതാനും പദങ്ങളാണ് ഇക്കുറി.

## ഉത്സവം

ക്ഷേത്രങ്ങളിൽ നടത്തുന്ന വാർഷികാഘോഷമാണിത്. കൊടിയേറ്റത്തോടുകൂടി സമാരംഭിക്കുന്ന ഉത്സവം ആറാട്ടോടുകൂടിയാണ് സമാപിക്കുന്നത്. ഉത്സവദിവസങ്ങളിൽ ഉത്സവബലി, ശ്രീബലി, ആനപ്പുറത്തു തിടമ്പെഴുന്നള്ളിക്കൽ എന്നിവയെല്ലാം നടക്കും. ചെണ്ടമേളം, തായമ്പക, പഞ്ചവാദ്യം, നാദസ്വരം തുടങ്ങിയ വാദ്യങ്ങൾ ഉത്സവത്തിൽ താളതരംഗങ്ങൾ സൃഷ്ടിക്കും. കഥകളി, കൂത്ത്, കൂടിയാട്ടം, തുള്ളൽ, കഥാപ്രസംഗം, തെയ്യം, തിറ, നൃത്തനൃത്യങ്ങൾ എന്നീ കലാപരിപാടികൾ ഉത്സവത്തിന് മാറ്റുകൂട്ടും.

## ഉത്സവപ്പറമ്പ്

മിക്ക ക്ഷേത്രങ്ങളോടുചേർന്നും വിശാലമായ പറമ്പും ഒരു ഭാഗത്തായി കലാപരിപാടികളും മതസമ്മേളനങ്ങളും മറ്റും നടത്താൻ പാകത്തിൽ സ്ഥിരമായ സ്റ്റേജും ഉണ്ടാകും. ഇവിടെയാണ് ഉത്സവവും ഉത്സവത്തോടനുബന്ധിച്ചുള്ള കലാപരിപാടികളും അരങ്ങേറുന്നത്. പണ്ട് ഓരോ വീട്ടിൽ നിന്നും കുഞ്ഞുകുട്ടി ആബാലവൃദ്ധം ഉത്സവം കാണുവാൻ അമ്പലപ്പറമ്പിലെത്തുക സാധാരണമാണ്. ക്ഷേത്രത്തിന്റെ പ്രദക്ഷിണ വഴിക്കും പുറത്തുള്ള വിശാലമായ മുറ്റത്തിനാണ് ഉത്സവപറമ്പെന്നു പറയുക. ഉത്സവത്തോടനുബന്ധിച്ചുള്ള കലാപരിപാടികൾ കാണുന്നതിനായി പായയും ചുരുട്ടി ഉത്സവപ്പറമ്പിലേക്ക് ആളുകൾ വന്നിരുന്ന ഒരു കാലമുണ്ടായിരുന്നു.

## കൊടിയേറ്റ്

അമ്പലങ്ങളിലും പള്ളികളിലും ഉത്സവം പെരുന്നാൾ തിരുനാൾ എന്നിവ ആരംഭിക്കുന്നത് കൊടിയേറ്റത്തോടെയാണ്. പ്രത്യേക വലിപ്പത്തിലും ആകൃതിയിലുമുള്ള കൊടിക്കൂറകളാണ് കൊടിയേറ്റിനായി എടുക്കുന്നത്. ക്ഷേത്രങ്ങളിൽ കൊടിയേറ്റ് നടത്തുന്നത് ആചാരവിധികളോടുകൂടി ക്ഷേത്ര തന്ത്രിയാണ്. കൊടിയേറ്റു കണ്ട് തൊഴുന്ന ഭക്തൻ ഉത്സവം സമാപിച്ച് കൊടിയിറക്കുന്നതും കാണണമെന്നാണ് നിഷ്ക്കർഷ.

## ഉത്സവക്കമ്മിറ്റി

ഉത്സവ നടത്തിപ്പിനായി രൂപീകരിക്കുന്ന ഒരു താല്ക്കാലിക ഭരണ നിർവ്വഹണ സംവിധാനം. ഉത്സവത്തിന് വളരെ മുമ്പായി ക്ഷേത്രാങ്കണത്തിൽ പൊതുയോഗം വിളിച്ചു ചേർത്താണ് ഉത്സവക്കമ്മിറ്റി രൂപീകരിക്കുന്നത്. ദേവസ്വം ബോർഡിന്റെ അധീനതയിലല്ലാ ക്ഷേത്രങ്ങളിൽ ഉപദേശകസമിതികളുടെ നിയന്ത്രണത്തിലും ചുമതലയിലുമാണ് ഈ കമ്മിറ്റി രൂപീകരണം നടക്കുന്നത്.

## ഉത്സവപ്പിരിവ്

ഉത്സവാവശ്യത്തിലേക്കു മാത്രമായി പൊതുജനങ്ങളിൽ നിന്നും നടത്തുന്ന ധനസമാഹരണം. ഇതൊരു ഗൃഹസമ്പർക്കം കൂടിയാണ്. ഇപ്പോൾ പല ക്ഷേത്രങ്ങളിലും ഇപ്രകാരം ഉത്സവ നടത്തിപ്പിനായി വീടുവീടാന്തരം കയറിയുള്ള സാമ്പത്തിക സമാഹരണം അന്യമാവുകയാണ്. നാട്ടിലെ സാമ്പത്തിക ശേഷിയുള്ളവരെ സമീപിച്ച് ഉത്സവവുമായി ബന്ധപ്പെട്ട ഓരോ കാര്യങ്ങളും സ്പോൺസറിംഗിലൂടെ നിവർത്തിക്കുകയാണ്.

## കരവരി

സാമുദായിക സംഘടനകളുടെ ചുമതലയിലും നിയന്ത്രണത്തിലുമുള്ള ക്ഷേത്രങ്ങളിൽ ഉത്സവങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും നടക്കുമ്പോൾ അതിലേക്ക് സമുദായത്തിൽപ്പെട്ട ഓരോ കുടുംബത്തിന്റെയും ധനസ്ഥിതി കണക്കിലെടുത്ത് നിശ്ചയിക്കുന്ന വിഹിതമാണ് കരവരി. യഥാസമയം ഈ തുക കൊടുക്കാതിരുന്നാൽ പ്രസ്തുത കുടുംബത്തിന്റെ പേരിൽ അത് കുടിശ്ശികയായി എഴുതിച്ചേർക്കുകയും ഏതെങ്കിലും തക്കതായ സന്ദർഭത്തിൽ അത് ഒടുക്കുവാൻ നിർബന്ധിതമാകുകയും ചെയ്യും.

## ഉത്സവച്ചന്ത

ഉത്സവം യഥാർത്ഥത്തിൽ കൃഷിയുടെ ഒരു ഉല്പന്നമാണ്. വിത്തിറക്കലുമായോ വിളവെടുപ്പുമായോ ബന്ധപ്പെട്ടുള്ളതാണ് നമ്മുടെ ഉത്സവാഘോഷങ്ങളിലേറെയും. ഓണം, വിഷു, തിരുവാതിര, പൊങ്കൽ, ഉച്ചാരൽ, ശിവരാത്രി, പറയിടൽ, കാളകെട്ട് തുടങ്ങി ഏത് ആഘോഷമെടുത്ത് പരിശോധിച്ചാലും ഇത് വ്യക്തമാണ്. അതുകൊണ്ടുതന്നെ ഉത്സവത്തോടനുബന്ധിച്ച് വിത്തുവകകളും, കാർഷികോപകരണങ്ങളും ഗൃഹോപകരണങ്ങളും മറ്റും വില്ക്കുകയും വാങ്ങുകയും ചെയ്യാൻ പാകത്തിൽ ചന്തകൾ നടന്നു വന്നിരുന്നു. ചെട്ടികുളങ്ങര കുംഭഭരണിച്ചന്ത, തെള്ളിയൂർക്കാവിലെ വൃശ്ചിക വാണിഭം, ഓച്ചിറ പന്ത്രണ്ടു വിളക്ക്, വാരനാട് അഗ്രിഫെസ്റ്റ് എന്നിവയെല്ലാം ഇതിന് പ്രത്യക്ഷ ഉദാഹരണങ്ങളാണ്.

## ഉത്സവമേളം

ഉത്സവങ്ങളുടെ ഏറ്റവും വലിയ ആകർഷണമായിരുന്നു വാദ്യമേളങ്ങൾ. ചെണ്ടമേളം, പമ്പമേളം, തായമ്പക, പഞ്ചാരിമേളം, പഞ്ചവാദ്യം ഉത്സവത്തിന് മാറ്റുകൂട്ടുന്ന കേഴ്‌വിക്കാരിൽ ഹരം പകരുന്ന ഉത്സവമേളങ്ങളാണ്. തൃശൂർ പൂരത്തിന്റെ ഏറ്റവും വലിയ സവിശേഷതയാണല്ലോ 'ഇലഞ്ഞിത്തറ മേളം'.

## കെട്ടുകാഴ്ച

ഉത്സവത്തിന്റെ ഭാഗമായി മിക്ക ക്ഷേത്രങ്ങളിലും കെട്ടുകാഴ്ചയുണ്ടാകും. തേരും കുതിരയും, ഒറ്റക്കാള, ഇരട്ടക്കാള, രഥം, പുരാണ കഥാപാത്രങ്ങളുടെ രൂപങ്ങൾ എന്നിവയെല്ലാം രൂപഭംഗിയോടെ അതിമനോഹരമായി കെട്ടി വിതാനിച്ച് ക്ഷേത്ര നടയിൽ എത്തിക്കുന്നത് ഒരു ചടങ്ങാണ്. മധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ കെട്ടുത്സവക്കാഴ്ചയാണ് ചെട്ടിക്കുളങ്ങര കുംഭഭരണി. പതിമൂന്ന് കരകളിൽ നിന്നുള്ള കെട്ടുകാഴ്ചകളാണ് ഇവിടെ ക്ഷേത്രത്തോടു ചേർന്നുള്ള കാഴ്ചക്കണ്ടത്തിൽ നിരക്കുന്നത്. അംബര ചുംബികളായ കുതിരയും, തേരും, ഭീമനും, പാഞ്ചാലിയുമെല്ലാം മനം കവരുന്ന കാഴ്ചയാണ്. 'കെട്ടുകാഴ്ച' പല ക്ഷേത്രങ്ങളിലും കാളകെട്ട് എന്ന പേരിലാണ് അറിയപ്പെടുന്നത്. കാളയുടെ രൂപം ശില്പഭംഗിയോടെ കെട്ടിയലങ്കരിച്ച് ഉത്സവദിവസം ക്ഷേത്രത്തിലെത്തിക്കുന്നതിനാലാണ് ഇപ്രകാരം പറയുന്നത്. കരവിരുതിന്റെയും കഠിനാദ്ധ്വാനത്തിന്റെയും കൂട്ടായ്മയുടെയും നിദർശനമാണ് കെട്ടുകാഴ്ചകൾ.

## ഗജവീരൻ

ആനയെ എഴുന്നെള്ളിക്കുക എന്നത് ക്ഷേത്രോത്സവങ്ങളുടെ അവിഭാജ്യഘടകമാണ്. ഒരു ആന മുതൽ നൂറ്റിഒന്ന് ആനകളെ വരെ ഉത്സവ നാളുകളിൽ എഴുന്നെള്ളിക്കുന്ന ക്ഷേത്രങ്ങളുണ്ട്. നെറ്റിപ്പട്ടം കെട്ടി തിടമ്പേറ്റി മുത്തുക്കുട ചൂടി വെഞ്ചാമരം വീശി ആനയെ എഴുന്നെള്ളിച്ച് ക്ഷേത്രത്തിന് മുൻവശത്ത് ആനക്കൊട്ടിലിൽ നിർത്തിയിരിക്കുന്നത് ഹൃദ്യമായൊരു കാഴ്ചയാണ്. ഘോഷയാത്രകൾക്ക് മാറ്റു കൂട്ടുവാനും, പറയെടുപ്പിനും ആനകളെ എഴുന്നെള്ളിക്കാറുണ്ട്. പക്ഷെ ഉത്സവസ്ഥലത്ത് ആന ഇടഞ്ഞ് പ്രകോപനമുണ്ടാക്കി നാടുവിറപ്പിക്കുന്നതും ഇപ്പോൾ പതിവാണ്. ആനയുടെ ചവിട്ടും കുത്തുമേറ്റ് മരണപ്പെടുന്നവരെക്കുറിച്ചുള്ള വാർത്തകൾ ഇപ്പോൾ നിത്യേന നാം വായിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ആനയെ എഴുന്നെള്ളിക്കുന്നതിന് ചില നിയന്ത്രണങ്ങൾ കോടതി നിഷ്ക്കർഷിച്ചിരിക്കുന്നത്. "ആനയ്ക്ക് ഉത്സവം നന്നാവണമെന്നില്ലല്ലോ?" എന്ന പഴമൊഴിയും ഇതിനോട് ചേർത്ത് വായിക്കേണ്ടതുണ്ട്.

## കരിമരുന്ന് പ്രയോഗം

ഉത്സവാഘോഷങ്ങൾ സമാപിക്കുമ്പോൾ മിക്കപ്പോഴും ഉത്സവത്തോടനുബന്ധിച്ചുള്ള കലാപരിപാടികൾ കഴിഞ്ഞ് ജനങ്ങൾ ഉത്സവപ്പറമ്പിൽ നിന്ന് പിരിയാൻ തുടങ്ങുമ്പോഴാണ് കരിമരുന്ന് പ്രയോഗം അഥവാ വെടിക്കെട്ട് നടക്കുക. മാലപ്പടക്കവും, കതിനയും, അമിട്ടും, ഗുണ്ടും, വാണവും തുടങ്ങി വിവിധ തരത്തിലാണ് കരിമരുന്നു പ്രയോഗം. ലക്ഷക്കണക്കിന് രൂപ ഇതിനായി ചെലവിടുന്ന ക്ഷേത്രങ്ങളും പള്ളികളുമുണ്ട്. തൃശൂർ പൂരത്തിന്റെ ഏറ്റവും വലിയ ആകർഷണങ്ങളിലൊന്ന് വെടിക്കെട്ടാണല്ലോ. കൊല്ലം ജില്ലയിലെ മലനട ക്ഷേത്രത്തിലെ വെടിക്കെട്ടും ഏറെ പ്രസക്തമാണ്. നമ്മുടെ പൂർവ്വികർ വളരെ ശാസ്ത്രീയ കാഴ്ചപ്പാടോടെയാണിത് അനുവർത്തിച്ചത്. കാരണം പതിനായിരക്കണക്കിനാളുകളാണ് ഉത്സവം കാണാൻ അമ്പലപ്പറമ്പുകളിൽ തടിച്ചു കൂടുന്നത്. പലവിധ പകർച്ചവ്യാധികളും രോഗങ്ങളുള്ളവരും ഉണ്ടാകാം. അതുകൊണ്ടുതന്നെ അന്തരീക്ഷത്തെ ശുദ്ധീകരിക്കുക എന്ന പരോക്ഷമായ ഒരു ശാസ്ത്രീയ ലക്ഷ്യവും കരിമരുന്നു പ്രയോഗത്തിന് പിന്നിലുണ്ട്. കാരണം വെടിമരുന്നായ സൾഫർ ശുദ്ധീകരണശേഷിയുള്ള വാതകമാണല്ലോ.

## ആറാട്ട്

ഉത്സവത്തിന്റെ പരിസമാപ്തി ആറാട്ടോടെയാണ് നടക്കുന്നത്. പരമ സമാധിയിൽ ലയിച്ച ദേവൻ അമൃതവർഷണം നടത്തുന്ന സന്ദർഭത്തെയാണ് ആറാട്ട് എന്ന് പറയുന്നത്. പരമാനന്ദാവസ്ഥയിലാണല്ലോ യോഗശാസ്ത്രപ്രകാരം അമൃതപ്രവാഹം നടത്തുന്നത്. ദേവനെ ജലാശയത്തിലേക്ക് എഴുന്നെള്ളിച്ച് ദിവ്യസ്നാനത്തിന് സജ്ജമാക്കുന്നു. ആറാട്ട് നടക്കുമ്പോൾ ജലാശയം അമൃത പൂർണ്ണമാകുന്നു എന്നതാണ് വിശ്വാസം. ഈ സമയത്ത് ദേവനോടൊപ്പം ഭക്തജനങ്ങളും ജലാശയത്തിലിറങ്ങി മുങ്ങി നിവർന്ന് ഭക്ത്യാദരപൂർവ്വം അതിൽ പങ്കാളികളാകുന്നു. ദേവന്റെ ആറാട്ട് സമയത്ത് ജലാശയത്തിൽ ആകാശഗംഗയുടെ സാന്നിദ്ധ്യമുണ്ടാകുമെന്നാണ് വിശ്വാസം. ജലാശയങ്ങളിൽ ആറാട്ടു നടക്കുന്ന ഭാഗത്തെ ആറാട്ടുകടവെന്നാണ് പറയുക. "ആറാട്ടും കഴിഞ്ഞ് ആനയും പോയി. ആനപ്പിണ്ഡവും ഉണങ്ങി. ഇനിപ്പറഞ്ഞിട്ടെന്തു കാര്യം?" ആറാട്ടുമായി ബന്ധപ്പെട്ട് മലയാളിക്ക് പ്രിയപ്പെട്ട ഒരു ശൈലിയാണിത്. ■

(തുടരും)

*ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.*

# വാർത്തകളും വിശേഷങ്ങളും

## വസ്തുനികുതി പരിഷ്ക്കരണം – നടപടികളുടെ സമയക്രമം പുനർക്രമീകരിച്ചു

വസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച നടപടികളുടെ സമയക്രമം താഴെപറയുംപ്രകാരം പുനഃക്രമീകരിച്ച് ഉത്തരവായി. 1. കെട്ടിടങ്ങൾക്ക് നമ്പർ പ്ലേറ്റ് പതിക്കൽ– 30.04.2012 2. നികുതി നിർണ്ണയം സംബന്ധിച്ചുള്ള പൊതുഅറിയിപ്പ്– 30.04.2012 3. കെട്ടിട ഉടമകൾ റിട്ടേൺ സമർപ്പിക്കേണ്ട അവസാനതീയതി – 30.06.2012 4. അസസ്സ്മെന്റ് രജിസ്റ്റർ തയ്യാറാക്കൽ– 31.07.2012 5. നികുതിദായകർക്ക് ഡിമാന്റ് നോട്ടീസ് നൽകൽ – 16.08.2012

വസ്തുനികുതി പരിഷ്ക്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ നിലവിലുള്ള നിരക്കിൽ നികുതി ഈടാക്കേണ്ടതും നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പഴയനിരക്കിൽ ഈടാക്കിയതിലെ അപാകം (കൂടുതൽ/കുറവ്) പിന്നീട് ഒടുക്കേണ്ട നികുതിയിൽ ക്രമീകരിക്കേണ്ടതുമാണ്. (സ.ഉ.(സാധാരണ) നം. 716/2012/ത.സ്വ.ഭ.വ., തീയതി 09.03.2012).

## കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാൻ കർശന നിർദ്ദേശം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൽ സൂക്ഷ്മ പരിശോധന നടത്താതെ ചട്ടങ്ങൾക്ക് വിരുദ്ധമായി അനുമതി നൽകുന്നത് സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിനു ലഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കാനിടയാകുന്നത് തർക്കങ്ങൾക്കും വ്യവഹാരങ്ങൾക്കും കാരണമാകുന്നു. അതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ കർശനമായി പാലിച്ചു കൊണ്ട് മാത്രമേ നിർമ്മാണാനുമതി നൽകാവൂ എന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മാണ അനുമതി നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. (സർക്കുലർ നം. 818/ആർഎ3/12/തസ്വഭവ, തീയതി 13/02/2012)

## കില കോർപ്പസ് ഫണ്ടിലേക്ക് തുക കൈമാറുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി

കിലയെ കല്പിത സർവ്വകലാശാലയായി ഉയർത്തുന്നതിനും കോഴ്സുകൾ ആരംഭിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള ഫണ്ട് ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2011–12 ലെ പദ്ധതി വിഹിതത്തിൽ നിന്ന് കില കോർപ്പസ് ഫണ്ടിലേക്ക് താഴെ പറയും പ്രകാരം തുക കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | – | കുറഞ്ഞത് 1 ലക്ഷം രൂപ; പരമാവധി 2 ലക്ഷം രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | – | കുറഞ്ഞത് 2 ലക്ഷം രൂപ; പരമാവധി 3 ലക്ഷം രൂപ |
| ജില്ലാ പഞ്ചായത്ത് | – | കുറഞ്ഞത് 3 ലക്ഷം രൂപ; പരമാവധി 5 ലക്ഷം രൂപ |
| മുൻസിപ്പാലിറ്റി | – | കുറഞ്ഞത് 2 ലക്ഷം രൂപ; പരമാവധി 3 ലക്ഷം രൂപ |
| കോർപ്പറേഷൻ | – | കുറഞ്ഞത് 5 ലക്ഷം രൂപ; പരമാവധി 8 ലക്ഷം രൂപ |

വികസന ഫണ്ടിന്റെ മേഖലാ വിഭജനത്തിന്റെ പരിധിയിൽ വരാതെയും എന്നാൽ പദ്ധതി ചെലവായി കണക്കാക്കിയും 2011–12 ലെ പദ്ധതി വിഹിതത്തിൽ നിന്ന് തുക കൈമാറാൻ അനുമതി നൽകുന്നു. അതിന് ഡി.പി.സി.യുടെ സാധൂകരണം വാങ്ങേണ്ടതാണ്. (ജി.ഒ. (സാധാ) നം: 673/12/ തസ്വഭവ തീയതി, 05.03.2012)

## എം. എൻ. ആർ. ഇ. ജി. എസ്: ജൈവ ആവാസ വ്യവസ്ഥ തകർക്കുന്ന പ്രവർത്തികൾ നിരോധിച്ചു

മണ്ണൊലിപ്പ് തടയുന്നതിനും, ജൈവവൈവിധ്യവും ഔഷധ സസ്യങ്ങളും നിലനിർത്തുന്നതിനും, ചെടികളും സസ്യങ്ങളും വേരോടെ നശിപ്പിക്കുന്നതും തീയിടുന്നതും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിരോധിച്ച് ഉത്തരവായി. ഇക്കാര്യങ്ങൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന തലം മുതൽ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും ഉത്തരവായി. (സ.ഉ.(ആർ.റ്റി) നം: 534/2012/തസ്വഭവ, തീയതി 22.02.2012).

## കെ. യു. ആർ. ഡി. എഫ്. സി വായ്പ തിരിച്ചടവ് : ഉത്തരവ് ഭേദഗതി ചെയ്തു

കേരളം നഗര ഗ്രാമവികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും വികസന പ്രവർത്തികൾ നടപ്പാക്കുന്നതിനായി വായ്പ എടുത്തിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സി.ഡി.എസ്സുകളുടെയും വായ്പയുടെ മുതൽ മാത്രം (Principal Amount) 2011–12 വാർഷിക പദ്ധതിയിലെ പൊതുവിഭാഗം/വികസന ഫണ്ട് ഉപയോഗിച്ച് തിരിച്ചടയ്ക്കുന്നതിന് 7.02.2012 ലെ സ.ഉ. (സാധാ) നം: 378/2012/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഈ ഉത്തരവിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സിഡിഎസ്സുകളും എന്നതിനുപകരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ(സാധാ) നം: 508/2012/തസ്വഭവ, തീയതി 18.02.2012).

## ഗ്രാമയാത്ര സംസ്ഥാനതല സമിതി വിപുലീകരിച്ചു

ഗ്രാമയാത്രയുടെ സംസ്ഥാനതല സമിതിയിൽ കെ.എൽ.ജി.എസ്.ഡി.പി. പ്രോജക്ട് ഡയറക്ടർ, കമ്മ്യൂണിക്കേഷൻ സ്പെഷ്യലിസ്റ്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി മാത്യു, സെക്രട്ടറി സൂപ്പിനരിക്കാട്ടേരി എന്നിവരെ കൂടി ഉൾപ്പെടുത്തി ഉത്തരവായി. (സ.ഉ.(സാധാ) നം : 604/2012/തസ്വഭവ, തീയതി 27/02/2012).

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsg.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by J. Sadanandan, Director of Panchayats(Additional Charge), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.







ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

# പഞ്ചായത്ത്‌രാജ്

- ലേഖനങ്ങൾ
- ഫീച്ചറുകൾ
- മാതൃകകൾ
- അവലോകനങ്ങൾ
- അനുഭവങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

## പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033